# ഹൃദയകൌമുദി

ഉള്ളൂർ.

Digitized By Kerala Sahitya Akademi

# വിഷയസൂചി


1. കൃപാലാപം
2. താര
3. അക്കരപ്പച്ച
4. അന്നുതാൻ സ്വതന്ത്രരാം
5. പെരുമാൾ മൂപ്പൻ
6. വേണ്ടല്ലോ വേറിട്ടൊന്നും
7. അന്നത്തെ രാത്രി
8. പുല്ലിന്റെ ചൊല്ല്
9. സമുദ്രോക്തി
10. ദുഃഖിക്കൊല്ല
11. നൈരാശ്യത്തിൽ നിന്നു്
12. മിഥ്യാപവാദം
13. രാമശാസ്ത്രി


Digitized By Kerala Sahitya Akademi

# ഹൃദയകൌമുദി

## ൧. കൂപാലാപം

### I

വാരി കുടത്താൽക്കിണററിൽ—നിന്നു
കോരിയെടുക്കും സഖാവേ!
അങ്ങൊന്നുനോക്കുകിൽക്കാണാം—താഴെ
മങ്ഗലമാർന്നൊരു ചിത്രം.
മാറത്തു ചേർത്തണയ്ക്കുന്നു—കൂപം
ചാരത്തു ചെല്ലും ഘടത്തെ.
കണ്ണാടിയേതോ തകർത്തു—കുംഭ-
മെന്നാർക്കും തോന്നിടാമാദ്യം.
അല്ലല്ലാച്ചില്ലെല്ലാം കൂപം—ർത്തുകം
ഫുല്ലാസ്യപ്പുഞ്ചിരിയല്ലോ.
ആതിഥ്യവ്യഗ്രമതിൻമെയ്—പേർത്തും
ജാതപുളകമായ്ക്കാണ്മൂ.
'ഘും ഘും ഘും' എന്നൊരു ശബ്ദ—മതിൽ-
പ്പൊങ്ങുന്നതങ്ങു കേൾപ്പീലേ?
എന്തെന്തെന്നുണ്ടോ ധരിച്ചൂ—ഭവാൻ?
അന്ധുവിൻ സ്വാഗതവാക്യം.
ആകാരംകൊണ്ടെന്നപോലെ—കൂപ-
മാലാപംകൊണ്ടും ഗഭീരം.

Digitized By Kerala Sahitya Akademi

നമ്മൾക്കുമാത്രമല്ലല്ലോ—ഭാഷ
ചിന്മയൻ നൽകിയിരിപ്പൂ.
ഓതുന്നു കൂപം ഘടത്തെ—പ്പാർത്തു
സാദരമിത്തരം വാക്യം.
"സ്വാഗതമങ്ങേയ്ക്കു സാധോ!—ഭവ-
ദാഗമനത്താൽ ഞാൻ ധന്യൻ.
നിശ്ചലം ധ്യാനം ഞാൻ ചെയ്‌വൂ—നിത്യം
ത്വത്സദൃശന്മാരെക്കാണ്മാൻ.
അങ്ങയെപ്പോലുള്ളോരല്ലീ—വന്നു
ഞങ്ങൾക്കു നന്മ തരേണ്ടൂ?
ഞാനെത്ര താഴ്ചയിൽപ്പെട്ടാ—ലെന്തു?
നൂനമെന്നുൾത്തടം സ്വച്ഛം.
ദാഹമില്ലേതുമെനി,ക്കെൻ—പയ-
സ്സാകവേ ലോകർക്കു ഭോഗ്യം.
ആ, ക്കെന്തി,ന്നെന്തുക,ണ്ടെപ്പോ—ളെന്നെൻ
നാക്കുകൊണ്ടില്ലൊരു ചോദ്യം.
ആളില്ലാക്കോണിലങ്ങെങ്ങാൻ—ത്തുണ്-
പാളികൊണ്ടാനനം മൂടി
യോഗിതൻവേഷം ധരിക്കു—ന്നൊരു
ഭീകരരക്ഷസ്സുപോലെ
പാന്ഥർക്കു ദുർമ്മൃതിനൽകി—പ്പരം
പാതകമാർജ്ജിച്ചിടാതെ,
താപം സമസ്തർക്കും തീർത്തെൻ—ജന്മം
സാഫല്യവത്താക്കി മേന്മേൽ
വാഴ്‌വതിന്നല്ലീ വിധിച്ചു—ദൈവം;
താഴ്മയെനിക്കെന്തീ മന്നിൽ?

Digitized By Kerala Sahitya Akademi

മാനത്തിൽ സൂരനായ്മിന്നൻ— കൊത
ന്തൂനമില്ലേതുമെന്നുള്ളിൽ;
വിശപംതപിപ്പിക്കും സമ്പ-ത്തെത്ര-
യ്യൂച്ചമെന്നാകിലും നീചം.
വൻകടലായ് ഞെളിവാനും—നാണ
മെൻകരൾ തേടുന്നു പാരം.
എന്തിന്നലരുന്ന മേന്മേൽ—സിന്ധു-
വെന്തിന്നിളകിയാടുന്നു?
ആരെയൊരുതുള്ളികുടിപ്പൂ—ശുഷ്ക-
വാരിയാട്ടുഷ്പ്രട്ട നൽകി?
ആർ സങ്കുചിതഹൃദയൻ? ആഢ്യ
നാഴി യോ പാവമാം ഞാനോ?
വേണമെന്നില്ലന്യഭാഗ്യം;—മുറവും
ഞാനായ് ഞാൻ ജീവിച്ചുകൊള്ളാം.
എന്നെയുയർത്തുമീ ദൈവം—വായിൽ
മണ്ണിടാഞ്ഞാൽമാത്രംപോരും.
എൻജനകൻ വിണ്ണിൽനിന്നും—നല്ലോ-
രെൻചെയ്യ് കണ്ടു ചിലപ്പോൾ
ഹർഷാശ്രുവീഴ്ത്തുന്നുണ്ടെന്മേൽ;—ചൊലവു്
വർഷാംബുവെന്നതു ലോകം.
എന്നുറവുണ്ടെന്നടിൽ—പ്പേർത്തു-
മെന്നെപ്പുലത്തിലസിപ്പൂ;
അന്യക്കൈശ്വര്യം തത്ത്യാഗം—നിത്യ-
മെന്നെക്കുശലിയാക്കുന്നു.

Digitized By Kerala Sahitya Akademi

ഹേ! കുംഭമേ! ഭവാനാഭ—സ്സങ്കേ-
യ്യാകുംവരയ്യും ഗ്രഹിക്കു;
പിന്നീട്ടു മേല്പോട്ടുപോക്കു;-വേഗം
തണ്ണീർ തൃഷാതുരക്കേകു.
ഈവിധം ലോകോപകാരം—വായ്ക്കും
ജീവിതമല്ലയോ സാരം?
പാശത്താൽ ബദ്ധനെന്നോർത്തോ-ഭവാൻ
ക്ലേശം വഹിപ്പൂ മനസ്സിൽ?
സ്വാച്ഛന്ദ്യമാകരത്തിങ്കൽ— പ്പണ്ടു
വാച്ചവൻ താനങ്ങു നൂനം.
നിഷ്ഫലമന്നങ്ങേജ്ജന്മം—പാത്താ-
ലിപ്പൊഴുതല്ലീകൃതാൎത്ഥം?
അന്യൎത്ഥജീവിതമാകും—സാക്ഷാൽ
സന്യാസവൃത്തി കൈക്കൊൾവോൻ
ബദ്ധനായീടിലും മുക്തൻ;—അവൻ
പൃത്ഥിയെ സ്വൎഗ്ഗമായിക്കാണ്മാൻ.
അങ്ങഗസ്ത്യൻതൻപിതാവി—ന്നുള്ള
മങ്ഗലഗോത്രത്തിൽപ്പെട്ടോൻ.
ആദ്ധുനി കാവേരിയുണ്ടായ്—പോൽത്തൽ-
സ്വാദ്ധ്യായക്കിണ്ടിയിൽനിന്നും.
ആവിധമങ്ങയിൽനിന്നും—പാരം
'ജീവന'മാന്നിടുന്നോരിൽ
ആരെങ്കിലുമൊരാൾ പാരിൽ—ക്കനി-
വാറൊഴുക്കീടുവാൻ പോരും.

Digitized By Kerala Sahitya Akademi

ചെല്ലുക മേല്പോട്ടു; ലോകം—കേൾക്കെ
ചൊല്ലുകെൻ ധൎമ്മരഹസ്യം.
വീണ്ടും സമാഗമം ബന്ധോ!—ശീഘ്രം
നാം തമ്മിലുണ്ടായ്‌വരട്ടെ!”
കുംഭത്തോടിമ്മട്ടിൽച്ചൊൽവൂ—കൃപ—
മൻപുനിറഞ്ഞിടും വാക്യം.
ആയതദൃഷ്ടിയായ്ത്തീരു—ദ്ധ്വാ—
നായതുകേട്ടെൻ സഖാവേ!

# ൨. താര

## I

ഘോരയാം മസൂരിതൻ വക്ത്രത്തിനുള്ളിൽപ്പെട്ട
താരയ്ക്കു നല്കീ കനിഞ്ഞീശ്വരൻ പുനർജ്ജന്മം.
വാശിയായ് മഹാമാരി വല്ലമട്ടിലും; പക്ഷേ
വാശിയിൽപ്പോരാടാതെയപ്പിശാചടങ്ങീല.
സ്ത്രീരത്നത്തിനെച്ചേട്ട രോമത്തിൻരന്ധ്രംതോറും
വീരപ്പൽക്കടിപ്പുരുക്കേല്പിച്ചേ വേർപെട്ടുള്ളു.
ആഗമിച്ചിട്ടും വീണ്ടുമന്നു തന്മുന്നിൽ പ്രിയൻ—
രോഗത്തിൻപകർച്ചയെപ്പേടിച്ചുമാറിപ്പാർത്തോൻ.
ശങ്കയാൽ വിറയ്ക്കുന്ന കൈകൊണ്ടു കണ്ണാടിയ-
മ്മങ്കയാളേന്തിത്തുടച്ചൊന്നു തന്മുഖം നോക്കി.
ആരുതാനാരോമലാമത്തങ്കത്തന്താരിന്മേൽ
ഭൈരവപ്പുള്ളിപ്പുലിത്തോൽ തുന്നിപ്പിടിപ്പിച്ചു?
വായ്പെഴും കരിങ്കുഴൽക്കെട്ടെങ്ങോ മറഞ്ഞുപോയ്;
ആപ്പിണിപ്പാഴ്വേനലിൽക്കൊണ്ടലിന്നുണ്ടോ ഗതി?
അങ്ങെഴും കൺരണ്ടുമപ്പാവത്തിൻ പ്രാണൻപോയ
ഭംഗിയും ചൈതന്യവും മൂടേണ്ടും നെടുങ്കുഴി.
മൂവന്തിയല്ലാംമട്ടിൽച്ചോരിവാ തുടുപ്പറ്റു
ഞാവലിൻപഴത്തൊലിക്കൊപ്പമാം നിറംതേടി.
കാളിമാവെങ്ങും പൂണ്ടു മെ,യ്യുതഗ്ഗദപ്പാമ്പിൻ
കാളിടും വിഷത്തീയിൽപ്പാതിയുംവെന്തോന്നല്ലീ?

Digitized By Kerala Sahitya Akademi

ഓരോരോ കുരുത്തഴമ്പല്പാല്പം വെളുത്തതിൽ-
ക്രൂരമാം ദുർദ്ദൈവത്തിൻ പല്ലിളിക്കൊപ്പംമീന്നി-
താരയല്പത്തയ്യലാാം;—ആണെങ്കിൽ വേറേ മേനി
താരകൻ പ്രേതത്തിന്നു താൻതീൎത്തു കാലൻനൽകി.

ഞെട്ടിപ്പോയ് തന്നിൽപ്പേടി താനാന്നുമട്ടന്നല്ലാർ,
പൊട്ടിപ്പോയവാംക്കളിൽപ്പൂക്കേണ്ടുമാശാവല്ലി.
താഴത്തു തൻകൈവിട്ടു കണ്ണാടി വീണു; പശ്ചാ-
ത്താപത്താൽമൂർച്ഛിച്ചതായ്ത്തോന്നിയക്കളിത്തോഴി. 28

II

എത്തിനാൻ സുധാകരൻ തയ്യലിൻമുന്നിൽ;പ്പേൎത്തും
സ്നിഗ്ദ്ധമുഗ്ദ്ധമാം കണ്ണാൽ വീക്ഷിച്ചാൻ തൻകാന്തയെ;
ജീവിതപ്പോരിൽജ്ജയം കൈവന്നോൻ താനെന്നോൎത്താൻ;
ദൈവത്തെക്കൂരംകൂപ്പി വാഴ്ത്തിനാൻ കൃതജ്ഞനായ്-
കണ്ടതില്ലതൊന്നുമക്കല്യാണി നൈരാശ്യത്താൽ-
ക്കുണ്ഠയായ്, ഹ്രീഭാരത്താൽ നമ്രയായ്, രോധിക്കയാൽ-
ഇററിററുവീഴന്നുണ്ടു കണ്ണുനീൎക്കണം; കണ്ണി
പൊട്ടിച്ചോൻതിൎന്നീടും ഹൃന്മുത്താണതോരോന്നും.
ദർശിച്ചാൻദയാർദ്രനായക്കാഴ്ച; തന്മങ്കയെ-
സ്പർശിച്ചാൻ; തലോടിനാൻ പാണിയാൽപ്രാണപ്രിയൻ
പീയൂഷദ്രവത്തിങ്കൽ മജ്ജനംചെയ്താൽപ്പോലെ-
യായോഷ പിറേറക്ഷണം ലബ്ധസംജ്ഞയായ്ത്തീൎന്നാൾ-

Digitized By Kerala Sahitya Akademi

ഉന്നമിപ്പിച്ചാൾമുഖം; ജീവനാഥനെക്കാൺകെ-
പ്പിന്നെയും നമിപ്പിച്ചാൾ; പൊത്തിനാൾ കരങ്ങളാൽ.
ദീർഘനിശ്വാസത്താലും ദീനാക്രന്ദനത്താലും
മേൽക്കുമേലോതീടിനാൾ സ്വാഗതം തപസ്വിനി.
തൻപതിപ്രാണയ്ക്കേഴും സങ്കടംകണ്ടത്തലാ-
ന്നമ്പരന്നോതീ കാന്തൻ; "എന്തിത്തെന്തെന്നോമനേ?
നേരേ നീ നിവന്നൊന്നുനോക്കു നിൻപ്രേയാനെ,യെൻ
താരേശാസ്യമാർച്ചൂടും ധമ്മില്ലത്താരേ! താരേ!
എന്തിനിക്കരച്ചിലെൻ പ്രേമധാമമേ? കാമ-
മെന്തിനിക്കേകാവതല്ലെൻ മനോമഹാരാജ്ഞി?
ഈവിധംകനിഞ്ഞിരുന്നെൻ തോഴിതുകൊല്ലശ്രു-
വാവെള്ളിക്കൊലുസ്സണിഞ്ഞീടേണ്ടതല്ലിപ്പൊൻകാൽ.
ഈക്കണക്കെന്നോമലാൾ വീഴ്ത്തിടും കണ്ണീർത്തുള്ളി
തീക്കട്ടക്കയായ്പ്പാഞ്ഞെന്നുൾത്തടം ദഹിപ്പിപ്പൂ.
എൻമനച്ചെമ്പൊൽത്താരിൽ മാതിനോ ദൈന്യസ്പർശ-
മെന്മനഃക്ഷേത്രത്തിലെദ്ദേവിക്കോ ബാധാവേശം?" 56

# III

ആസ്സൂക്തികേട്ടല്പമൊന്നാശ്വസിച്ചാക്രന്ദം വി-
ട്ടാസ്യംതെല്ലുയർത്തിനാൾ പിന്നെയും വരാകിയാൾ.
ആവന്നു ഭയാത്തയായപ്പുറം സമർപ്പിച്ചാൾ
ഭാവഗർഭമാംനോട്ടം ഭർത്താവിൻമുഖത്തിങ്കൽ.
ഓതിനാൾ സഗദ്ഗദം, "മൽപ്രഭോ! മൽപ്രാണേശ!
ഖേദമെന്തെന്നോ ഭവാൻ ചോദിപ്പൂ കൃപാരാശേ?

Digitized By Kerala Sahitya Akademi

ബാഹ്യമല്ലെന്നാതങ്ക, മാന്തരം; ഭവാനാല-
ത്തുഹ്യമെന്നോർത്തേൻ—ഭവൽസൌജന്യം സവോത്തരം.
താര ഞാനങ്ങേസ്സാക്ഷാൽത്താരതന്നെയോ? നോക്കു!
നാരകം തീണ്ടിപ്പോന്ന മറേറതോ പിശാചിയോ?
എന്നിലെന്നെൻവല്ലഭൻ പ്രേമദൃക്കിനാൽ നോക്കി
മുന്നം ഞാൻ കാണാത്തതാം മോഹിനീരൂപം കണ്ടു,
അന്നു ഞാൻ കൃതാർത്ഥയായ്, ഹൃഷ്ടയായ്, വിക്രാന്തയാ-,
യന്നുതൊട്ടെന്മെയ്യെനിക്കത്യന്തം മഹാർഘമായ്.
അങ്ങേയ്ക്കായമ്മെയ്യു ഞാൻ മണ്ഡനം ദിനംതോറും
തിങ്കൾക്കായ് വിയദ്വീഥിയെന്നമട്ടനുഷ്ഠിച്ചേൻ.
അങ്ങേയ്ക്കു ഞാനായ് പെട്ടെന്നിഷ്ടദേവതാമൂർത്തി;
അങ്ങെയ്ക്കെൻസല്ലാപമായശ്രാന്തമാമ്നായോക്തി;
അമ്മട്ടിൽക്കഴിച്ചു നാമാണ്ടു നാ,ലപ്പോളെന്നെ-
യിമ്മഹാരോഗാസ്യത്തിലീശൻെറ ഹസ്തം വീഴ്ത്തി.
ഭീതയായ്ത്തീർന്നില ഞാൻ മൃത്യുവിൽ സ്വാമിൻ! ഭവ-
ച്ചേതസ്സാം ഭിത്തികൾക്കുമേലെൻ ചിത്രം ലസിക്കയാൽ.
ആച്ചിത്രം മായാച്ചിത്ര,മായതൊന്നോർമ്മിച്ചു ഞാ-
നാർജിക്കാ ബ്രഹ്മാനന്ദമന്യമാം ലോകത്തിലും.
ഖാദിക്കമീരക്ഷ,സ്സെൻമെയ്നിണം പാനംചെയ്തു
വീഥിയിൽച്ചണ്ടിക്കൊപ്പം തുപ്പുമെന്നോർത്തില ഞാൻ.
ആപ്പൂവിൽപ്പുഴക്കുത്തു വീണുപോയാമൂലാഗ്ര-
മാപ്പൊൻ കാരിരുമ്പായി മാറിപ്പോയ് കാലക്കേടാൽ.
എൻപാപ്മമെന്തോതിടാം! എന്നെ വിട്ടകന്നുപോ-
യെൻപ്രാണാധികസ്വത്തം സൌഭാഗ്യമെന്നക്കേം.

Digitized By Kerala Sahitya Akademi

ആവതും ജഗൽപ്രാണനങ്ഗരാഗമായ്ത്തീർന്ന
പാവകൻ വെണ്ണീറാക്കും പാദപം ചിരിക്കുന്നു;
ഇങ്ഗാലം ത്രിശങ്കുവിൽ ചണ്ഡാലവേഷത്തിങ്ക-
ലിങ്ങാർക്കുമാർക്കുംവേ,ണ്ടമ്മട്ടിൽക്കിടക്കുന്നു.

ഒന്നൊന്നെ നോക്കൂ വീണ്ടുമോമനക്കണ്ണാൽ; എന്നിൽ
വന്നതാം മാററത്താൽ ഞാനന്യയായ്പ്പോയ്പ്പോയീലേ?

ആയിരംതുറിച്ചകണ്ണാർന്നുള്ളോരെൻ ബീഭത്സ-
കായത്തെക്കണ്ടെൻ പ്രിയൻ സത്യത്തിൽപ്പേടിപ്പീലേ?
ഈ വിരൂപിണിപ്പെണ്ണിൻ മെയ്ക്കൂറപ്പങ്ങേബ്ഭാവി-
ജീവിതം ഘോരാന്ധകാരാക്രാന്തമാക്കുന്നീലേ?

കാണ്മീലെന്നിരിക്കുമങ്ങീവികാരമി,ന്നെന്നാൽ-
ക്കാലത്താൽ മാറിപ്പോകുമങ്ങേയ്ക്കും കാരുണ്യാന്ധ്യം.

വയ്യെനിക്കോതാൻ നാഥ!—മേലിൽ ഞാനങ്ങേയ്ക്കുള്ള
ശയ്യയും—നികേതവും—ചേതസ്സും—വിടേണ്ടവൾ!
അത്രയ്ക്കു പാതാളത്തിൽ വീണ ഞാനവാക്‌ശിര-
സ്സദ്ദിവ്യസ്ഥാനങ്ങൾമേലാശിപ്പാനനർഹതാൻ.
ഉല്ലസിപ്പതുണ്ടങ്ങോ ദൈവാനുഗ്രഹംവാച്ചെൻ
വല്ലഭനൊക്കുന്നോരു വാരൊളിപ്പൂമേനിയാൾ.
ഞാനസൂയാവിഷ്ടയല്ലാ സ്ത്രീതൻ ഭാഗ്യത്തിങ്ക-
ലാനന്ദം തന്സേവയാലാർജിപ്പാൻകൊതിപ്പവൾ.
ആയതിൻസാധ്യാസാധ്യചിന്തയാലാണീയാടൽ:—
ആയിരക്കോടിക്കണെക്കങ്ങേയ്ക്കെൻ നമസ്കാരം." 108

Digitized By Kerala Sahitya Akademi

# കുശലവോപാഖ്യാനം.

## കിളിപ്പാട്ട്.

---

ഹരിഃ ശ്രീഗണപതയെനമഃ
അവിഘ്നമസ്തു.

രാമനാമത്തെപ്പാടിവന്നൊരുകിളിപ്പെണ്ണെ
സാമോദമരികത്തുവന്നിരുന്നാലുംബാലേ
രാമലീലാമൃതങ്ങൾകേൾപ്പതിനഭിലാഷം
കോമളശീലേഞങ്ങൾക്കേററവുംവളരുന്നു.
കാമിനീജനങ്ങൾക്കുഭത്തൃസൌഖ്യവുംമററു
കാമങ്ങൾസാധിപ്പാനുംമോക്ഷത്തെലഭിപ്പാനും
രാമലീലകൾകേൾക്കുമ്പോലെമററില്ലഎന്നു
മാമുനിമാരുംമററുള്ളവരുംചൊല്ലിക്കേൾപ്പൂ
ആദിരാമായണംനീചൊന്നതുകേൾക്കമൂലം
ഖേദവുമകന്നുള്ളിലാനന്ദംവന്നുതുലോം
ഉത്തരരാമായണമാകിയകഥയിനി
വിസ്തരിച്ചുരചെയ്യവേണംനീമടിയാതെ
എന്നതിൽകുശലവോപാഖ്യാനമായകഥ
നന്ദിച്ചുമുമ്പിൽപറയേണംനീകിളിപ്പെണ്ണെ
സൽക്കഥപറകിലുംകേൾക്കിലുംദുരിതങ്ങ-
ളൊക്കവേനശിച്ചുപോമെന്നല്ലോശാസ്ത്രങ്ങളും

Digitized By Kerala Sahitya Akademi

വാരിജവിലോചനമാരുടെവാക്കുകേട്ടു
പാരമാനന്ദംപൂണ്ടുശാരികചൊല്ലീടിനാൾ
സുന്ദരിമാരേനിങ്ങൾക്കിന്നിതിലഭിലാഷം
വന്നതുദൈവഗതിഎന്നതേപറയാവൂ
മല്ലലോചനൻരഘുനായകൻജനകജാ
വല്ലഭനായരാമചന്ദ്രന്റെകഥകളിൽ
നല്ലൊരുകാംക്ഷനിങ്ങൾക്കുണ്ടായിവന്നമൂലം
നല്ലതുവരുവാനുംകാലവുംവന്നുകൂടി
നാന്മുഖനിയോഗത്താൽനാരദനരുളാലെ
വാല്മീകിമഹാമുനിചമച്ചകഥകളെ
മാമുനിശ്ശൗനകനരുൾചെയ്തുകേട്ടതുപോലെ
കാമിനിമാരെപറഞ്ഞീടുവൻകേട്ടുകൊൾവിൻ
രാവണവധംചെയ്തുരാഘവൻതിരുവടി
ദേവിയുമൊരുമിച്ചുസാകേതമകംപുക്കു
രാജ്യാഭിഷേകംചെയ്തുസർവ്വലോകങ്ങളാലും
പൂജ്യനായ്പ്രജകളെപാലിച്ചുവാഴുംകാലം
വ്യാധിയുംദാരിദ്ര്യവുംവ്യാജവുമധർമ്മവും
ആധിയുംബാലമൃത്യുരോഗാദിദോഷങ്ങളും
ശത്രുചോരാദിഭീതിദുർഭിക്ഷംദുർമ്മരണ
മിത്ര്യാദിദോഷങ്ങളുമക്കാലമില്ലപാർത്താൽ
പുത്രപൌത്രാദികളുമൊരുമിച്ചെല്ലാവരും
ചിത്തസന്തോഷത്തോടുമുത്തമധനത്തോടും
ദേവതാദ്വിജപിതൃപൂജയുംചെയ്തുനിത്യം
കേവലംസുഖത്തോടുംവാണിതങ്ങെല്ലാവരും

Digitized By Kerala Sahitya Akademi

ജാനകീദേവിക്കന്നുഗർഭവുമുണ്ടായ്വന്നു
മാനവേശ്വരൻതാനുമേററവുംസന്തോഷിച്ചാൻ
ജാനകിയുടെഗർഭംവർദ്ധിച്ചുവരുന്തോറു
മാനന്ദംപ്രജകൾക്കുംവർദ്ധിച്ചുദിനന്തോറും
മാമുനിമാരെക്കൊണ്ടുഗർഭരക്ഷാർത്ഥങ്ങളാം
ഹോമങ്ങൾജപങ്ങളുംദാനങ്ങൾബഹുവിധം
വിപ്രഭോജനങ്ങളുംദേവതാബലികളും
ഉല്പലാക്ഷിമാൎക്കുന്നവസ്ത്രാദിദാനങ്ങളും
ബാലകന്മാൎക്കപൂപനവനീതാദികളും
ചാലവെ ചുവന്നുള്ളപട്ടുകൾവളകളും
ഇത്തരംപലവിധംമററുള്ളജനങ്ങൾക്കു
മുത്തമനായരഘുനായകൻനൽകീടിനാൻ
അക്കാലമൊരുദിനംസീതയുമൊരുമിച്ചു
പുക്കിതുകളിപ്പാനായ്കാനനംരഘുവരൻ
അൎക്കരശ്മികൾപോലുംതട്ടാതവനമതി
ലുൾക്കാമ്പുതെളിഞ്ഞവർസഞ്ചരിച്ചീടുന്നേരം
പുഷ്പിതദ്രുമലതാജാലങ്ങൾകണ്ടുരാമ
നുല്പലനേത്രയാകുംസീതയോടരുൾചെയ്തു
എന്നാല്ലവസന്തമാംകാലമെന്നറികനീ
സുന്ദരീമമഹൃദിസന്തോഷംവളരുന്നു.
കുന്ദമന്ദാരജാതിമല്ലികാലതകളും
സിന്ദുവാരവുംമററുമുള്ളൊരുലതകളും
ചെമ്പകാശോകനാഗപുന്നാഗബകുളവു
മിമ്പമേറീടുംപ്ലാശാദിയാംദ്രുമങ്ങളും

Digitized By Kerala Sahitya Akademi

പൂത്തങ്ങുതളിൎത്തുനില്ക്കുന്നതുകണ്ടാലുംനീ
മൂത്തുടൻപഴുത്തുനിന്നിടുന്നഫലങ്ങളും
നല്ലൊരുചൂതങ്ങളിൽപല്ലവയുതങ്ങളാം
വല്ലരികളെകാൺകവേഷ്ടിച്ചുനില്ക്കുന്നതും
മല്ലലോചനമാരുംവല്ലഭന്മാരെച്ചെന്നു
മെല്ലവെപുണൎന്നനുരാഗേനനില്ക്കുമ്പോലെ
ചൂതമഞ്ജരികളിൽകോകിലതരുണിമാർ
പ്രീതികൈക്കൊണ്ടുഗാനംചെയ്തുടൻവാണീടുന്നു
പൂങ്കുരൽതോറുംമധുലുബ്ദ്ധന്മാരായഭൃംഗ
പംക്തികൾഗാനംചെയ്തുപാറുന്നുനടക്കുന്നു
പത്രികൾമൃഗങ്ങളുംദന്തികൾസിംഹങ്ങളും
മത്തരായ്കാന്തമാരോടൊന്നിച്ചുരമിക്കുന്നു
ഇത്തരമോരോതരമത്ഭുതംകണ്ടുമമ
ചിത്തസന്തോഷമേററംവളൎന്നീടുന്നുബാലെ
ചൊല്ലേറുംവസന്തത്തിൻവൈഭവംചൊല്ലീടുവാൻ
മല്ലലോചനേഫണിരാജനുമെളുതല്ല
ഇത്തരമോരോന്നുരചെയ്തവരിരുവരും
ചിത്തമോദേനമാറുമത്ഭുതങ്ങളുംകണ്ടു
മന്ദമായ്വനാന്തരേസഞ്ചരിച്ചീടുംനേരം
സുന്ദരാംഗിക്കുചെറുതാലസ്യമുണ്ടായ്വന്നു
കല്യാണശീലനാകുംരാഘവനതുകണ്ടു
നല്ലൊരുശിലാതലെപല്ലവമൊടിച്ചിട്ടു
മെല്ലവെഇരുന്നുടൻതന്നുടെമടിതന്നിൽ
കല്യാണഗാത്രിതന്നെമെല്ലവെകിടത്തിനാൻ

Digitized By Kerala Sahitya Akademi

സ്വേദലേശങ്ങളാലെശോഭിതമായമുഖ
മാദരവോടുനോക്കിരാമനരുൾചെയ്തു
സുന്ദരികുലമണിമൌലിമാലികേബാലേ
ചന്ദ്രബിംബാഭിരാമവദനേമനോരമേ
പാരിതിലുള്ളനാരിമൌലിമാരടിക്കുപ്പും
വാരിജവിലോചനേവല്ലഭേജനകജേ
നിന്നുടെവല്ലഭനായ്വന്നതുമൂലംഞാനും
ധന്യനായ്വന്നുജന്മസാഫല്യമതുംവന്നു
പാരിതിൽനിനക്കൊത്തനായികമൌലിയെയൊരു
പുരുഷനുണ്ടോലഭിച്ചീടുന്നുമനോഹരേ
ആകയാൽഭാഗ്യമിത്രയുള്ളൊരുപുരുഷന്മാർ
ലോകത്തിലെന്നെപ്പോലെയാരുമില്ലെന്നുവന്നു
ചന്ദ്രബിംബാഭിരാമമാകിയവദനവും
മന്ദഹാസവുംമനമലിയുംകടാക്ഷവും
സാരസ്യസൗജന്യാദിഗുണവുംവൈദഗ്ദ്ധ്യവും
ആരോമൽതയ്യലാളെകണ്ടുകണ്ടനുദിനം
ആനന്ദമതുമനുരാഗവുംവാത്സല്യവും
മാനസേവളരുന്നതെന്തുചൊൽവതുഞാനും
ഐഹികസുഖമിന്നുദേഹികൾക്കോർക്കുകണ്ടാൽ
മോഹനശീലേനല്ലകാന്തമാരെന്നുകേൾപ്പൂ
ആകയാലിഹലോകസൌഖ്യമിന്നെന്നെപ്പോലെ
ലോകത്തിലൊരുപുമാനാരുള്ളൂലഭിപ്പതും
ഇന്നുമമമനോരഥമെല്ലാമെവന്നുകൂടി
സുന്ദരിനിനക്കഭിലാഷമെന്തൊന്നുബാലേ

Digitized By Kerala Sahitya Akademi

മാനിനിമാൎക്കുഗൎഭമുണ്ടാകിലോരോതരം
മാനസെവാഞ്ഛിതങ്ങളുണ്ടാകുമെന്നുകേൾപ്പു
ആകയാൽനിനക്കഭിലാഷമെന്തൊന്നു ചൊന്നാ-
ലാകുലംകൂടാതെഞാൻകൈവരുത്തുവൻനാഥേ
ദുൎല്ലഭമെന്നാകിലുംനിന്നുടെമനോരഥം
വല്ലജ്ജാതിയുംവരുത്തീടുവൻവൈകീടാതെ
സുഭ്രുവാംനിനക്കുഗൎഭമുണ്ടാകമൂലം
അഭ്യുദയവുംമമവന്നിതുമേൽക്കുമേലിൽ
മാനിനിതവഗൎഭചിഹ്നങ്ങൾകണ്ടുഞാനും
മാനസേനിശ്ചയിച്ചേൻപുത്രനുണ്ടാകുമെന്നു്
ഐഹികപാരത്രികസൌഖ്യങ്ങൾസാധിപ്പാനും
ദേഹികൾക്കെല്ലാംപുത്രന്മാരെന്നുശാസ്ത്രങ്ങളും
എന്നുടെവംശമിപ്പോളുദ്ധരിച്ചീടുന്നതും
സുന്ദരീനിയ്യെന്നതുവന്നിതുമനോഹരെ
പ്രാണനായതുംമമസൌഖ്യമായതുംനിയ്യെ
പ്രാണനായികേമമസൎവ്വവുംനീയെനാഥേ
ഞാനുമിന്നെനിക്കുള്ളതൊക്കയുംനിൻെറഎല്ലോ
മാനിനിമൌലെചൊന്നതൊക്കയുംസത്യമേത്രെ
രാമവാക്യാമൃതങ്ങൾകേട്ടുവൈദേഹിതാനും
കോൾമയിർക്കൊണ്ടുമുഖപത്മവുംതാഴ്ത്തിമന്ദം
പ്രേമവുംസന്തോഷവുംലജ്ജയുംവളൎന്നുള്ളിൽ
കോമളഗാത്രിതാനുംരാമനോടുരചെയ്താൾ
ഇത്തരമരുളിച്ചെയ്തീടുകിലിതിന്നുഞാ
നുത്തരമുരചെയ്യാനാളല്ലെന്നറിഞ്ഞാലും

Digitized By Kerala Sahitya Akademi

ചിത്തജസമനിൻെറവാക്കുകഠംകേഠംക്കുന്തോറും
ചിത്തസന്തോഷമിനിക്കുന്തൊന്നുപറവതും
യോഗ്യനാകിയഭവാൻഭത്താവായതുമൂലം
ഭാഗ്യവുമെന്നെപ്പോലെനാരിമാക്കാക്കുള്ളതും
ലോകനായകനിൻെറകാന്തയാമെനിക്കിപ്പോ
ളാകുലമെന്തുള്ളതുകാമങ്ങഠംസാധിപ്പാനും
ചന്ദ്രബിംബാഭിരാമനിന്നുടെമുഖാംബുജം
സുന്ദരാകൃതെനിത്യംകണ്ടുകണ്ടിരിക്കുമ്പോഠം
കാമിതമിനിക്കുമററെന്തുസാധിപ്പാനുള്ള
കോമളാകൃതെമമഭത്താവെദയാനിധേ
നാരിമാക്കഭിലാഷമൊക്കയുംവരികില്ല
മോരോന്നുമനക്കാമ്പിൽപ്പിന്നെയുംതോന്നുമല്ലോ
എന്നതുകൊണ്ടുഞാനുമൊന്നുരചെയ്തീടുന്നേൻ
മന്നവശിഖാമണേകേട്ടാലുമതുഭവാൻ
പണ്ടുനാംവനംതന്നിൽസഞ്ചരിച്ചീടുംകാലം
കണ്ടതില്ലയോമുനിപത്നിമാരെയുംഭവാൻ
നമ്മിലെവാത്സല്യവുമേററമുണ്ടവക്കോത്താൽ
നന്മകഠംവരുത്തിയതൊക്കയുമവർതന്നെ
ചെന്നവർതന്നെവന്ദിച്ചാശീവ്വാദവുംവാങ്ങി
വന്നീടവേണമെന്നുമോഹമുണ്ടെനിക്കേററം
മാനവവീരഭവാൻകൂടവെപോന്നീടേണം
മാനസേമററുമോഹമില്ലിനിക്കേതുംനാഥ
സുന്ദരിയുടെവാക്യമിത്തരംകേട്ടുരാമൻ
മന്ദഹാസവുംചെയ്തുമന്ദമായരുഠംചെയ്തു

Digitized By Kerala Sahitya Akademi

ഇന്നിതുസാധിപ്പതിനെന്തൊരുർദ്ധമിപ്പോറം
മുന്നമേനിനച്ചിരുന്നീടിനേനിതുഞാനും
ഞാനുമിന്നൊരുമിച്ചുപോരണമെന്നുള്ളതു
മാനിനിമൌലേവിശേഷിച്ചുനീചൊല്ലേണമോ
നിന്നോടുപിരിഞ്ഞൊരുനാഴികനേരംപോലും
തന്വംഗിമൌലേവസിച്ചീടുമോരാമഭദ്രൻ
സീതയെവേർപിരിഞ്ഞൊരാമനെപ്പോലെയെന്നു
കാതരവിലോചനെജനങ്ങറംചൊല്ലുന്നില്ലേ
ഇത്തരമരുറംചെയ്തുലക്ഷ്മണൻതന്നെ വിളി
ച്ചുത്തമപുരുഷനുംസത്വരമരുറംചെയ്താൻ
നമ്മുടെരഥമതുവൈകാതെവരുത്തുക
നന്മയിലലങ്കരിച്ചായുധജാലത്തോടും
മന്ദമായിളകാതെഗമിക്കുമശ്വങ്ങളെ
നന്നായിച്ചേർത്തുകൊണ്ടുവരികാകുമാരാനീ
അങ്ങിനെതന്നെയെന്നുനടന്നുസൌമിത്രിയു
മംഗനാമണിതാനുമേററവുംസന്തോഷിച്ചാറം
ഭർത്താവിൻമടിതന്നിൽസൌഖ്യമായ്കിടക്കയാൽ
ചിത്തസന്തോഷമെന്തുചൊൽവതുവൈദേഹിക്കും
ഇഷ്ടനായ്വിശിഷ്ടനായ്വീരനായ്മനോജ്ഞനായ്
പുഷ്ടാനുരാഗമുള്ളതന്നുടെപതിതന്റെ
അങ്കത്തിൽസ്വൈരമായിക്കിടക്കുന്നതിനേക്കാറ
മങ്കമാർക്കെന്തുസൌഖ്യമുള്ളതുനിരൂപിച്ചാൽ
സഞ്ചാരഖേദംകൊണ്ടുംദൌഹൃദാലസ്യംകൊണ്ടും
ചഞ്ചലാക്ഷിയുംസുഖനിദ്രയുംതുടങ്ങിനാറം

Digitized By Kerala Sahitya Akademi

മന്ദമായ് ചികുരവുംവേർപെടുത്തവൾമുഖ
ചന്ദ്രനെസ്സാനുരാഗംപാർത്തുപാർത്താനന്ദിച്ചും
മക്ഷികാമശകാദിവാരണംചെയ്തശത്രു
പക്ഷപാവകനായരാഘവൻവാഴുന്നേരം
ഘോരമാംനിമിത്തങ്ങൾകാൺകയാൽരഘുവരൻ
പാരമായ്‌വിഷാദിച്ചുചിന്തിച്ചാൻപലതരം
എന്തഹോനിമിത്തങ്ങളിത്തരംകാണായ്‌വന്ന
തെന്തൊരാപത്തുമമദൈവമേവരുന്നതും
തന്നുടെകാന്തമാരെപിരിഞ്ഞുമൃഗങ്ങളും
ഖിന്നതപൂണ്ടുപക്ഷിവൃന്ദവുംനടക്കുന്നു
മുന്നമെന്നതുഃപോലെസീതയെപിരിഞ്ഞുഞാൻ
ഖിന്നതയോടുംവസിച്ചീടുവാൻകാലംവന്നു
അന്നുകണ്ടതുപോലെഘോരമാംനിമിത്തങ്ങ
ളിന്നുംകാണുന്നതുണ്ടുകഷ്ടമെത്രയുമോർത്താൽ
നന്മകൾവരികയില്ലെന്നുനിർണ്ണയംമമ
കർമ്മമെന്നതേപറഞ്ഞീടുവാനുള്ളുപാർത്താൽ
ഇത്തരംപലവിധംചിന്തിച്ചുരഘുവരൻ
ചിത്തസന്താപത്തോടുംവാഴുന്നകാലത്തിങ്കൽ
ലോകവാർത്തകളറിഞ്ഞീടുവാനയച്ചതിൽ
ആകുലത്തോടുമൊരു ചാരനുംതത്ര ചെന്നാൻ
വന്ദിച്ചുരാമന്തന്നെകണ്ണുനിർവാർത്തുവാർത്തു
നിന്നീടുന്നതുകണ്ടുരാമനുംചോദ്യംചെയ്താൻ
എന്തുനീദുഃഖിപ്പതിൻകാരണംപറഞ്ഞാലും
എന്തെന്നാകിലുംതീർത്തുകൊള്ളുവനിന്നുതന്നെ



Digitized By Kerala Sahitya Akademi

എന്തൊരുവൃത്താന്തങ്ങളുള്ളതുവിശേഷിച്ചു
ചിന്തയുംവെടിഞ്ഞതുചൊല്ലുകമടിയാതെ
ഇത്തരംരാമവാക്യംകേട്ടൊരുചാരന്താനും
ചിത്തസന്താപത്തോടുമിത്തരമുരചെയ്താൻ
സൂര്യവംശാമൃതാബ്ധിശീതാംശോജയജയ
ശൌര്യവാരിധേജയരാഘവജയജയ
ലോകനായകജയസീതാവല്ലഭജയ
ശോകനാശനരാവണാന്തകജയജയ
ആത്തരക്ഷണത്തിന്നുപാത്രമാകിയഭവാ
നാത്തികൾതീൎത്തുപരിപാലിച്ചുകൊള്ളേണമേ
പാൎത്തിലുള്ളവൃത്തമോരോന്നേയറിവാനായ്
ഓരോരോദിശിഞ്ഞുഢംസഞ്ചരിച്ചിതുഞാനും
ഇന്നലേരാത്രിതന്നിൽചെന്നിതങ്ങൊരുദിക്കിൽ
മന്നവതത്രത്യമാംവൃത്താന്തംകേൾക്കഭവാൻ
ഉണ്ടൊരുരജകന്താനുണ്ടവനൊരുനാരീ
തണ്ടാർമാനിനിപോലെകണ്ടാൽനല്ലവളത്രെ
തങ്ങളിൽകലഹിച്ചുമറെറാരുഗൃഹംതന്നിൽ
മംഗലഗാത്രിതാനുംചോറുചേന്നിരുന്നുപോൽ
അസ്തമിച്ചോരുനേരംഭൎത്താവിൻഭവനത്തിൽ
മത്തകാശിനിമൌലിയാമവൾചെന്നീടിനാൾ
ദുഷ്ടനാംരജകനുമന്നേരമവളോടു
ഷ്ടേിയുമുരുട്ടിക്കൊണ്ടുച്ചത്തിലുരചെയ്താൻ
ദുഷ്ടയാകിയനീയ്യിന്നെന്തിനുവന്തുവൃഥാ
ശിഷ്ടനാമിനിക്കിനിക്കാണരുതെല്ലോനിന്നെ

Digitized By Kerala Sahitya Akademi

ശുദ്ധമാംമമവംശേദുഷ്കീൎത്തിയുണ്ടാക്കിയ
ദുൎഗ്ഗേപുറത്തങ്ങുപോകനിവൈകീടാതെ
ജാരസംഗമംചെയ്യനാരിയെക്കാണുന്നവർ
ഘോരമാംനരകത്തിൽവീണിടുമെന്നുകേൾപ്പൂ
ആകയാൽനിന്നെയിന്നു കണ്ടതിൻ പ്രായശ്ചിത്തം
വേഗേനചെയ്തശുദ്ധിവരുത്തീടുവൻഞാനും
ഭൎത്താവിൻവചനങ്ങളിങ്ങിനെകേട്ടനേരം
ചിത്തസന്താപത്തോടുമുത്തരമുരചെയ്താൾ
എന്തയ്യോകാന്തഭവാനിങ്ങിനേചൊല്ലുന്നതു
സന്താപംമമഹൃദിസന്തതംവെളരുന്നു
ഇത്തരമുള്ളദുരാചാരങ്ങളൊരുനാളും
ചിത്തത്തിൽപോലുംനിനച്ചീലഞാനറിഞ്ഞാലും
പാരതിലുള്ളവെശ്യാതരുണിമാരെപ്പോലെ
ജാരസംഗമമിനിക്കില്ലെന്നുധരിച്ചാലും
നിന്നെയല്ലാതെയൊരുപുരുഷന്മാരെയൊന്നു
മെന്നുമേതൊട്ടതില്ല ചിന്തചെയ്കതുമില്ലാ
ജീവനായകഭവാൻകൈവെടിഞ്ഞീടുന്നാകിൽ
ജീവനേകളവൻഞാനില്ലസംശയമേതും
ദോഷലേശങ്ങളിനിക്കേതുമില്ലായ്കകൊണ്ടും
യൊഷമാർകുലമണിമൗലിഞാനാകകൊണ്ടും
ദോഷന്മാരുടെവാക്കചിത്തത്തിലേറീടാതെ
ശേഷമുള്ളൊരുരാത്രിസുഖിച്ചുവസിക്കനാം
ഇത്തരമവളുടെവാക്കുകൾകേട്ടനേരം
മുത്തരംരജകനുംക്രുദ്ധനായുരചെയ്താൻ

Digitized By Kerala Sahitya Akademi

നന്നുനന്നിതുതവവാക്യങ്ങൾദുരാചാരെ
നന്നുനീയെന്നുള്ളതുഞാനറിഞ്ഞിരിക്കുന്നു
ശുദ്ധയായോരുതവദോഷമിന്നുണ്ടാകയാൽ
മുഗ്ദ്ധാംഗിയെന്നാകിലുമാഗ്രഹമെനിക്കില്ല.
സാരമേയോച്ഛിഷ്ടാംശമുള്ളൊരുപുരോഡാശ
മാരിന്നുപരിഗ്രഹിച്ചീടുമാറുള്ളൂമൂഢേ
കാമിനിമാരിൽപാപചാരിണിയായനിന്നെ
പ്രേമവുമെനിക്കില്ലപോകനീമറയത്തു
ദോഷത്തെമറച്ചുതത്ഭാർയ്യയെസ്വീകരിപ്പാൻ
ഭോഷനെപ്പോലെചെയ്യുംരാമനല്ലല്ലോഞാനും
ഇത്തരമവൻവാക്കുകേട്ടുഞാൻകർണ്ണങ്ങളും
സത്വരംപൊത്തിക്കൊണ്ടുപോന്നിതുനരപതേ
ചിത്തസന്താപത്തോടുമിവിടെവന്നീടിനേൻ
വൃത്താന്തമതിൽപരമൊന്നുമേയറിഞ്ഞീല
ഇത്തരംചാരവാക്യംകേട്ടൊരുരാഘവനു
ചിത്തസന്താപമെന്തുചൊൽവതുശിവശിവ
ഖേദമുണ്ടായതെല്ലാംധൈർയ്യത്താൽമറച്ചതി
വേദനയോടുംരഘുനായകനപ്പോൾതന്നെ
തന്നുടെമടിതന്നിൽകിടക്കുംവൈദേഹിയെ
മന്ദമായുണരാതെകൈകൾകൊണ്ടെടുത്തുടൻ
മെല്ലവേശിലതന്മേൽകിടത്തിദ്ദുഃഖത്തോടു
മെല്ലാമേദൈവഗതിയെന്നുറച്ചെഴുന്നേറ്റു
വനദേവതമാരെകാത്തുകൊള്ളുവിൻനിങ്ങൾ
ജനകസുതയാകുമെന്നുടെപത്നിതന്നെ

Digitized By Kerala Sahitya Akademi

എന്നരുൾചെയ്തുപുറപ്പെട്ടിതുരഘുവരൻ
തനാപംഗിതന്നെമറവോളവുംനോക്കിനോക്കി
ചന്ദ്രികാവേർപെട്ടോരു ചന്ദ്രനെപ്പോലെരാമ
ചന്ദ്രനുമയോദ്ധ്യയിൽ ചെന്നകംപുക്കീടിനാൻ
തന്നുടെമണിഗൃഹംതന്നിലങ്ങകംപുക്ക
ഖിന്നനായ്പലവിധം ചിന്തിച്ചുതുടങ്ങിനാൻ
കഷ്ടമെത്രയുംമമദുഷ്കർമ്മമോർത്തുകണ്ടാൽ
ദുഷ്ടതയെന്നോളമില്ലാർക്കുമിന്നെന്നുവന്നു
യജ്ഞഭൂമിയിൽനിന്നുജനിച്ചുവിശുദ്ധയായ്
വിജ്ഞാനാദികളായസൽഗുണനിധിയായി
മാനിനീകുലമൌലിയാകിയജാനകിയേ
ദീനമെന്നിയേപാണിഗ്രഹണംചെയ്തശേഷം
തന്നുടെപാതിവ്രത്യനിഷ്ഠകൾകൊണ്ടുമവ
ളെന്നിലെപ്രേമംകൊണ്ടുംകാനനേപോന്നീടിനാൾ
പാദസഞ്ചാരംകൊണ്ടുംക്ഷുൽപിപാസാദികൊണ്ടും
വേദനയുണ്ടായതുമൊക്കവേസഹിച്ചവൾ
ചേതസിമോദത്തോടുമൊന്നിച്ചുപോരുന്നേരം
യാതുധാനാദികളെകണ്ടതിഭയപ്പെട്ടും
ഇത്തരമവൾക്കോരോദുഃഖങ്ങൾവരുവാനു
മെത്രയുംദുഷ്ടനായഞാനല്ലോനിമിത്തവും
വാരിജമിഴിതന്റെലീലകൾകൊണ്ടുമെന്നിൽ
പാരമാംപ്രേമംകൊണ്ടുംശുശ്രൂഷാദികൾകൊണ്ടും
കാനനവാസംകൊണ്ടുദുഃഖമുണ്ടായതെല്ലാം
മാനസേമറപ്പിച്ചുസൌഖ്യവുംവരുത്തിനാൾ

Digitized By Kerala Sahitya Akademi

പിന്നെയുംമൂഢനാകുമെന്നുടേദോഷംകൊണ്ടും
തന്വംഗിതന്നെക്കൊണ്ടുപോയിതുരാവണനും
ദുഃഖങ്ങളവൾക്കതിൽപിന്നെയുണ്ടായതെല്ലാ
മോക്കുമ്പോളിന്നുംമമമാനസമുഴകുന്നു
രാവണവധംചെയ്തുപിന്നെയുംദുഷ്ടനാംഞാൻ
പാവകൻതന്നിൽചാടീടേണമെന്നുരചെയ്തു
നിശ്ശങ്കംപ്രവേശിച്ചുശുദ്ധയായ്വന്നവളും
ദുശ്ശങ്കതീർത്തീടിനാളേവക്കാവഴിപോലെ
ഭർത്താവുമൂലമിത്രദുഃഖങ്ങളനുഭവി
ച്ചിത്രിലോകത്തിലോർത്താൽനാരിമാരാരുള്ളതും
ഇന്നിവൾക്കോർത്തുകണ്ടാൽപൂർണ്ണമായിതുഗർഭം
സുന്ദരിക്കാലസ്യവുമേറുന്നുദിനന്തോറും
നന്ദിച്ചുവനമതിലൊന്നിച്ചുവാഴുന്നേരം
നന്നുഞാൻചതിച്ചങ്ങുപോന്നതുമെന്നേവേണ്ടു
വിശ്വാസവഞ്ചനത്തിന്നുള്ളോരുപാപംപോലെ
വിശ്വത്തിലോരുപാപമില്ലെന്നുസിദ്ധമല്ലോ.
പ്രായശ്ചിത്തവുമുണ്ടുമററുള്ളപാപങ്ങൾക്കു
പ്രായശ്ചിത്തവുമിതിന്നില്ലഎന്നല്ലോശാസ്ത്രം
ഇത്തരമുള്ളമഹാപാതകമിനിക്കിപ്പോൾ
എത്തിയതോർത്തുകണ്ടാൽദൈവകല്പിതമല്ലോ
പണ്ടുപാവകന്തന്നിൽപതിച്ചുവിശുദ്ധയായ്
വണ്ടാർപൂങ്കുഴലാളെക്കണ്ടോരുനേരംതന്നെ
ദേവകൾമുനികളുംസിദ്ധഗന്ധർവ്വന്മാരും
ദേവദേവേശനായപത്മസംഭവന്താനും

Digitized By Kerala Sahitya Akademi

പ്രത്യക്ഷന്മാരായ്വന്നിട്ടേവരുംകേൾക്കമോദ
ചിത്തമോദേനപത്മയോനിയുമരുൾചെയ്തു
ദോഷലേശങ്ങളേതുമില്ലിവൾക്കറിഞ്ഞാലും
ദ്വേഷവുമുണ്ടാകേണ്ടകൈക്കൊൾകമടിയാതെ
എന്നരുൾചെയ്തനേരംദേവകൾമുനികളും
നന്ദിച്ചദോഷമേതുമില്ലെന്നുതന്നെചൊന്നാർ
എന്നിരിക്കുന്നവൾക്കുദൂഷണമുണ്ടെന്നരു
മിന്നരചെയ്യുന്നവർദുഷ്ടരെന്നതേവരു
എങ്കിലുമപവാദംകേൾക്കുമ്പോളിനിക്കേററം
സങ്കടമത്രമുണ്ടുമാനഹാനിയുമുണ്ടാം
ദോഷന്മാരെന്നാകിലുംദ്വേഷംകൊണ്ടെന്നാകിലും
ദൂഷണംചൊന്നാലതുഭൂഷണമല്ലയല്ലോ
മുന്നമീവംശത്തിങ്കലില്ലൊരുകളങ്കങ്ങ
ളിന്നിതുമൂലമുണ്ടായ്വന്നീടമതുമൂലം
മാനിനികുലമൗലിയാകിയവൈദേഹിയേ
കാനനന്തന്നിൽകളഞ്ഞീടുകെന്നതേവരു
ഞാനൊരുപുമാന്മാത്രംദുഃഖിച്ചാലതുകൊണ്ടു
മാനഹാനിയുമപവാദവുംതീരുമെല്ലോ
ധർമ്മപത്നിയേച്ചൊല്ലിനിത്യവുംദുഃഖിപ്പാനെൻ
കർമ്മമെന്നാകിലതുദൈവകല്പിതമല്ലോ
മാനിയാംതാതൻപുത്രശോകത്താൽമരിച്ചിതു
ഞാനിന്നുഭാര്യാവിയോഗംകൊണ്ടുമെന്നുവന്നു
സൽകർമ്മഫലമിനിക്കുണ്ടെന്നുവരുന്നാകിൽ
ദുഷ്കർമ്മങ്ങളുംനീങ്ങിസ്സൗഖ്യവുംവരുംമേലിൽ

Digitized By Kerala Sahitya Akademi

ഇത്തരം ചിന്തിച്ചുറച്ചുത്തമൻ രാഘവര
നത്തലുംമറച്ചഥലക്ഷ്മണനോടുചൊന്നാൻ
ശൌര്യ്യവാരിധേസുമിത്രാത്മജമഹാമതേ
കാര്യ്യകാര്യ്യജ്ഞമമസോദരകേട്ടാലുംനീ
നിർമ്മരിയാദംദശകന്ധരൻഹരിക്കയാൽ
നമ്മുടെസീതക്കിന്നുമുണ്ടുപോലപരാധം
ലോകാപവാദംകേട്ടുജീവിച്ചുവസിക്കയിൽ
ചാകയെന്നതേനല്ലുവീര്യ്യവാന്മാക്കുനൂനം
ആകയാൽവൈദേഹിയെതേരതിൽകരയേററി
പോകനീസുമന്ത്രരുമൊന്നിച്ചുവൈകീടാതെ
ഘോരമാംവനമതിൽസീതയേക്കളഞ്ഞുനീ
പോരുകകുമാരകസംശയിക്കരുതേതും
ഇത്തരംരാമവാക്യംകേട്ടോരുലക്ഷ്മണനു
മത്തലുണ്ടായതെന്തുചൊൽവതുശിവശിവ
ആനനപത്മംതാഴ്ത്തിദ്ദീനനായ്സൌമിത്രിയും
മാനവവീരന്തന്നെവണങ്ങിപ്പുറപ്പെട്ടാൻ
അന്നേരംവനംതന്നിൽകിടന്നങ്ങുറങ്ങുന്ന
സുന്ദരിവൈദേഹിയുമുണന്നുതാനെതന്നെ
കൺമിഴിച്ചോരുനേരംരാഘവമുഖാംബുജം
വെൺമയിൽകാണാഞ്ഞയാലെഴനീററിന്നരുവൾ
നാലുദിക്കിലുംനോക്കീട്ടാരെയുംകാണാഞ്ഞയാൽ
മാലോടുംപലതരംചിന്തിച്ചുതുടങ്ങിനാൾ
കാന്തയാമെന്നെയിന്നുകാന്താരമതിലാക്കി-
ട്ടെന്തയ്യോമമകാന്തൻപോയതെന്നറിഞ്ഞീല

Digitized By Kerala Sahitya Akademi

ലീലയാമമഭാവംകാണ്മതിനായിക്കൊണ്ടു
മാലതികുഞ്ജങ്ങളിൽപൂക്കൊളിച്ചിരിക്കയോ
എങ്കിൽഞാൻകോപംനടിച്ചങ്ങുചെററിരിക്കുമ്പോൾ
സങ്കടംപൂണ്ടുമമ ചാരവേവരുമെല്ലോ
എന്നിയെമുനിജനംവന്നതുകേൾക്കുമൂലം
വന്ദനംചെയ്യതിന്നായ്പോകയോമമകാന്തൻ
മാമുനിജനങ്ങളെവന്ദിപ്പാനിത്രനാളും
രാമനുമെന്നെപ്പിരിഞ്ഞെന്നുമേപോയീലെല്ലൊ
ശത്രുക്കൾയുദ്ധത്തിനായ്വന്നുടൻവിളിക്കയാൽ
സത്വരംപുറപ്പെട്ടുപോരിനായ്ഗമിക്കയോ
ഇന്നെൻറകാന്തനോടുസംഗരംചെയ്തീടുവാ-
നിന്ദ്രാദിദേവകൾക്കുമാവതല്ലെല്ലോപാർത്താൽ
ദുഷ്ടസത്വങ്ങൾവനേസഞ്ചരിപ്പതുകണ്ടു
പെട്ടന്നുവധിപ്പാനായ്പിന്നാലെഗമിക്കയൊ
ക്രൂരസത്വങ്ങളുടെവംശമേദഹിപ്പാനായ്
സാരമായൊരുബാണമയച്ചാൽമതിയെല്ലൊ
ഞാനറിയാതെമറുമാനിനീജനത്തോടും
മീനകേതനലീലചെയ്യാനായ്ഗമിക്കയോ
എകനായികാവ്രതമുണ്ടുരാഘവനെന്നു
ലോകരുംമുനിമാരുംചൊല്ലിഞാൻകേൾപ്പുണ്ടല്ലൊ
എന്നിലിന്നൊരുദോഷംകാൺകയാൽത്യജിക്കയോ
മന്നവൻമമദോഷമൊക്കയുംപൊറുക്കുമേ
എന്തിതിൻകാരണമെന്നേതുംഞാനറിഞ്ഞീല
വെന്തുരുകുന്നുമമമാനസംശിവശിവ



Digitized By Kerala Sahitya Akademi

ദുശ്ശകുനങ്ങളുണ്ടുകാണുന്നുപലതരം
നിശ്ചയമാപത്തിനിക്കുട്ടത്തുവന്നുകൂടി
ഇത്തരംപലവിധം ചിന്തിച്ചുവൈദേഹിയും
ചിത്തഃഖേദനയോടുംവാണീടുംനേരത്തിങ്കൽ
തേരതുമൊരുമിച്ചുവന്നുടൻസൌമിത്രിയും
പാരാതെവന്ദിച്ചേവംസീതയോടുരചെയ്താൻ
മാമുനിപത്നിമാരെകാണ്മാനായ്ഗമിപ്പാനും
രാമവല്ലഭേക ാലംവന്നിതെന്നറിഞ്ഞാലും
മന്നവന്നടുത്തൊരുദിക്കിലുണ്ടിരിക്കുന്നു
നിന്നെയുംകൂട്ടിക്കൊണ്ടുപോരികെന്നരുൾചെയ്തു
കാൽക്ഷണംപോലുമിനിത്താമസിക്കരുതെന്നു
രാക്ഷസാന്തകനുടെശാസനമറിഞ്ഞാലും
സൌമിത്രിയുടെവാക്കുകേട്ടുസന്തോഷത്തോടും
കോമളഗാത്രിതാനുംതേരതിൽകരേറിനാൻ
ദീനഭാവവുംപൂണ്ടുമാനിയാംസൌമിത്രിയും
ജാനകിസമീപത്തുതൊഴുതുനിന്നീടിനാൻ
എത്രയുംമതിമാനായ്മന്ത്രിയാംസുമന്ത്രനും
ചിത്തസന്താപത്തോടുരഥവുംനടത്തിനാൻ
സൌമിത്രിതൻെറഭാവംകണ്ടൊരുവൈദേഹിയും
സാമവാക്യങ്ങളാലെമന്ദമായുരചെയ്താൾ
രാമസോദരമമദേവരമഹാമതെ
കോമളശീലശൌര്യവാരിധേകുമാരക
വാരിജോപമമായനിന്നുടെമുഖമിന്നു
പാരമായ്വാടിടുവാനെന്തുകാരണംബാല

Digitized By Kerala Sahitya Akademi

നിന്നുടെമുഖാംബുജംവാടീടുന്നതുമൂല-
മെന്നുള്ളിലുണ്ടായ്വരുംതാപമെന്തെന്നുചൊല്ലു
ധൂൎത്തനാംദശാനനപുത്രനെവധിക്കയാൽ
കീൎത്തികൾവളൎത്തൊരുവീരനല്ലയോനിയും
പണ്ടുഞാനൊരുനാളുംനിന്നുടെമുഖത്തൊരു
കുണ്ഠതാകണ്ടതില്ലകേട്ടതുമില്ലയെല്ലൊ
ചിത്തസന്താപംനിനക്കേററമുണ്ടാകമൂലം
ഇത്തരംവരുവാനുംകാരണമെന്നുനൂനം
കാരണമെന്ന്യേരഘുനായകൻകോപിക്കയോ
പാരമായൊരുരാഗമുണ്ടായിവരികയോ
അപ്രിയമാരെങ്കിലുംചെയ്തുവെന്നിരിക്കിലോ
വിപ്രന്മാരൊഴിഞ്ഞവർവദ്ധ്യരെന്നതുനൂനം
രാമനെക്കാണായ്കയാൽദുഃഖമെന്നാകിലിനി
താമസമെന്ന്യേകാണ്മാൻസംഗതിവരുമെല്ലൊ
ക്ഷുല്പിപാസാദികളാലാലസ്യമുണ്ടെന്നാകി-
ലിപ്പൊഴേഗമിക്കനാമെന്നുടെഗൃഹന്തന്നിൽ
ഉത്തമമായഭക്ഷ്യഭോജ്യങ്ങൾപേയങ്ങളും
എത്രയുംമോദത്തോടുംനൽകുവൻവൈകീടാതെ
ദുഷ്കരമായിട്ടൊരുകാംക്ഷിതമുണ്ടെങ്കിലു-
മിക്കാലംവരുത്തുവൻചൊൽകനീമടിയാതെ
ലോകനായകനായരാഘവനിരിക്കുമ്പോൾ
ആകുലമെന്തുനമുക്കുള്ളതുകുമാരക
നിന്നുടെദുഃഖമതിൻകാരണമറിയാഞ്ഞി-
ട്ടെന്നുള്ളിൽവളരുന്നസന്താപമെന്തുചൊല്ലു

Digitized By Kerala Sahitya Akademi

ഭക്തിയുമെങ്കൽനിനക്കുണ്ടെന്നുവരികിലോ
ചിത്തസന്താപമതിൻകാരണംചൊല്ലീടണം
ഇങ്ങിനെവൈദേഹിതൻവാക്കുകൾകേട്ടനേരം
തിങ്ങിനദുഃഖത്തോടുംചിന്തിച്ചുസൌമിത്രിയും
എന്നിലെവാത്സല്യവുംപ്രീതിയുമോൎത്തുകണ്ടാ-
ലെന്നുടെമാതാവിനുമിത്രയില്ലെന്നുനൂനം
അങ്ങിനെയുള്ളസീതാദേവിയെവനമതി-
ലെങ്ങിനെകളയുന്നുദൈവമേശിവശിവ
ദുഃഖങ്ങളിതിൽപരമെന്തിനിക്കുള്ളതോൎത്താ-
ലൊക്കയുംസഹിക്കയല്ലാതെഞാനെന്തുചെയ്വൂ
ഭീമകൎമ്മങ്ങൾ ചെയ്യുമഗ്രജൻതനിക്കിന്നു
രാമനെന്നുള്ളനാമമെത്രയുംവിപരീതം
രാമണീയങ്ങളായഗുണങ്ങളുണ്ടാകയാൽ
രാമനെന്നുള്ളനാമമിട്ടിതുമുനിമാരും
കാരുണ്യാദികളായഗുണങ്ങൾനിറഞ്ഞതി-
ക്രൂരമായ്വന്നതോൎത്താൽ ചിത്രമെന്നതേയുള്ളു
ഇത്തരമോരോതരംചിന്തിച്ചുനില്ക്കുന്നേരം
എത്രയുംഘോരമായവിപിനംകാണായ്വന്നു
തത്രൈവഭൂമിതന്നിലിറക്കിവൈദേഹിയെ
ചിത്തസന്താപത്തോടുതൊഴുതുചൊല്ലീടിനാൻ
സൽഗുണശീലേമമമാതൃസന്നിഭേദേവി
മൽഗുരുവായരാമനിത്തരമരുൾചെയ്തു
[illegible] പവാദത്തെ [illegible]
[illegible]

Digitized By Kerala Sahitya Akademi

ലോകാപവാദഭയംകൊണ്ടുഞാൻവൈദേഹിയെ
ശോകമുണ്ടെന്നാകിലുംത്യജിക്കുന്നതേവത്രെ
ആകയാൽവൈദേഹിയെകാനനെവെടിഞ്ഞുനീ
വേഗേനവരികെടോസംശയമുണ്ടാകേണ്ട
എന്നതുകൊണ്ടുഞാനുമിന്നതുചെയ്തീടിനേൻ
നേരത്തെദോഷമല്ലാകേവലംസത്യമത്രെ
ഇത്തരംസൌമിത്രിതൻവാക്കുകൾകേട്ടു സീതാ
തപ്തമാമായസങ്ങൾകൎണ്ണത്തിൽവെച്ചപോലെ
വജ്രമേററദ്രിപോലെഭൂമിയിൽവീണീടിനാൾ
സജ്വരംസൌമിത്രിയുംമോഹിച്ചുവീണീടിനാൻ
കണ്ടിവാർകുഴലാളുമൊട്ടുചെന്നൊരുനേരം
കണ്ണുതുറയൊട്ടുമെഴുന്നേററുനോക്കിയനേരം
പാൎത്തിൽകിടക്കുന്നലക്ഷ്മണന്തന്നെക്കണ്ടു
പാരമുള്ളഴലൊടുംവാവിട്ടൊന്നലറിനാൾ
അയ്യയ്യോകുമാരകനിന്നുടെദുഃഖംകണ്ടു
പൊയ്യല്ലമമഹൃദിസന്താപംവളരുന്നു
എന്നിലേവിശ്വാസവുംഭക്തിയുംമമതവും
നിന്നോളമാൎക്കുമില്ലാഞാനറിഞ്ഞിരിക്കുന്നു.
ദുൎഗ്ഗയാകുമെന്നെസ്നേഹമുണ്ടാകമൂലം
ഉത്ഭവിച്ചിതുതവദുഃഖമെന്നതേവേണ്ടു
നിന്നുടെദോഷമല്ലാശങ്കയില്ലിനിക്കേതും
മന്നവന്തൻെറദോഷമല്ലിതുതന്നെനൂനം
പൂൎവ്വജന്മത്തിൽഞാനും പാപങ്ങൾ [illegible]
[illegible]

എവംവന്നീടുമെന്നതാരു ചിന്തിച്ചതെടോ
ദൈവകല്പിതംതടുത്തീടുവാനെളുതാമൊ
ദോഷമില്ലിനിക്കെന്നുരാഘവനറിഞ്ഞീടും
ദ്വേഷവുമസൂയയുമില്ലല്ലോഭർത്താവിനു
ലോകാപവാദഭയംകൊണ്ടെന്നെവെടിഞ്ഞതും
ശോകമുണ്ടതുകൊണ്ടുരാമനെന്നതുനൂനം
ആശ്രിതവാത്സല്യവുംധർമ്മവുംവിവേകവു-
മീശ്വരന്മാക്കുംമമകാന്തനെപ്പോലെയില്ലാ
നിന്ദിതകർമ്മമൊന്നുംചെയ്കയില്ലല്ലോരാമ-
നെന്നതുകൊണ്ടുമമകർമ്മമെന്നുറച്ചാലും
മാനവവീരനായരാമനെത്തന്നെനിത്യം
മാനസേചിന്തിച്ചുഞാൻവസിച്ചേനിത്യനാളും
മേലിലുമൊരുചിന്താമററിനിക്കില്ലയെന്നു
കാലിണവണങ്ങിനീരാമനോടുരചെയ്ക
ഇല്ലൊരുദോഷംനിണക്കില്ലസംശയമേതും
നല്ലതുവരികതേപോയാലുംവൈകീടാതെ
വൈദേഹിയുടെവാക്യംകേട്ടുസൌമിത്രിതാനും
വേദനയോടുംവീണുനമസ്കാരവുംചെയ്തു
വനദേവതമാരെകാത്തുകൊള്ളുവിൻനിങ്ങൾ
വനജേക്ഷണയായരാഘവപത്നിതന്നെ
എന്നുരചെയ്തുനന്ദായ്വന്ദിച്ചുവൈദേഹിയെ
വന്നസന്താപത്തോടുംപിൻനോക്കീനടകൊണ്ടാൻ
പദ്ധതിമദ്ധ്യേചെന്നുനിന്നടൻസൌമിത്രിയും
വൃദ്ധനാംസുമന്ത്രരോടിത്തരമുരചെയ്താൻ

Digitized By Kerala Sahitya Akademi

എന്തൊരുകമ്മമിപ്പോഠം ചെയ്യതു ഞാനിന്നയ്യോ
ചിന്തിക്കിൽ ദുഃഖമെന്നിക്കെന്തിതിൽപ്പരമുള്ളൂ
എത്തുമേമെടിയാതെജാനകിദേവിതന്നെ
യാതുധാനന്മാർവാഴുംകാനനെവെടിഞ്ഞതും
ചേതസിവിചാരിക്കിൽരാമഭദ്രനുചൊറു
ചേതോവിഭ്രമമുണ്ടെന്നിനിക്കുതോന്നീടുന്നു
ഭോഷന്മാരെന്നാകിലുംദ്വേഷംകൊണ്ടെന്നാകിലും
ദോഷങ്ങഠംചൊന്നാലവർവദ്ധ്യന്മാരെന്നോവന്തു
ലങ്കയിൽചെന്നുപണ്ടുജാനകിനിമിത്തമായ്
സങ്കടപ്പെട്ടതെല്ലാമെങ്ങിനെപറയുന്നു
അന്നുചെയ്തവയെല്ലാംവ്യത്ഥമായ്വന്നതിപ്പോഠം
മന്നവൻതനിക്കതു ചിത്തത്തിൽമറന്നിതോ
ശത്രുവായീടുംദശകണ്ഠനൊടേററുഞാനു-
മെത്രയുംയുദ്ധംചെയ്തുമരിച്ചോരനന്തരം
ജീവനികൊണ്ടുവന്നുജീവനുണ്ടാക്കിയൊരു
പാവനിനമുക്കേതുംമിത്രമല്ലെന്നുനൂനം
അന്നുഞാൻമരിച്ചുപോയ്സ്വൎഗ്ഗത്തെപ്രാപിച്ചാക-
ലിന്നിവദുഃഖമനുഭവിക്കയില്ലയെല്ലോ
കാന്തയെവനമതിൽകൊണ്ടുപൊയ്യൂളവതി-
നെന്തിനിന്നെന്നെത്തന്നെകല്പിച്ചുരഘുവരൻ
എവമിന്നോരൊതരംദുഃഖിച്ചീടേണമെന്നു
ദൈവകല്പിതമെന്നേചൊല്ലുവാനുള്ളപാൎത്താൽ
ഇത്തരമോരോന്നുരചെയ്കയുംകരംകൊണ്ടു
മസ്തകേതാഡിക്കയുംകണ്ണുനീരൊലിക്കയും

Digitized By Kerala Sahitya Akademi

ചിത്തസന്താപംകൊണ്ടുമോഹിച്ചുമെഴുനീററു-
മിത്തരംകണ്ടുമന്ത്രിസത്തമനരചെയ്താൻ
പ്രാകൃതന്മാരെപ്പോലെധീരനാകിയഭവാൻ
ശോകിപ്പാനവകാശമില്ലെടോനൃപാത്മജ
സൂർയ്യവംശത്തിലുള്ളഭൂപതിവരന്മാൎക്ക
ചേരുമോദുഃഖിപ്പതുധീരന്മാരാകമൂലം
നിന്നുടെപൂർവന്മാരായ്നൃവഭൂപതിമാരെ
അനന്തകണ്ടതന്നെഞാനറിഞ്ഞീടുമെല്ലോ
അന്നുതിലൊരുവരുമിങ്ങിനെദുഃഖിക്കുന്ന-
തൊന്നുമേകണ്ടീലഞാൻകേട്ടുകേളിയുമില്ല
വീർയ്യശൌർയ്യാദികൊണ്ടുംധീരതകൊണ്ടുമവ-
രാരുമേഭവാനോടുതുല്യരല്ലറിഞ്ഞാലും
അങ്ങിനെയുള്ളഭവാനിന്നൊരുകാർയ്യത്തിനാ-
ലിങ്ങിനെദുഃഖിപ്പതുയോഗ്യമല്ലെന്നുനൂനം
ഭൂപതിയുടെദുഃഖമോക്കിലോതവദുഃഖ-
മാപദേശനെക്കണ്ടകൂപമെന്നതുപോലെ
ശോകങ്ങളിതിൽപരമുണ്ടായീവരികിലും
ലോകനായകൻരഘുനായകനടക്കീടും
എന്നതുപോലെതന്നെശോകങ്ങളെല്ലാമിന്നു
നിന്നുള്ളിലടക്കുകപൂരുഷനല്ലേഭവാൻ
ദുഃഖങ്ങളൊരുകാലംസൌഖ്യങ്ങളൊരുകാലം
ഒക്കയുംനരന്മാൎക്കദൈവകല്പിതമല്ലോ
ഇത്തരംമന്ത്രീശ്വരൻചൊന്നതുസൌമിത്രിക്കു
ചിത്തത്തിലേൽക്കായ്കയാൽപിന്നെയുമവൻചൊന്നാൻ

Digitized By Kerala Sahitya Akademi

എങ്കിലിന്നൊരു കഥ ചൊല്ലുവൻകേട്ടാലുംനീ
സങ്കടമെല്ലാമതുകേൾക്കുമ്പോൾതീൎന്നീടുമെ
പുത്രകാമേഷ്ടിചെയ്യുന്നുടെതാതൻമുന്നം
പുത്രന്മാരുണ്ടാകയാൽസന്തോഷിച്ചൊരുദിനം
ഞാനുമൊന്നിച്ചുവസിഷ്ഠാശ്രമേ ചെന്നനേരം
മാനിച്ചുമുനിവരൻസൽക്കരിച്ചിരുത്തിനാൻ
കുശലപ്രശ്നങ്ങളുംചെയ്തോരുശേഷംനൃപൻ
കുലശനായമുനിതന്നോടുചോദ്യംചെയ്തു
എത്രയുംകൊതിച്ചിന്നുപുത്രന്മാരുണ്ടായവ-
ൎക്കെത്രയുണ്ടായുസ്സെന്നുംജാതകഫലങ്ങളും
സത്യമായെന്നോടിപ്പോളരുളിച്ചെയ്തീടേണം.
ചിത്തത്തിൽകാണാമല്ലോതാപസവരൎക്കെല്ലാം
ഇത്തരംനരപതിതന്നുടെവാക്കുകേട്ടു
ചിത്തത്തിലരക്ഷണംചിന്തിച്ചുമുനീന്ദ്രനും
മന്ദഹാസവുംചെയ്തുമന്ദമായരുൾചെയ്താൻ
നന്ദനന്മാൎക്കുദീൎഘായുസ്സുണ്ടാംനരപതേ
ധൎമ്മവുംദാക്ഷിണ്യവുംശൌൎയ്യവുംപരാക്രമം
കൎമ്മവുംശാസ്ത്രങ്ങളുംസത്യവുംശൌചങ്ങളും
എന്നിവഗുണങ്ങളുംമാറ്റുള്ളഗുണങ്ങളും
മന്നവതനയന്മാൎക്കെല്ലാൎക്കുമുണ്ടെങ്കിലും
ജ്യേഷ്ഠനാകിയരാമനെന്നതിൽവിശേഷിച്ചും
ശ്രേഷ്ഠനായ്പരാക്രമശാലിയായ്വരുമെല്ലോ
കീൎത്തിയുംജഗത്തിങ്കലൊക്കവേവളൎത്തീടും
ആൎത്തിയുമെല്ലാവൎക്കുംതീൎത്തീടുംഗുണങ്ങളാൽ



Digitized By Kerala Sahitya Akademi

ശത്രുക്കളെന്നശബ്ദംകൂടവേയൊടുക്കീടും
സത്യവുംഹരിശ്ചന്ദ്രൻതന്നൊടുസമമുണ്ടാം
അസ്ത്രശസ്ത്രത്തിൽത്രിപുരാന്തകസമനാകും
ശാസ്ത്രനിർണ്ണയത്തിനുഗീഷ്പതിസമനാകും
എന്തിനിന്നേറെപ്പറയുന്നുഞാൻരഘുപതേ
ചെന്താർമാനിനികാന്തതുല്യനായ്വരുംരാമൻ
സ്വല്പമായൊരുദോഷമുണ്ടുഞാനതുംചൊൽവ-
നല്പമെങ്കിലുംദോഷംവേണമെന്നല്ലോശാസ്ത്രം
ശത്രുസ്ഥാനേശന്തന്നാൽദുഷ്ടനായ്കളത്രേശ
നുത്തമൻദ്വാദശത്തിൽമറഞ്ഞുവരികയാൽ
ഉത്തമയായിട്ടൊരുഭാര്യയുമുണ്ടായ്വരും
ശത്രുക്കൾഹരിച്ചീടുംമധ്യമകാലത്തിങ്കൽ
അന്ത്യകാലത്തുംഭാര്യതന്നൊടുപിരിഞ്ഞീടു
മെന്നുചെയ്താലുംപിന്നെയോഗവുംവരാനുനാം
ചിത്തത്തിലതുകൊണ്ടുശോകവുമുണ്ടാകേണ്ട
മർത്ത്യന്മാർക്കുഭവംദൈവകല്പിതമല്ലോ
ഇത്തരംമുനീന്ദ്രൻറെവാക്കുകൾകേട്ടുനൃപൻ
വൃദ്ധനാകിയമൂലംദുഃഖിച്ചുവീണീടിനാൻ
അന്നേരംമുനീന്ദ്രനുമാശ്വസിപ്പിച്ചുമന്ദം
മന്നവൻതന്നോടുരചെയ്തിതുപരമാർത്ഥം
കേൾക്കട്ടോനരപതേഗുഹ്യമായൊരുകാര്യം
കേൾക്കുമ്പോൾഭവാനുള്ളദുഃഖവുംശമിച്ചീടും
രാവണവധംചെയ്വാൻദേവകളർത്ഥിക്കയാൽ
ദേവദേവേശനായമാധവൻജഗന്നാഥൻ

Digitized By Kerala Sahitya Akademi

നിന്നുടെതനയനായ്വന്നവതരിച്ചിതു
തന്നുടെകലകളാംമൂന്നനുജന്മാരോടും
രാവണവധത്തിന്നുകാരണമായുംപിന്നെ
കേവലംശുക്രമുനിശാപത്തെമാനിപ്പാനും
ദേവിതൻവിയോഗത്തെവരുത്തീടുന്നുനാഥൻ
കേവലാത്മാവിനാരോടുള്ളതുവിയോഗവും
ശാപകാരണമതുചൊല്ലേണമെന്നോടെന്നു
ഭൂപതിവാക്കുകേട്ടുചൊല്ലിനാൻവസിഷ്ഠനും
ഉണ്ടായിദേവാസുരയുദ്ധംപണ്ടൊരുകാല
മുണ്ടായീലൊരുനാളുംയുദ്ധംപണ്ടതുപോലെ
ഇന്ദ്രാദിദേവകളുംതോററുപോയ്മാധവനെ
വന്ദിച്ചുസന്താപങ്ങളൊക്കെയുമുണർത്തിച്ചു
ഇന്ദിരാപതിതാനുംവാഹനമേറിക്കൊണ്ടു
മന്ദമെന്നിയേപുറപ്പെട്ടിതുയുദ്ധത്തിന്നായ്
ചെന്നസുരേന്ദ്രന്മാരോടേററിതുഭഗവാനും
നന്നായിപ്പൊരുതിതുദാനവവരന്മാരും
ശസ്ത്രാസ്ത്രങ്ങളെക്കൊണ്ടുകൊന്നാലുമൊടുങ്ങാഞ്ഞു
ചക്രവുംകയ്ക്കൊണ്ടടുത്തീടിനാൻനാരായണൻ
ചക്രതേജസാദഹിച്ചീടിനാരസുരരും
ശക്രാദിദേവകളുമേററവുംസന്തോഷിച്ചാർ
ജീവനെരക്ഷിപ്പാനായെന്തൊരുകഴിവെന്നു
ദേവവൈരികൾശേഷിച്ചുള്ളവർചിന്തിച്ചേററം
ഇണ്ടൽപൂണ്ടതിദ്രുതംമണ്ടുന്നനേരത്തിങ്കൽ
കൊണ്ടൽനേർവണ്ണൻതാനുംപിന്നാലെചെന്നീടിനാൻ

Digitized By Kerala Sahitya Akademi

ദൈതേയാചാര്യനാകുംശുക്രൻതന്നാശ്രമത്തിൽ
ഭീതിയോടവർചെന്നുശുക്രനെക്കാണായ്കയാൽ
കാത്തുകൊള്ളേണമെന്നുമാമുനിപത്നിതൻറ
കാൽത്തളിരതിൽവീണുദൈത്യന്മാർഭയത്തോടും
ശിഷ്യവാത്സല്യംകൊണ്ടുമാമുനിപത്നിതാനും
രക്ഷിച്ചാളവർകളെപ്പാലിച്ചുകൊണ്ടീടുവാൻ
താപസപത്നിതാനുംമൂന്നരക്കോടിയോളം
പാപിഷ്ഠന്മാരാമസുരന്മാരെമിഴങ്ങിനാൾ
താപസവരന്മാരാംഞങ്ങൾക്കമിതുപാർത്താ-
ലാവതല്ലവളുടെമാഹാത്മ്യമെന്തുചൊൽവൂ
വാർത്തകളറിഞ്ഞവിടെക്കെഴുന്നെള്ളിനാഥൻ
ചീർത്തകോപേനമുനിപത്നിയോടരുൾചെയ്തു
നന്നുനന്നിതുതവതോന്നിയതോർത്തുകണ്ടാ
ലന്യപൂരുഷന്മാരെസ്പർശനംചെയ്തീടാമോ
ദുഷ്ടന്മാരാകുമിവർശിഷ്യരെന്നിരിക്കിലും
കഷ്ടമിച്ചെയ്തകർമ്മംദോഷവുംവന്നുതവ
നിന്നുടെഗുണന്ദോഷംഞൊന്നുചൊല്ലേണമോ
ധന്യേനീമഹാമുനിതന്നുടെപത്നിയല്ലോ
മൽപ്രസാദത്തിന്നിണക്കാഗ്രഹമുണ്ടെന്നാകി
ലിപ്പോഴീദൈത്യന്മാരെത്തന്നാലുമടിയാതെ
മാധവവാക്യംകേട്ടുചൊല്ലിനാളവളപ്പോൾ
സാധുരക്ഷണഭവാനെന്തിതുചൊല്ലീടുന്നു.
പോരതിൽനിരായുധന്മാരായിമണ്ടുന്നേരം
ചേരുമോവധിപ്പതുശത്രുക്കളെന്നാകിലും

Digitized By Kerala Sahitya Akademi

മരണഭയംകൊണ്ടുശരണംപ്രാപിച്ചവർ
കരുണാനിധേരക്ഷ്യരല്ലയോവിശേഷിച്ചും
എന്നുടെശിഷ്യരിവരാകയാൽമുനിവരൻ
വന്നുരചെയ്യുന്നാകിൽതന്നീടാമിവരെഞാൻ
നിത്യവുംതവൽപ്രസാദംമോഹിച്ചുവാഴുന്നുഞാ-
നാത്മരക്ഷണംകൊണ്ടുസന്തോഷിച്ചരുളേണം
ഇത്തരംവാക്കുകേട്ടനേരത്തുദൈത്യാരിയും
ഉത്തരമരുൾചെയ്താനെത്രയുംകോപത്തോടും
ധർമ്മാധർമ്മങ്ങൾനിന്നോടാരുചോദിച്ചതിപ്പോൾ
ദുർമ്മതേതവമോഹം. നന്നുനന്നെന്നേവേണ്ടു
എന്നുടെശത്രുക്കളെരക്ഷിപ്പാൻനിനക്കയാൽ
നിന്നുടെമരണവുമടുത്തുവന്നുകൂടി
ദുഷ്ടഎന്നാകിൽമുനിപത്നിയെന്നിരിക്കിലും
ശിഷ്ടപാലകന്മാർവധിക്കാമെന്നുണ്ടല്ലോ.
കോപിച്ചുനാരായണനീവണ്ണമരുൾചെയ്തു
താപസിയുടെകണ്ഠമറിച്ചുചക്രത്തിനാൽ
ഹാഹാകാരത്താൽപരിപൂർണ്ണമായ്ജഗത്തെല്ലാം
ആഹന്തഭീതിപൂണ്ടുദേവകളകന്നുതേ
ക്രുദ്ധനായ്കണ്ടുജഗന്നാഥനെമുനിമാരും
സിദ്ധചാരണന്മാരുമകന്നുനിന്നീടിനാർ
ദാനവന്മാരെയെല്ലാംവധിച്ചുജഗന്നാഥൻ
മാനിച്ചുസുരന്മാരോടൊത്തുവൈകുണ്ഠംപൂണ്ടാൻ
പങ്കജവിലോചനൻപത്നിയെവധിച്ചതു
സങ്കടംപൂണ്ടുമുനിവന്നുകണ്ടൊരുനേരം

Digitized By Kerala Sahitya Akademi

കോപിച്ചുമാധവനെശപിച്ചാനിന്നുമഹാ
പാപിഷ്ഠകർമ്മംചെയ്തനിണക്കുമെന്നെപ്പോലെ
ഭാൎയ്യയോടുള്ളവേർവാടുണ്ടാകഭവാനിപ്പോൾ
ആൎയ്യധൎമ്മത്തെപരിത്യജിച്ചീടുകമൂലം
ഏവമാമഹാമുനിദേവനുശാപംനൽകി
ജീവനിവിദ്യകൊണ്ടുഭാൎയ്യയെജീവിപ്പിച്ചാൻ
മാമുനിശാപംമാനിച്ചീടുവാൻനാരായണൻ
രാമനായ്പിറന്നനുഭവിപ്പാൻതുടങ്ങുന്നു.
ലോകനായകനുണ്ടോദുഃഖങ്ങളുണ്ടാകുന്നു
ശോകനാശനനല്ലോഭഗവാൻനാരായണൻ
എന്നതുകൊണ്ടുശോകമൊക്കയുംകളഞ്ഞിനി
നന്ദനന്മാരോടൊത്തുസുഖിച്ചുവാഴ്കഭവാൻ
എന്നതുകേട്ടുമുനിതന്നെയുംവന്ദിച്ചുപോയ്!
മന്നവൻപുരിപുക്കുസുഖിച്ചുവാണീടിനാൻ
ലോകനായകൻതന്റെപത്നിയാംസീതാദേവി
ലോകൈകമാതാവാകുമിന്ദിരാദേവിയല്ലോ
ആകയാലവൾമൂലംനിന്നുള്ളിലുണ്ടായൊരു
ശോകവുംകളഞ്ഞിനിപ്പോകനാംവൈകീടാതെ
മുന്നംഞാനാരോടുമേചൊന്നതുമില്ലതവ
ഖിന്നതകണ്ടുതന്നെചൊല്ലിനാൻസത്യമത്രെ
വൃദ്ധനാംമന്ത്രിതന്റെവാക്കുകൾകേട്ടനേരം
വൎദ്ധിച്ചശോകമൊട്ടുശമിച്ചുകുമാരനും
നന്ദിച്ചങ്ങോരോകഥപിന്നെയുമുരചെയ്തു
മന്ദമായ്നടന്നവർചെന്നയോദ്ധ്യപുക്കാർ
ഇന്നിനിക്കഥചൊൽവാനില്ലിനിക്കവസരം
എന്നുരചെയ്തുകിളിപ്പൈതലുമടങ്ങിനാൾ.

ശുഭമസ്തു.

—○○:○:○○—

Digitized By Kerala Sahitya Akademi

# രണ്ടാമദ്ധ്യായം

ബാലേസുശീലേ ശുകനീശാരികേ
പാലുംപഴവുംതരുന്നതുണ്ടോമലേ
പാലാഴിശായിയാംരാമചന്ദ്രന്തന്റെ
ലീലാവിശേഷങ്ങൾ ചൊല്ലു ചൊല്ലിനിയും
വൈദേഹിയാൾ പിന്നെഎന്തൊന്നു ചെയ്തതും
വൈദശ്ശ്യമേറുന്നരാഘവൻ ചെയ്തതും
എന്തെന്നു ചൊല്ലുന്നമിന്നുനീവൈകാതെ
സന്താപമുണ്ടിതുകേൾക്കാഞ്ഞിലോറവും
എന്നതുകേട്ടരചെയ്തുകിളിമക-
ളെന്നാൽപറഞ്ഞിടാംകേട്ടുകൊണ്ടീടുവാൻ
സൌമിത്രിപോയൊരുശേഷംജനകജ-
ക്കാമയമുണ്ടായതെന്തുചൊല്ലാവതും
ആനകളോറമലറുന്നശബ്ദവും
മാനമേറീടാംപുലികൾനിനാദവും
സിംഹനാദങ്ങളുംകേട്ടുഭയപ്പെട്ടു
മോഹിച്ചുഭൂമിയിൽവീണാൾകൃശോദരി
ചെറുചെന്നപ്പോഴുണന്നെഴുന്നീറ്റിരു
ന്നിററിറുവീഴുന്നനേത്രജലത്തോടും
ദുഷ്ടമൃഗഗണംചുററുംനടക്കയും
ഞെട്ടുമാറേററവുംശബ്ദിച്ചിടുകയും
രാത്രിയുംവന്നുതമസ്സുമുഴുക്കയും

Digitized By Kerala Sahitya Akademi

നേത്രങ്ങൾകാണാഞ്ഞുഴന്നുനടക്കയും
രാത്രിഞ്ചരന്മാരതിവഭയങ്കര
മൂർത്തികൾവാപിളന്നാർത്തണ്ടുകയും
കണ്ടുഭേടിച്ചുവിറച്ചുകൃശോദരി
കണ്ണുനീരോടുംവിലാപംതുടങ്ങിനാൾ
ഹാഹാരഘുവീരദീനദയാനിധേ
ഹാഹാമമപ്രാണവല്ലഭസുന്ദര
ഹാഹാനിശാചരവീരകുലാന്തക
ഹാഹാഗുണാംബുധേപാഹിമാംപാഹിമാം
ലോകനിവാസികൾക്കെല്ലാരുസങ്കട
മാകവേപോക്കുവാൻനാഥനാകുംഭവാൻ
ദീനയാമെന്നെവനത്തിൽത്യജിക്കയാൽ
മാനസേസന്താപമേതുമൊന്നില്ലയോ
പ്രാണനാഥാനിൻമുഖാബുജംകാണാതെ
കാണിനേരംപൊറുക്കുന്നതുമെങ്ങിനെ
പണ്ടുദശാനനനായോരുരാക്ഷസൻ
കൊണ്ടുപോയ്ലങ്കയിലാക്കിയകാലത്തു
ഉണ്ടായദുഃഖങ്ങളീശ്വരനറിയാതെ
കണ്ടവർകൂടിയറിഞ്ഞതില്ലൊക്കവേ
എന്നെങ്കിലുംനിന്മുഖാംബുജംകാണാക
മെന്നോർത്തുജീവിച്ചിരുന്നതുമന്നുഞാൻ
അന്നുമരണംഭവിച്ചീടുകിലിനി-
ക്കിന്നിവദുഃഖങ്ങളില്ലാതിരുന്നുതേ
കാണാഞ്ഞയാൽപ്രാണനാഥനിവരികയാൽ

Digitized By Kerala Sahitya Akademi

പ്രാണനാഥാഖ്യയുംവന്നിതിരുവക്ഷം
പാവകശുദ്ധയായ്കണ്ടൊരുനേരത്തു
താവകവാത്സല്യമെന്തുചൊല്ലാവതും
ഖിന്നയാകുംമമഗൎഭമുണ്ടാകയാ
ലിന്നതുമറെറാരുനാരിയിലാകിലോ
നന്നായവളോടുമൊത്തുരമിച്ചാലും
എന്നെവനത്തിലാക്കേണമോവല്ലഭ
നിന്നോടപരാധമെന്തുഞാൻചെയ്തതും
നന്നായ്നിരൂപിക്കവേണംമഹാമതേ
ആശ്രിതവാത്സല്യമെങ്ങുപോയീതവ
ശാശ്വതധൎമ്മവുമൊക്കെമറന്നിതോ
തന്നുടെഭാൎയ്യയെക്കൈവെടിഞ്ഞീടുകിൽ
മന്നവപാപമതിനേതുമില്ലയോ
സന്മാനവാക്കുകളിന്നുംപറഞ്ഞതു
നിന്മനതാരിങ്കലുള്ളതെന്നോൎത്തുഞാൻ
പുത്രനെലാളിപ്പതിനുള്ളസൌഖ്യങ്ങ-
ളെത്രനാളായിതെന്നോടുചൊല്ലുന്നതും
പുത്രനിലാശയുമെന്നിലെപ്രേമവും
ചിത്തഭ്രമംകൊണ്ടുനഷ്ടമായ്പോകയോ
മാനിനിമാരെച്ചതിക്കയെന്നുള്ളതു
മാനമെന്നോൎത്തുനീഇന്നിതുചെയ്കയോ
എല്ലാവരിലുംമഹത്വമുണ്ടാകയാൽ
വല്ലതുംചൊല്ലാവിതെന്നുനിനക്കയോ
എന്തുമൂലംഭവാനെന്നെത്യജിപ്പതി-



Digitized By Kerala Sahitya Akademi

നന്തരാ ചിന്തിച്ചാലുമതില്ലൊന്നുമേ
ദീനാനുകമ്പംവളൎന്നോരുനിന്നുടെ
മാനസമെന്തിത്രകശ്മലമായതും
കോമളമാകിയരൂപവുംഭാവവും
സാമമായുള്ളൊരുവാക്കുംകടാക്ഷവും
കണ്ടുഞാൻവിശ്വസിച്ചന്നുവരിച്ചതും
കണ്ടീലകൎത്തുവിഷമുള്ളതേതുമേ
ഇത്രജളത്വവുംദുഷ്ടതയുംപുന-
രിത്രിലോകത്തിങ്കലാൎക്കുമില്ലോൎക്കിലോ
വിശ്വാസവഞ്ചനത്തിന്നുവിരുതുള്ള
വിശ്വൈകകണ്ടകനെന്നേപറയാവൂ
കോമളഗാത്രിയാമെന്നുടെപുത്രിക്കു
സോമാൎദ്ധശേഖരനോടുസമാനനായ്
ഉണ്ടായിക്കാന്തനെന്നോൎത്തുവസിക്കുന്നു
ഷണ്ഡനാമെന്നുടെതാതൻമഹാജളൻ
ഇത്രകൃതഘ്നനിവനെന്നറിഞ്ഞീല
നിസ്രൂപനായജനകൻനൃപാധമൻ
ഇത്തരംചൊല്ലുന്നനേരത്തൊരുഘോര
സത്വശബ്ദംകേട്ടുപേടിച്ചുസീതയും
ഹാഹാനിശാചരൻവന്നുപിടിക്കുന്നു
ദേഹവുംപാരംതളരുന്നുദൈവമേ
നക്തഞ്ചരന്മാർവധിക്കുന്നതിൻമുമ്പെ
നക്തഞ്ചരാന്തകപാഹിരക്ഷപതേ
ചിത്തഭ്രമവുംഭയവുംവിഷാദവും

Digitized By Kerala Sahitya Akademi

എത്രയുംപാരംമുഴുത്തുവൈദേഹിയും
ബന്ധുക്കളെച്ചൊല്ലിവാവിട്ടലറിയും
ബന്ധങ്ങളില്ലാതിവണ്ണംപറകയും
വീണുരുണ്ടുംകരഞ്ഞുമെഴുന്നീറ്റു
മേണാങ്കബിംബമുഖിയായജാനകി
പ്രാണസമനായരാമനെ ചിന്തിച്ചു
കേണുകേണങ്ങിനെവാഴുംദശാന്തരേ
തത്രസമീപത്തൊരാശ്രമേവാഴുന്ന
സത്തമനാകിയവാല്മീകിമാമുനി
കൃത്യമായർഗ്ഘ്യവുംചെയ്തുസായന്തനാ
കൃത്യങ്ങളുംചെയ്തുവാഴുംദശാന്തരേ
ആൎത്തപ്രലാപങ്ങൾകേട്ടുസസംഭ്രമം
ചീൎത്തകാരുണ്യേന ചിന്തചെയ്തീടിനാൻ
എന്തൊരുരോദനംകേൾക്കായതന്തികേ
സന്താപമേതാനുമുണ്ടെന്നുനിൎണ്ണയം
കാമിനിമാരെന്നുതോന്നുന്നുകേൾക്കിലോ
യാമിനീതന്നിൽവരുമോതരുണിമാർ
വല്ലതെന്നാലുംഗമിക്കുന്നതുണ്ടുഞാ-
നെല്ലാജനങ്ങൾക്കുമൊക്കമേസങ്കടം
ഇത്ഥംനിനച്ചൊരുദീപവുംകയ്ക്കൊണ്ടു
സത്വരംമാമുനിതാനുംപുറപ്പെട്ടു
രോദനശബ്ദമനുസരിച്ചങ്ങുചെ-
ന്നാദരവോടവൻകണ്ടുവൈദേഹിയെ
സുന്ദരിതന്റെസമീപത്തെഴുന്നെള്ളി

Digitized By Kerala Sahitya Akademi

മന്ദമായാദരവോടുടൻ ചൊല്ലീടിനാൻ
കാമിനിമാർകുലമൌലികേ ബാലികേ
കോമളാകാരേ സുമുഖി നീയാരെടോ
ശ്ലാഘ്യൻ ജനനസാഫല്യം ജനിപ്പിച്ചോരു
ഭാഗ്യവാനാകിയ നിന്നുടെ വല്ലഭൻ
ആരെന്നതും തവ താതനാരെന്നതും
പാരിൽ പ്രസിദ്ധമാം നിന്നുടെ നാമവും
കാനനം നിന്നാലലങ്കൃതമായതിൻ
കാരണവും നീ പറകെടോ സുന്ദരി
ശോകങ്ങളൊക്കയും തീർത്തുകൊണ്ടീടുവാൻ
ലോകൈകസുന്ദരി സത്യം പറക നീ
കർണ്ണപീയൂഷമാം വാക്കുകൾ കേൾക്കയാൽ
കണ്ണുനീരും തുടച്ചാശു കൃശോദരി
താപസശ്രേഷ്ഠനെ വന്ദിച്ചു സാദരം
താപമോടേവം പറഞ്ഞുതുടങ്ങിനാൾ
താപസശ്രേഷ്ഠാ നമസ്തേ ജയ ജയ
താപവിനാശന ദീനദയാനിധേ
പാപിയാമെന്നുടെ വൃത്താന്തമൊക്കയും
താപഹര ഭവാൻ കേട്ടുകൊൾകെങ്കിലോ
ഉത്തമനാകും വിദേഹഭൂപാലന്റെ
പുത്രി ഞാൻ സീതയെന്നാകുന്നു നാമവും
പാരിൽ ദശരഥപുത്രനാം രാമന്റെ
ഭാര്യ ഞാനെന്നുമറിക മഹാമുനേ
ഘോരനിശാചരവീരരെക്കൊന്നതും

Digitized By Kerala Sahitya Akademi

വാരിധിയിൽ ചിറകെട്ടിക്കടന്നതും
ലങ്കയിൽചെന്നുദശാനനനെക്കൊന്നു
സങ്കടംലോകക്കുതീൎത്തുരക്ഷിച്ചതും
ലോകാപവാദംഭയപ്പെട്ടുരാഘവൻ
ലോകൈകവാസികളേവരുംകാൺകവേ
ദേവാദിസേവ്യൻയശോപാലനാൎത്ഥമായ്
പാവകൻതന്നിൽപതിപ്പിച്ചസീതയെ
ശുദ്ധയായ്കണ്ടുകൊണ്ടയോദ്ധ്യക്കുപോയതും
സിദ്ധമല്ലോജഗദ്വാസികൾക്കൊക്കയും
ഇന്നുമിനിക്കപവാദമുണ്ടാകയാൽ
മന്നവനെന്നെവനത്തിൽവെടിഞ്ഞതും
കൎമ്മണാവാചാമനസാപിദോഷങ്ങൾ
എന്നനഃപൂൎവ്വമായ്ചെയ്തതില്ലേതുമേ
മന്നവൻതന്നുടെദോഷവുമല്ലോക്കി-
ലെന്നുടെകൎമ്മഫലമെന്നുനിൎണ്ണയം
രാത്രിയുംവന്നുസഹായവുംകൂടാതെ
രാത്രിഞ്ചരന്മാർവധിപ്പാൻതുടങ്ങുമ്പോൾ
നിന്തിരുവുള്ളമിന്നെന്നിലുണ്ടായതു
മെന്തൊരുഭാഗ്യമെന്നോതുമറിഞ്ഞീല
എന്നുടെവൃത്താന്തമെല്ലാംഭവാനുള്ളിൽ
നന്നായറിഞ്ഞീടുമെല്ലോമുനീശ്വരാ
എല്ലാമറിഞ്ഞിരിക്കുന്നഭവാൻമമ
വല്ലായ്മയുംതീൎത്തുകാത്തുകൊള്ളേണമേ
പാരിലുള്ളോരുമഹാമുനിമാരിൽവെ.

Digitized By Kerala Sahitya Akademi

ച്ചാരുഭവാനെന്നറികയിലാഗ്രഹം
പാരമുണ്ടെന്മനതാരിലതുകൊണ്ടു
നേരോടതുൾചെയ്കവേണംദയാനിധേ
വൈദേഹിചൊന്നതുകേട്ടമഹാമുനി
വേദനയോടുമതുൾചെയ്തുസാദരം
ഹാഹാശിവശിവരാഘവൻതന്നുടെ
സാഹസമെത്രയുംകഷ്ടംനിനക്കിലോ
ലോകൈകനായകൻതാനെന്നിരിക്കിലും
ലൌകികംചെറ്റുംനിനക്കയുംവേണ്ടയോ
ദോഷംനിനക്കേതുമില്ലെന്നറിഞ്ഞുഞാൻ
യോഷാമണേഖേദമെല്ലാംകളകനീ
നക്തഞ്ചരനാരിമാക്കനിൻമൂലമായ്
ഭത്തൃവിയോഗംഭവിച്ചതുകാരണം
ഭർത്തൃവിയോഗംവരികനിനക്കെന്നു
കത്തുംമനസ്സോടവർകളുംചൊല്ലിനാർ
എന്നതുകാരണമിന്നിതുവന്നതും
സുന്ദരീരാമൻെറദോഷമല്ലോക്കിലോ
പോരികനമ്മോടുകൂടവേവൈകാതെ
വാരിജലോചനേവാന്മീകിഞാനെടോ
രാമഭദ്രൻതങ്കലുള്ളൊരുഭക്തിക്ക
സീമയില്ലേതുമിനിക്കെന്നറികനീ
കാലംകുറഞ്ഞൊന്നുചെല്ലുന്നനേരത്തു
ബാലേതവപതിതന്നെനീകാണുമേ
പിന്നെനിനക്കനുരാഗ്യമെന്നാകിലോ

Digitized By Kerala Sahitya Akademi

വന്നീടുമെപ്പോസുഖങ്ങൾമുന്നെപ്പോലെ
ഇത്തരമാശ്വസിപ്പിച്ചുമുനിവരൻ
സത്വരംസീതയുമൊന്നിച്ചുമെല്ലവേ
ചെന്നുതന്നാശ്രമംപുക്കോരനന്തരം
വന്ദിച്ചുമാമുനിപത്നിയെസീതയും
നന്നായ്വരികെന്നനുഗ്രഹംനൽകിനാൾ
സുന്ദരിക്കുംശോകമൊട്ടുകുറഞ്ഞുതേ
വൃത്താന്തമാകെയുംകേട്ടോരുനേരത്തു
സത്തമമാരായമാമുനിപത്നിമാർ
നല്ലതുവന്നുകൂടുംനിനക്കെന്നതു
മെല്ലാവരുമൊരുപോലെചൊല്ലീടിനാർ
ചിത്തശോകംകളഞ്ഞാശുവൈദേഹിയും
നിത്യവുംശുശ്രൂഷചെയ്തങ്ങവർകളെ
നല്ലകഥകളുംകേട്ടുസുഖത്തോടും
വല്ലഭൻതന്നെയുംചിന്തിച്ചുമേവിനാൾ
ഇങ്ങിനെചെറുനാൾചെന്നോരുകാലത്തു
മംഗലമായമുഹൂർത്തവുംവന്നുതേ
അന്നുവൈദേഹിക്കുരണ്ടുകുമാരരു
മൊന്നിച്ചുളവായിദൈവംതുണക്കയാൽ
കേൾക്കായിതപ്പോളശരീരിവാക്കുകൾ
കേൾക്കെടോജാനകീശോകംകളകനീ
നിന്നുടെനന്ദനന്മാരിവരെത്രയും
മന്നിൽപ്രസിദ്ധരായ്വന്നുകൂടുംദൃഢം
വീര്യശൗര്യാദിഗുണങ്ങളുംബുദ്ധിയും

Digitized By Kerala Sahitya Akademi

ആൎയ്യധൎമ്മങ്ങളുംമററുഗുണങ്ങളും
ഓൎത്തുകാണുമ്പോളിവൎക്കുസമാനരാ-
യിത്രിലോകത്തിങ്കലാരുമുണ്ടാകയില്ലരാ
എല്ലാഗ്ഗുണങ്ങളും ചിന്തിക്കിലിന്നിവർ
കല്യാണശീലനാംരാമനോടൊക്കമേ
നിന്നുടെസന്താപമെല്ലാംകളവതി.
നിന്നിവർപോരുംഭവിക്കതേമംഗളം
ഇത്തരംവാക്കുകൾകേട്ടോരുസീതക്കു
ചിത്തസന്തോഷവുമെന്തുപറവതും
ജാതസന്തോഷംമുനിവരനപ്പൊഴേ
ജാതകൎമ്മാദികളെല്ലാംകഴിച്ചുടൻ
പുണ്യാഹവുംചെയ്തുപിന്നെയുംവേണ്ടുന്ന
പുണ്യകൎമ്മങ്ങളുംചെയ്തുയഥോചിതം
നാമകൎമ്മത്തിനുതാതനില്ലായ്കയാൽ
ചേതസിചിന്തിച്ചുവേദശാസ്ത്രങ്ങളും
ഭൂമിയിൽനന്നായ്സ്ഥിരിച്ചുകുശകളും
കോമളന്മാരെയതിൽകിടത്തീടിനാൻ
വ്യഗ്രതയെന്യേകുശയിൽകിടക്കയാ
ലഗ്രജിന്നിട്ടുകുശനെന്നനാമവും
പിന്നെക്കുശലവത്തിന്മേൽകിടക്കുന്നൊ
നന്ദനനിട്ടുലവനെന്നനാമവും
മാമുനിവൃന്ദവുംവന്നുകുമാരകൾ
സാമോദമാശീൎവ്വചനങ്ങൾചൊല്ലിയും
ബാലഗ്രഹാദികൾദൂരവേനീങ്ങുവാൻ

Digitized By Kerala Sahitya Akademi

ശാലാന്തരേപലഹോമങ്ങഠംചെയ്കയും
രക്ഷകരങ്ങളാംമന്ത്രങ്ങളുംജപി–
ച്ചക്ഷയമായുള്ളസൂത്രങ്ങഠംകെട്ടിയും
നല്ലകവചങ്ങഠംപഞ്ജരമെന്നിവ
എല്ലാവരുമൊത്തുതൊട്ടുജപിക്കയും
ദൃഷ്ടിജിഹ്വാദിയാംദോഷങ്ങഠംനീങ്ങുവാൻ
ഇഷ്ടികഠംചെയ്തുമെയ്യുംധരിപ്പിക്കയും
ഇത്തരംപിന്നെയുംവേണ്ടുന്നകർമ്മങ്ങ–
ളുത്തമന്മാരാംമുനികഠംചെയ്തീടിനാർ
പുത്രക്കുവേണ്ടുന്നകർമ്മങ്ങളൊക്കയും
ഉത്തമന്മാരുംമുനിവരർചെയ്കയാൽ
ജാനകീദേവിയുമാനന്ദമുഠംക്കൊണ്ടു
മാനസംതന്നിൽനിനച്ചാഠംപലതരം
മാനവവീരനിന്നെന്നെവെടിഞ്ഞതു
നൂനമിനിക്കൊരുഭാഗ്യമായ്വന്നുതേ
താപസന്മാരാമിവരിലൊരുവരെ
പാപികളെന്നുമേകാൺകയുമില്ലപോൽ
എന്നിവരൊന്നിച്ചിരിക്കയുമെന്നുടെ
നന്ദനന്മാർക്കിവർവേണ്ടതുചെയ്കയും
ദീനയാമെന്നിലുംബാലകന്മാരിലും
മാനസേകാരുണ്യമുണ്ടായ്വരികയും
ഇത്തരമെല്ലാംഭവിച്ചതുകാരണ
മെത്രയുംഭാഗ്യമെനിക്കുണ്ടുനിർണ്ണയം
ഇത്ഥമോരോന്നെനിനച്ചുവൈദേഹിയും
പുത്രരെലാളിച്ചുലാളിച്ചിരിക്കയും



Digitized By Kerala Sahitya Akademi

ബാലകന്മാരുടെപുഞ്ചിരിക്കൊഞ്ചലും
ലീലാവിലാസവുംകണ്ടുസുഖിക്കയും
താതനോടൊത്തൊരുബാലരെകാൺകയാൽ
പ്രീതിയുംദുഃഖവുമൊത്തുവദ്ധിക്കയും
മാമുനിതന്നെവിളിച്ചുസുതരുടെ
കോമളമായൊരുലീലകൾകാട്ടിയും
താതനെക്കണ്ടാലുമെന്നുരചെയ്തുടൻ
പ്രീതിപൂർവ്വംമുനിതൻെറകരമതിൽ
പുത്രരെനൽകിയുംമാമുനിതന്നുടെ
ചിത്തമോദംകണ്ടുമോദംപെരുക്കയും
ഇത്ഥമോരോന്നുകൊണ്ടുതലറിയാതെ
പുത്രരോടൊത്തുവസിച്ചിതുസീതയും
ജാനകിതന്നെവനത്തിൽകളഞ്ഞതി
ദീനനായ്ലക്ഷ്മണൻചെന്നോരനന്തരം
വൃത്താന്തമെല്ലാമയോദ്ധ്യയിലുള്ളവ
രത്തലോടുംബതകേട്ടോരനന്തരം
ഉണ്ടായവാർത്തകളെല്ലാംപറവതി-
നുണ്ടാമ്പരികയുമില്ലിനിയാരുമേ
കേട്ടവർകേട്ടവർമോഹിച്ചുവീഴ്കയും
കൂട്ടമേനാരിമാർവാവിട്ടലറിയും
ശിഷ്ടജനങ്ങളുംകഷ്ടമെന്നോതിയും
നിഷ്ഠുരമായ്ചിലർമാറിൽതൊഴിക്കയും
ദുഷ്ടൻരഘുവരനെന്നുപറകയും
കഷ്ടംപറയാവതില്ലെന്നുരചെയ്കയും

Digitized By Kerala Sahitya Akademi

കൌസല്യയുംമററുമാതൃജനങ്ങളും
ശ്വാസമാത്രത്തോടുവീണുകിടക്കയും
ഭൂമിയിൽവീണങ്ങുരുണ്ടുകരഞ്ഞുട-
നാമയമോടുകിടക്കുന്നിതു ചിലർ
കണ്ണുനീരായപുഴകൾപലവഴി
ക്കണ്ണവംനോക്കിയൊലിച്ചുഗമിക്കയും
ഹാഹാശിവശിവഎന്നുള്ളശബ്ദങ്ങ-
ളാകാശമൊക്കെനിറഞ്ഞുചമെകയും
ഇത്തരമുണ്ടായഘോഷങ്ങളൊക്കയും
വിസ്തരിച്ചീടുവാനാളല്ലഞാനെടോ
മാനവവീരനാംരാഘവനുണ്ടായ
മാനസതാപങ്ങളെന്തു ചൊല്ലാവതും
മാനിനീമൈഥിലിയെ ചിന്തിച്ചു ചിന്തിച്ചു
താനേവിലാപങ്ങൾ ചെയ്താൻപലതരം
ഹാഹാ വിദേഹരാജാത്മജേവല്ലഭേ
ഹാഹാമമപ്രാണവല്ലഭേസുന്ദരി
സാഹസകാരിയാമെന്നുടെകാരണം
ആഹന്തനിസ്സംവലഞ്ഞിതോബാലികേ
ധൃഷ്ടനാമെന്നുടെവല്ലഭയാകയാൽ
കഷ്ടമീവണ്ണംഭവിച്ചുനിനക്കെടോ
ഞാനൊരുമൂഢനൊഴിഞ്ഞുമററാരുള്ളു
മാനിനിതന്നെ വെടിഞ്ഞവൎഭ്രുതരല്ല
ഉത്തമമാകിയസൌധമണിമയ
മെത്തമേലേറിസ്സുഖിച്ചിരിക്കേണ്ടനീ

Digitized By Kerala Sahitya Akademi

ദുഷ്ടനാമെന്നുടെദുഷ്ടതകാരണം
കഷ്ടംവനാന്തരേവാഴമാറായിതോ
ആനതേർകാലാൾകുതിരപ്പടയൊടും
മാനിച്ചുനിത്യവുംസഞ്ചരിക്കേണ്ടുനി
ആരുമൊരുത്തനുംകൂടാതെകാനനേ
പാരംഭയപ്പെട്ടുവാഴുന്നതെങ്ങിനെ
രാക്ഷസന്മാരുംപിശാചങ്ങളുംമററു
ദുഷ്ടങ്ങളാകിയദുഷ്ടസത്വങ്ങളും
നേരേവരുന്നതുനേരംവധിപ്പതി
നാരുള്ളതുനിനക്കയ്യോശിവശിവ
വാരിധിലംഘിച്ചുരാവണനെക്കൊന്നു
പാരാതെപാവകശുദ്ധയാംനിന്നെഞാൻ
കൊണ്ടിങ്ങുപോന്നതുകൊണ്ടിന്നൊരുഫല
മുണ്ടായതില്ലമേമൂഢതകാരണം
നിന്നെപ്പിരിഞ്ഞുഞാൻവാഴുന്നതുംപുന
രെന്നെപ്പിരിഞ്ഞുനീവാഴ്കയുമെങ്ങിനെ
പുത്രമുഖാംബുജംകണ്ടുസുഖിപ്പതി-
നെത്രനാളുണ്ടുകൊതിച്ചിരുന്നുഞാൻ
ഹാഹാമമപ്രാണവല്ലഭേജാനകീ
ദേഹവുംപാരംതളരുന്നിതോമലേ
ജീവവിനാശമടുത്തുവന്നുമമ
ജീവനാഥേപരിപാലിച്ചുകൊൾകനീ
ഇത്തരംചൊല്ലിക്കരയുന്നനേരത്തു
സത്വരംവന്നൊരുത്തരംചൊല്ലിനാൻ

Digitized By Kerala Sahitya Akademi

ആശരകാനനദാവാനലജയ
ദാശരഥേജയരാമചന്ദ്രജയ
മാമുനീന്ദ്രന്മാർപലരുമൊരുമിച്ച
കാണ്മതിനിന്നെഴുനെള്ളിയിരിക്കുന്നു
എല്ലാമുണർത്തിപ്പതിന്നവരെന്നയും
ചൊല്ലീയയക്കയാലത്രവന്നേനഹം
കെല്പോടവരൊടുചെന്നുണർത്തീടവൻ
ഇത്തരമുള്ളൊരുദൂതവാക്യംകേട്ടു
സത്വരമുത്ഥാനവുംചെയ്തുരാഘവൻ
വേഗേനചെന്നുമുനിവരന്മാരെയു
മാകുലംകൈവിട്ടുതാണുവണങ്ങിനാൻ
നന്നായ്വരികെന്നവർകളുംചൊല്ലിനാർ
മന്നവൻപൂജയുംചെയ്താനനന്തരം
എല്ലാവരുമിരുന്നോരുനേരംരാമ
നല്ലൽമറച്ചവരോടുചൊല്ലീടിനാൻ
താപസന്മാരായനിങ്ങളെകാണ്കയാൽ
താപങ്ങളെല്ലാമകന്നുമന്മാനസേ
ധന്യനായേറ്റംകൃതാർത്ഥനായ്വന്നുഞാ
നിന്നുഭവാന്മാരെഴുനെള്ളിയമൂലം
മുന്നമുള്ളോരുസുകൃതഫലത്തിനാ
ലിന്നെഴുനെള്ളുവാൻസംഗതിവന്നതും
നന്മയുംവന്നുകുലവുംവിശുദ്ധമായ്
ജന്മസാഫല്യവുമിന്നുവന്നുമമ
ഉത്തമന്മാരായനിങ്ങളെല്ലാവരു

Digitized By Kerala Sahitya Akademi

മൊത്തെഴുന്നെള്ളുവാനെന്തൊരുകാരണം
കാരുണ്യമുണ്ടാകതന്നെയോമററിന്നു
കാൎയ്യങ്ങളേതാനുമുണ്ടായ്വരികയോ
എന്തെങ്കിലുമരുൾചെയ്കതുചെയ്വതി-
നന്തരമില്ലേതുമെന്നതുനിൎണ്ണയം
രാമവാക്യംകേട്ടുമാമുനീന്ദ്രന്മാരു
മാമോദമോടരുൾചെയ്തുതുടങ്ങിനാർ
രാമഹരേജയരാമഹരേജയ
കോമളരൂപജയരഘുനായക
സൂൎയ്യകുലമണിദീപജയജയ
ശൌൎയ്യനിധേജയസീതാപതേജയ
രാത്രിഞ്ചരരെയൊടുക്കിജഗത്തിങ്ക-
ലാൎത്തിതീൎത്തീടിനമൂൎത്തേജയജയ
രാവണൻതന്നാലുപദ്രുതന്മാരായ
ദേവകളൎത്ഥിക്കകാരണംഭൂതലേ
മായാമനുഷ്യനായ്വന്നുപിറന്നൊരു
മായാമയനായദേവനല്ലോഭവാൻ
എന്നാകിലുംമൎത്ത്യഭാവംവഹിക്കയാ-
ലിന്നതിനൊത്തതുചൊല്ലുന്നുഞങ്ങളും
താപസന്മാരായഞങ്ങളെല്ലാടവും
താപമകന്നുതപസ്സുചെയ്യുന്നതും
പിന്നെയുംവേണ്ടുന്നകൎമ്മങ്ങൾചെയ്വതും
മന്നവനിന്നുടെരക്ഷകൊണ്ടല്ലയോ
ഭൂപരിപാലനംമുന്നമിതുപോലെ

Digitized By Kerala Sahitya Akademi

ഭൂപതിവീരരിൽ ചെയ്യവരില്ലടോ
ഇന്നുമധുവനത്തിന്നുസമീപത്തു
നന്നായ്ക്കുപം ചെയ്തിരിക്കുന്നുഞങ്ങളും
തത്രലവണനെന്നുണ്ടൊരുദാനവ
നെത്രയുംദുഷ്ടനവനെന്നറിഞ്ഞാലും
താപസന്മാൎക്കുംദ്വിജന്മാൎക്കുമേററവും
ആപത്തവൻമൂലമുണ്ടായ്വരികയാൽ.
ഓരോദിശിപോയൊളിച്ചിതെല്ലാവരും
പാരാതെഞങ്ങളുമത്രവനാടിനേൻ
ഇഷ്ടിയുമുത്തമമാകുംക്രതുക്കളും
മുട്ടിയെന്നല്ലഗ്നിഹോത്രവുംനഷ്ടമായ്
കഷ്ടമതുകൊണ്ടുവൃഷ്ടിയുംനഷ്ടമാം
വൃഷ്ടിയുംലോകത്തിനില്ലാതെയായ്വരും
നാട്ടിൽപ്രജകൾക്കുപുഷ്ടിയില്ലായ്കിലോ
വാട്ടംഭവാനുഭവിക്കുമതുമൂലം
ദുഷ്ടനെക്കൊന്നുവിശിഷ്ടജനങ്ങളെ
ദുഷ്ടവിനാശനകാത്തുകൊള്ളേണമേ
ഇത്തരംമാമുനിമാരുടെവാക്കുകേ
ട്ടുത്തരമേവമരുൾചെയ്തുരാഘവൻ
ദുഷ്ടനെവൈകാതെകൊന്നുനിരാമയം
ശിഷ്ടരാംനിങ്ങളെപ്പാലിച്ചുകൊള്ളുവൻ
ആരുടെപുത്രനവനെന്നതുമവ
നാരെഭജിച്ചുവരങ്ങൾലഭിച്ചതും
നിത്യവുംവാഴുംപ്രദേശവുംമാമുനി

Digitized By Kerala Sahitya Akademi

സത്തമന്മാരായനിങ്ങൾ ചൊല്ലീടണം
എന്നതുകേട്ടമുനികളും ചൊല്ലിനാ
രിന്നതു ചൊല്ലവൻകേട്ടുകൊൾകെങ്കിലോ
പണ്ടുമധുവാമസുരവരൻനീല
കണ്ഠനെനന്നായ്തപസ്സു ചെയ്തീടിനാൻ
ഭക്തപ്രിയൻപ്രസാദിച്ചൊരുശൂലവും
തപ്തായസംകൊണ്ടുനിർമ്മിച്ചുനൽകിനാൻ
ശൂലംശരീരത്തിലോറ്റതെന്നാകിലോ
കാലപുരംഗമിച്ചീടുമാരെങ്കിലും
അങ്ങിനെയുള്ളൊരുശൂലവുംകയ്ക്കൊണ്ടു
മങ്ങാതെവണ്ണൊരുകാട്ടിലിരുന്നവൻ
നല്ലൊരുകോട്ടകിടങ്ങുകളെന്നിവ
എല്ലാംപണിചെയ്തുറപ്പിച്ചനന്തരം
ദന്തികളശ്വങ്ങൾതേരുകളുംപുന
രന്തമില്ലാതൊരുകാലാൾപ്പടയൊടും
രാജ്യങ്ങളെല്ലാമടക്കിജനങ്ങളാൽ
പൂജ്യനായ്മേരുദേനവാണു ചിരകാലം
ആരെയുംദ്വേഷിക്കയില്ലവനെന്നുമേ
മാരാരിതങ്കലെ ഭക്തിയുണ്ടാകയാൽ
അന്നുമധുവസിച്ചീടുകകാരണ
മിന്നുംമധുവനമെന്നു ചൊല്ലുന്നതും
അങ്ങിനെവാഴന്നനാളസുരേന്ദ്രനു
മങ്ങൊരുനാൾപുറപ്പെട്ടുപടയുമായ്
ലങ്കയിൽചെന്നുകടന്നുയദ്ധ്യുചെയ്താ

Digitized By Kerala Sahitya Akademi

ശങ്കാരഹിതംവിഭീഷണനെക്കണ്ടു
രാവണമാതൃസഹജസുതയായ
കോമളഗാത്രിയാംകുംഭീനസിതന്നെ
കണ്ടുകാമിച്ചുരഥത്തിലേററിദ്ദശ
കണ്ഠനില്ലായ്കയാൽകൊണ്ടുപോന്നീടിനാൻ
രക്ഷിവൃന്ദങ്ങളുടുത്തൊരുനേരത്തു
തൽക്ഷണംശൂലേനനിഗ്രഹിച്ചീടിനാൻ
തന്നുടെമന്ദിരംപുക്കുമധുതാനും
തന്വംഗിയോടുംസുഖിച്ചുവാണീടിനാൻ
വൃത്താന്തമൊക്കയുംകേട്ടുദശാനനൻ
യുദ്ധത്തിനായിപ്പുറപ്പെട്ടുസത്വരം
ചെന്നുമധുപുരിപുക്കൊരുനേരത്തു
വന്നുമധുവുംപടയൊടുക്കൂടവേ
വാരിജലോചനയായകുംഭീനസീ
പാരാതെരാവണനൊടുചൊല്ലീടിനാൾ
പോരുംപരിഭവംവീരശിഖാമണേ
പോരായ്മയില്ലാനിനക്കിതുകൊണ്ടേതും
രാക്ഷസക്കുവിധിയല്ലയൊസോദരാ
രാക്ഷസമായിവിവാഹംമഹാമതെ
അത്രയുമല്ലിവനെജ്ജയിച്ചീടുവാ
നിത്രികലോകത്തിങ്കലാരുമില്ലോർക്കനീ
ശൂലധരൻപ്രസാദിച്ചുകൊടുത്തൊരു
ശൂലമിവൻകയ്യിലെപ്പൊഴുമുണ്ടെടൊ
എന്നിയെനിയ്യിവനെകുലചെയ്കിലൊ



Digitized By Kerala Sahitya Akademi

വൻകൂട്ടംമമവൈധവ്യമാകയാൽ
സഖ്യവുംചെയ്കിനിനിങ്ങളിരുവരും
സൗഖ്യമായ്വാഴ്കയോഗ്യമെന്നോക്കനീ
സോദരിതന്നുടെവാക്യങ്ങൾകേട്ടതി
മോദമോടുംപറഞ്ഞീടിനാൻരാവണൻ
നിന്മതമങ്ങിനെയെങ്കിലിനിക്കത്ര
സന്മതമൈത്ര്യമെന്നുരചെയ്തുടൻ
തങ്ങളിൽസഖ്യവുംചെയ്തങ്ങിരിവരും
തിങ്ങിനമോദേനവാണചിലദിനം
സ്ത്രീധനമെല്ലാംകൊടുത്തുദശാനനൻ
ബാധയകന്നുപുരിക്കപോയീടിനാൻ
അന്നുമധുവിന്നുനന്ദനനായിട്ടു
വന്നുപിറന്നുലവണനറികനീ
ബാലനായന്നെതുടന്നിതുദുഷ്ടതാ
ശീലവുമൈത്ര്യംക്രൂരമായ്വന്നതെ
താതൻമഹാഗുണശാലിയെന്നാകിലും
മാതൃവശാലവൻദുഷ്ടനായ്വന്നതെ
നല്ലതോരോന്നെപറഞ്ഞുശിക്ഷിച്ചിട്ടു
മില്ലവനേതുംഗുണമെന്നുറക്കയും
ശങ്കരഭക്തിയുമില്ലെന്നുകാൺകയാൽ
ശങ്കകൂടാതെവെടിഞ്ഞുമധുതാനും
ചെന്നുഹിമാലയംപുക്കഗിരീശനെ
നന്നായ്തപംചെയ്തുവാണുകൊണ്ടീടിനാൻ
ദുഷ്ടനായീടുംലവണൻപ്രജകളെ

Digitized By Kerala Sahitya Akademi

പെട്ടന്നുപദ്രവംചെയ്തുതുടങ്ങിനാൻ
പശ്ചിമവാരിധിമദ്ധ്യേമയനൊരു
വിശ്വൈകമോഹനമായപുരമതും
നിൎമ്മിച്ചുനൽകിനാനിപ്പൊളവനതിൽ
നന്മയിൽവാഴുന്നുനിത്ത്യവുംരാഘവ
നിത്ത്യവുംനാട്ടിൽകടന്നുജനങ്ങളെ
പ്പൊത്തിപ്പിടിച്ചുവധിക്കുമവനെടൊ
സ്വൈരസഞ്ചാരത്തിനായിട്ടിനെദിനെ
നാരിമാരൊടുംവരുമവൻകാനനെ
ലീലക്കൊരുമ്പെട്ടുപോരുന്നനേരത്തു
ശ്ശൂലമെടുക്കയുമില്ലവനോൎക്കെടൊ
ശില്പമാമൈന്ദ്രാസ്ത്രമെയ്തുലവണനെ
യപ്പോൾവധിക്കാമതിനില്ലസംശയം
ശ്ശൂലമവൻകയ്യിലുണ്ടെന്നിരിക്കിലൊ
ശ്ശൂലപാണിക്കുംവധിപ്പാൻപണിയത്രെ
വൃത്താന്തമൊക്കയുംചൊന്നെനിനിനിന്ന
ക്കൊത്തതുചെയ്തുകൊണ്ടാലുംരഘുപതേ
മാമുനിമാരുടെവാക്യങ്ങൾകേൾക്കയാ
ലാമോദമൊടുപറഞ്ഞിതുരാമനും
നിങ്ങൾക്കകാരുണ്യമെന്നിലുണ്ടാകയാൽ
മംഗലംവന്നീടുമല്ലൊജഗത്തിനും
എങ്കിലെല്ലാവരുമിന്നെഴുന്നെള്ളുക
സങ്കടംതീൎത്തുഞാൻപാലിച്ചുകൊള്ളുവൻ.
ഇത്ഥമരുൾചെയ്തതാപസന്മാരെയും

Digitized By Kerala Sahitya Akademi

ചിത്തമോദത്തൊടയച്ചിതുരാഘവൻ
മാമുനിമാരും പ്രസന്നമനസ്സൊടും
രാമരാമേതിജപിച്ചുപോയീടിനാർ
അന്നേരമാശുശത്രുഘ്നനും രാമനെ
വന്ദിച്ചുമോദമോടാശു ചൊല്ലീടിനാൻ
ദാനവന്തന്നെവധിച്ചുവന്നീടുവാൻ
ഞാനൊരുത്തൻപോരുമെന്നതു നിർണ്ണയം
ചിത്തകാരുണ്യമിന്നെന്നിലുണ്ടായിട്ടു
സത്വരം പോവാനനുജ്ഞനൽകേണമേ
സോദരൻ ചൊന്നതുകേട്ടു രഘുവരൻ
സാദരം പുഷ്പകംതന്നെയും ധ്യാനിച്ചു
ആകാശമൊക്കെനിറഞ്ഞ തേജസ്സൊടു
മാകുലംകൂടാതെവന്നു വിമാനവും
ശത്രുഘ്നനൊടുരചെയ്തിതു രാഘവൻ
സത്വരം പോകനീ ദൈത്യവധത്തിനായ്
യുദ്ധപരിചയമില്ലായ്കയും തവ
ശത്രു മഹാബലവാനായ്‌വരികയും
ചന്ദ്രചൂഡൻതൻവരങ്ങളുണ്ടാകയു
മെന്നിവയെല്ലാം നിനച്ചു ചൊല്ലുന്നു ഞാൻ
ശത്രുക്കളല്ലരെന്നോർക്കരുതേതുമെ
ചിത്തവും നന്നായുറപ്പിച്ചു നിൽക്കേണം
സപ്തപദാദികളൊന്നും പിഴയാതെ
കെല്പൊടു സംഗരം ചെയ്ക നീ ബാലക
മായാഹരമാം സുദർശനാസ്ത്രം കൊണ്ടു

Digitized By Kerala Sahitya Akademi

മായകളെല്ലാംനശിപ്പിച്ചുകൊൾകനീ
നിന്നിലെസ്നേഹമധികമുണ്ടാകയു
മിന്നുനിനക്കുഞാനഗ്രജനാകയും
എന്നിൽനിനക്കുള്ളഭക്തികൾകാൺകയു
മെന്നിവകൊണ്ടുപറയുന്നിതൊക്കയും
വീര്യമില്ലെന്നുനിനച്ചല്ലചൊല്ലുന്നു
വീരശിഖാമണെപോയാലുമെങ്കിലൊ
പുഷ്പകമേറിപ്പടയുമൊരുമിച്ചു.
തല്പരംപ്രാപിച്ചപാർത്തുസമയവും
ശത്രുക്കളെകുലചെയ്തുവൈകാതെനീ
അത്രവരികഭവതുതെമംഗലം
ഇത്ഥമരുൾചെയ്തുരാഘവനുംമുദാ
ചിത്രമാംതന്നുടെചാപവുംനല്കിനാൻ
രാമനെയുംമററുമഗ്രജന്മാരെയു
മാമോദമൊടുവന്ദിച്ചശത്രുഘ്നനും
ആനതേർകാലാൾകുതിരപ്പടയുമാ
യാനകദുന്ദുഭിശംഖവാദ്യത്തൊടും
ലോകങ്ങളെല്ലാംമുഴങ്ങുന്നഘോഷമോ
ടാകുലംകൂടാതെപുഷ്പകമേറിനാൻ
നാടുംനഗരവുംകാടുംമലകളും
തോടുംപുഴകളുംരാജ്യങ്ങളെന്നിവ
അററമില്ലാതെകടന്നുപടയുമായ്
തെററന്നുചെന്നുമധുവനംപുക്കതെ
കണ്ടുലവണസഹോദരിയാകിയ

Digitized By Kerala Sahitya Akademi

വണ്ടാർകുഴലിയും ശത്രുഘ്നവീരനെ
ഉണ്ടായകൌതുകത്തോടവികടയും
തണ്ടാർശരാശരമെററു ചിന്തിച്ചതെ
ആരിതൊരുപുരുഷോത്തമനെന്നുടെ
ചാരവെവന്നതുഭാഗ്യമെത്രെമമ
ഇന്ദ്രനൊ ചന്ദ്രനൊ മന്മഥനോ പുന
രിന്ദിരാവല്ലഭനെന്നെവരികയൊ
ആരാകിലുമിവനൊന്നിച്ചിനിമമ
മാരവിനോദങ്ങൾ ചെയ്തുവസിക്കേണം
എന്നുനിനച്ചവൾ തന്നുടെരൂപവും
നന്നായ്മറച്ചതിസുന്ദരീരൂപമായ്
മന്ദംനടന്നുരഘുവരന്തന്നുടെ
സന്നിധൌചെന്നുവിനയസമന്വിതം
മന്ദാക്ഷഭാവേന വക്ത്രവുംകുമ്പിട്ടു
മന്ദസ്മിതംപൂണ്ടുമന്ദമുരചെയ്താൾ
കാമിനിമാരുടെ ചിത്തമിളക്കുന്ന
കോമളാകാരനാകുംഭവാനാരെടൊ
ഘോരമാംകാനനെസഞ്ചരിച്ചീടുവാൻ
കാരണമെന്നതുംചൊൽകമഹാമതെ
നിന്നെയദ്ദൃഷ്ട്യാകണ്ടതുകാരണ
മെന്നുടെജന്മംസഫലമായ്വന്നതെ
വീരശിഖാമണിയായലവണന്റെ
നേരെഭഗിനിയാകുന്നതുഞാനെടൊ
നാരിമണിമാരിലെന്നോടുതുല്യരാ

Digitized By Kerala Sahitya Akademi

സ്സാരിലുംവിണ്ണിലുമില്ലെന്നറികനീ
നന്നായ്പുരുഷതിനാഗ്രഹമുണ്ടെങ്കി
ലെന്നെപരിഗ്രഹിച്ചാലുംമടിയാതെ
ലോകത്രയത്തിലെവിടെയെന്നാകിലും
ആകുലംകൂടാതെസഞ്ചരിക്കാമെടൊ
ആരുമൊരുശത്രുവുണ്ടാകയുമില്ല
വീരശിഖാമണേപോകനാംവൈകാതെ
സ്വൈരമായ്മാരവിനോദത്തിനുള്ളൊരു
സാരങ്ങളെല്ലാമറിഞ്ഞിരിക്കുന്നുഞാൻ
നിന്നെപ്പിരിഞ്ഞൊരുകാണിനേരംപോലു
മിന്നുവസിപ്പതിനാളല്ലഞാനെടൊ
മാരപരിതാപമെല്ലാംകളഞ്ഞെന്നെ
വാരിജലോചനാ കാത്തുകൊള്ളേണമെ
സുന്ദരിതന്നുടെവാക്കുകൾകേൾക്കയാൽ
മന്ദസ്മിതംചെയ്തുചൊന്നുരാഘവൻ
സുന്ദരിമാർമണിമൌലികെബാലികെ
ചന്ദ്രബിംബാനനെകേൾക്കമെവാക്കുകൾ
സൂര്യവംശത്തിൽദശരഥപുത്രനാം
വീര്യവാനാകിയരാമൻമഹാബലൻ
നക്തഞ്ചരകുലകാലനെന്നുള്ളതു
മുഗ്ദ്ധവിലോചനെകേളിയുമില്ലയൊ
ഉത്തമനാകുമവന്റെസഹോദരൻ
ശത്രുവിനാശനൻശത്രുഘ്നനേഷഞാൻ
ദാനവന്മാരെവധിച്ചുജഗത്രയം

മാനമോടെപരിപാലിച്ചുകൊള്ളുവാൻ
ആനതേർകാലാൾകുതിരപ്പടയുമായ്
കാനനെസഞ്ചരിക്കുന്നതറികനീ
ദാനവനാരിമാരൊത്തുവസിപ്പതു
മാനവേന്ദ്രന്മാൎക്കയോഗ്യമല്ലേതുമെ
കാമവികാരങ്ങളേതുമെനിക്കില്ല.
കാമിനീനിങ്കലില്ലാഗ്രഹവുംമമ
കോമളഗാത്രിയായുള്ളനിനക്കതി
കാമുകനായൊരുപുരുഷൻവേണമെ
എന്നതുകൊണ്ടൊരുകാമുകന്തന്നെനീ
നന്നായ്വരിച്ചുകൊണ്ടാലുംമനോഹരെ
എന്നതുഃകട്ടുരചെയ്താൾകൃശോദരീ
സുന്ദരാചൊല്ലുരുതേവമെന്നോടെടൊ
ദീനജനപരിപാലനമല്ലയൊ
മാനവന്മാൎക്കുള്ളധൎമ്മംമഹാമതെ
ദീനയാമെന്നെനീകൈവെടിഞ്ഞീടാതെ
ദീനപരായണകാത്തുകൊള്ളേണമെ
സുന്ദരിമാരാംതരുണീജനങ്ങളെ.
മന്ദഹാസത്തൊടുകാണുന്നൊരുനേരം
കന്ദൎപ്പബാധകളില്ലാതിരിക്കുമൊ
സുന്ദരപുരുഷന്മാൎക്കെന്നുചൊൽകനീ
അത്രയുമല്ലവൾവന്നപേക്ഷിക്കിലും
ചിത്തമിളകാത്തതെത്രയുമത്ഭുതം
കന്ദൎപ്പപീഡാസഹിയാതൊരുനാരീ

Digitized By Kerala Sahitya Akademi

വന്നപേക്ഷിച്ചാലനുസരിയാഞ്ഞിലോ
ഭൂപതിമാൎക്കുവിശേഷിച്ചുമാകിലോ
പാപങ്ങളില്ലയോധൎമ്മങ്ങളാകുന്നീ
എന്നെപ്പരീക്ഷിപ്പതിന്നുരചെയ്കയോ
നിന്നുടെമാനസമായസമാകയോ
വല്ലതെന്നാകിലുമെന്നുടെസന്താപ
മെല്ലാംകളഞ്ഞുനീകാത്തുകൊള്ളേണമേ
ദാനവവീരഭഗിനിയെന്നോൎത്തുനീ
മാനവവീരപരിഗ്രഹിച്ചീടുക
മൃത്യുലോകത്തെഗമിക്കാതെഞാനുമാ
യൊത്തുരമിക്കചിരകാലമൂഴിയിൽ
ഇത്തരംവാക്കുകൾകേട്ടുശത്രുഘ്നനും
ക്രുദ്ധനായുത്തരമാശുചൊല്ലീടിനാൻ
രാവണന്തന്നുടെസോദരിയാകിയ
കേവലംകാമുകിയായവൾതന്നുടെ
നാസികാച്ഛേദംമടിയാതെചെയ്തൊരു
വാസവതുല്യനാംലക്ഷ്മണന്തന്നുടെ
സോദരൻഞാനെന്നറിഞ്ഞുചൊല്ലീടുനീ
ഖേദമിനിക്കവരികയില്ലേതുമേ
നാരിമാരാകിലുംശങ്കകൂടാതെവ
ന്നോരൊന്നിവണ്ണംപറഞ്ഞുതുടങ്ങുകിൽ
വല്ലതുമാപത്തുവന്നീടുമെന്നോൎത്തു
വല്ലവഴിക്കുംഗമിച്ചാലുമാശുനീ
ഇത്ഥമധിക്ഷേപവാക്കുകൾകേട്ടതി



Digitized By Kerala Sahitya Akademi

ക്രുദ്ധയായ്ദാനവനാരിയുംസത്വരം
അന്നംഗിരിരൂപംവെടിഞ്ഞതിഘോരമാം
തന്നുടെരൂപവുംകാട്ടിനിന്നീടിനാൾ
തീക്കനൽപോലെചുവന്നനേത്രങ്ങളു
മാക്കമേറീടുന്നനാസികാരന്ധ്രവും
പാതാളസന്നിഭംജിഹ്വാകുഹരവും
ഭൂതഭയങ്കരമായദംഷ്ട്രങ്ങളും
കംഭീരകണ്ഠലഭീഷണഗണ്ഡവു
മംഭോധിഗംഭീരഘോരനാദങ്ങളും
പർവ്വതശൃംഗസമാനകുചങ്ങളു
മുർവ്വീരുഹംപോലെനീണ്ടഭുജങ്ങളും
മർത്ത്യരക്തങ്ങളണിഞ്ഞഗളമതി
ലസ്ഥിമുണ്ഡാന്ത്രങ്ങൾകൊണ്ടുള്ളമാലയും
താലപ്രമാണമായോരുപാദങ്ങളും
നീലമലപോലെഭീഷണരൂപവും
കണ്ടനേരത്തുജവേനശത്രുഘ്നനും
കണ്ടതക്കൂടാതെവാളെടുത്തീടിനാൻ
വായുംപിളൎന്നവളട്ടഹാസംചെയ്തു
വായുവേഗത്തോടടുക്കുന്നതുകണ്ടു
മൂക്കുന്നകോപമോടേരഘുവീരനും
മൂക്കുംമുലകളുംഛേദിച്ചുതൽക്ഷണം
പാരമായുണ്ടായവേദനകൊണ്ടവൾ
ഘോരമലറിവിറച്ചുഭയത്തോടും
പിന്നാലെശത്രുഘ്നനെത്തുമെന്നോർത്തതി

Digitized By Kerala Sahitya Akademi

ഖിന്നയായ്ത്തീർന്നിപ്പണ്ടോടിത്തുടങ്ങിനാൾ
മാനിനിമാരോടുമൊത്തുലവണനും
കാന്തനെചാഴന്നതപ്പോളറികയാൽ
പുഷ്പകമേറിനടന്നു വേഗത്തോടു
തൽപുരംപ്രാപിച്ചിറങ്ങിവിമാനവും
ചെന്നങ്ങകത്തു കടന്നുവേഗത്തോടു
വന്നടുത്തീടിനാർദാനവവീരരും
രക്ഷിവൃന്ദങ്ങളെയൊക്കവേരാഘവൻ
തൽക്ഷണംബാണങ്ങൾകൊണ്ടുകൊന്നീടിനാൻ
പാരംജ്വലിക്കുന്നശൂലമെടുത്തങ്ങു
വാരിധിതന്നിലെറിഞ്ഞുപോന്നീടിനാൻ
പിന്നെയങ്ങൊക്കെയെടുത്തുകൂടാസ്ത്രയാ
ലിന്നുംജലധിയിലുണ്ടുകിടക്കുന്നു
ചാപബാണങ്ങളുംകയ്യോന്നരാഘവൻ
ഗോപുരദ്വാരംതടുത്തുനിന്നീടിനാൻ
നാലംഗമാകിയസേനകളൊക്കയും
നാലുപുറത്തുമുറച്ചുനിന്നീടിനാർ
സോദരിതാനവിത്രപയായ്ചെയ്തതും
സാഗരമദ്ധ്യേകടന്നങ്ങുചെന്നതും
കേട്ടുവപിച്ചുലവണാസുരൻപട
കൊട്ടുകൾകൊട്ടിപ്പുറപ്പെട്ടുപോരിനായ്
ചെന്നുനിന്നുപുരിപുഷ്കരരാഘവൻ
തന്നോടുകോപിച്ചുചൊല്ലിനാനിത്തരം
ആരാരെടോമമമന്ദിരേവന്നതും

വാരിധിയുംകടന്നാരുമറിയാതെ
മാനിനിമാരോടുപീഴ്ച്ചങ്ങൾകാട്ടുവാൻ
മാനസേലജ്ജയുമില്ലാത്തദുൎമ്മതേ
കാലപുരത്തിൽഗമിപ്പതിനുംതവ
കാലവുംവന്നിതുമൎത്ത്യകുലാധമ
ദാനവവീരരെയുംഞേവധിച്ചോരു
മാനുഷകീടവരികനീപോരിനായ്
ദാനവൻതന്നുടെവാക്കുകൾകേട്ടതി
മാനിയായോരുശത്രുഘ്നനുംചൊല്ലിനാൻ
പൌരുഷമോരോന്നുചൊല്ലുന്നതൊക്കെയും
പോരുതുടൎന്നാലറിയാംജളാശയ!
വാരിധിലംഘിച്ചരാവണനെക്കൊന്ന
വീരനാംരാമന്റെസോദരനേഷഞാൻ
ഇന്നതുപോലെജലധിയുംലംഘിച്ചു
വന്നിതുനിന്നെയുംസംഹരിച്ചീടുവാൻ
താപസന്മാരേയുപദ്രവിക്കുന്നതും
പാപങ്ങൾമറ്റുംപലതരംചെയ്തതും
കേട്ടുകോപിച്ചരഘുവരൻനിന്നെയും
പെട്ടന്നുകൊൽവാൻനിയോഗിച്ചിതെന്നെയും
ദൈവഗതികൊണ്ടുകണ്ടിതുനിന്നെയും
ദൈവംവരുത്തുന്നതാൎക്കൊഴിക്കാവതും
നമ്മിലരനിമിഷംപൊരുതീടുകിൽ
ദുൎമ്മദമെല്ലാമടക്കിവെച്ചീടുവൻ
യുദ്ധമദവുമടക്കിഞാൻനിന്നുടെ

Digitized By Kerala Sahitya Akademi

ശുദ്ധിവരുത്തുവൻബാണഗണങ്ങളാൽ
മല്ലരപൂതനായ്സ്വൎഗ്ഗലോകംഗമി
ച്ചിട്ടാനുകൂലംസുഖിച്ചുവാണീടുക
എന്നതുകേൾക്കയാലേറാവുംകോപമോ
ടൊന്നങ്ങലറിപ്പാഞ്ഞുലവണനും
മാതുലനെക്കൊല ചെയ്തോരുദുഷ്ടനെ
പ്രേതാധിനാഥപുരത്തിലാക്കീടുവാൻ
പോവതിന്നായ്പുറപ്പെട്ടോരുനേരത്തു
ദൈവഗതികൊണ്ടുകണ്ടിതുനിന്നെയും
നിന്നുടെസോദരന്മാരെയുംനിന്നെയു
മൊന്നൊഴിയാതെവധിച്ചുഞാനിപ്പോഴേ
ഭ്രാതാവിനെക്കൊല ചെയ്കയാലെന്നുടെ
മാതാവിനുള്ളോരുശോകമകററുവൻ
മൎത്ത്യരതീവസാധുക്കളെന്നോൎത്തുഞാം
നിത്യനാളുമുപേക്ഷിച്ചുവസിക്കയാൽ
ഇത്തരമോരോന്നുകാട്ടിത്തുടങ്ങിയ
തെത്രയുംനന്നുനന്നെന്നേപറയാവൂ
മാനവന്മാരെവധിക്കയാൽഞാനിനി
മാനുഷജാതികളില്ലെന്നതാക്കുവൻ
ശൂലധരപ്രസാദേനലഭിച്ചോരു
ശൂലമിവിടെഞാൻവെച്ചേച്ചുപോയതും
സ്വൈരമായ്കാനനേസഞ്ചരിക്കുന്നതു
മാരുനിന്നോടുപറഞ്ഞുകശ്മല!
ശൂലമെൻകയ്യിലുണ്ടെന്നാകിൽമുന്നമേ
കാലനൂർപുക്കേനല്ലോനീനരാധമ!

Digitized By Kerala Sahitya Akademi

ഇണ്ടലിനിക്കേതുമില്ലതുകൊണ്ടിനി
കണ്ടുകൊൾകമമവീൎയ്യങ്ങളൊക്കയും
എന്നുരചെയ്തവൻതേരിൽകരയേറി
വന്നുശരമയവൎഷംതുടങ്ങിനാൻ
പുഷ്പകമേറിസ്സുമിത്രാതനയനു
മല്പമല്ലാതെശരങ്ങൾതൂകീടിനാൻ
ദാനവസൈന്യവുംരാഘവസൈന്യവും
മാനമോടേററുപൊരുതുതുടങ്ങിനാർ
പിന്നെയുണ്ടായോരുയുദ്ധകോലാഹല
മിന്നുരചെയ്വതിന്നാവതല്ലാൎക്കുമേ
വില്ലുംശരങ്ങളുംവാളുംപരിചയും
നല്ലചവിളങ്ങൾചാട്ടുകുന്തങ്ങളും
ശക്തികൾശൂലംമുസലംപരിഘവു
മഗ്നിപ്രകാശങ്ങളായചക്രങ്ങളും
നല്ലഗദകൾശതഘ്നിമുസൃണ്ഡിയു
മെല്ലാംധരിച്ചുള്ളസേനകൾതങ്ങളിൽ
ഏറുമൊഴിച്ചുംപതിച്ചുംമരിച്ചുമ
ങ്ങൂററങ്ങൾചൊൽകയുംതെററെന്നടുക്കയും
അംബരമാൎഗ്ഗേനിറഞ്ഞുവിമാനങ്ങൾ
തുംബുരുനാരദന്മാരുംതെളിഞ്ഞുതേ
ആൎത്തുംതിമൎത്തുംകയൎത്തുംനെടുതായി
വീൎത്തുംവിയൎത്തുംമെതിൎത്തുംമഹാരണേ
വീരരായുള്ളവരേററുമരിക്കയും
ഭീരുക്കളായവർമണ്ടികഴിക്കയും

Digitized By Kerala Sahitya Akademi

ഉത്തരന്മാരോരോകോലാഹലംകണ്ടു
ചിത്തമോദത്തോടുനാരദൻപാടിനാൻ
മാനുമോടേവാംപൊരുതുംദേവാന്തക
ദാനവസൈന്യങ്ങളൊക്കെയൊടുങ്ങിതേ
എന്നതുകണ്ടുകോപിച്ചുലവണനാം
വന്നകോപത്തോടുബാണങ്ങൾതൂകിനാൻ
ഛിന്നമായ്വന്നിതുശത്രുഘ്നസൈന്യവും
ഛിന്നമായ് വന്നിതുകാലുംകരങ്ങളും
സേനാവിനാശങ്ങൾകണ്ടുശത്രുഘ്നനും
ദാനവൻതന്നുടെവില്ലുംമുറിച്ചുടൻ-
പാരംമുഴുത്തകോപത്താലരിതന്റെ
സാരഥിയെക്കൊന്നുതേരുംനുറുക്കിനാൻ
ആയുധജാലങ്ങളെല്ലാംനിറച്ചവ
നായോധത്തിന്നുപാഞ്ഞടുത്തീടിനാൻ
പിന്നെയുണ്ടായോരുയുദ്ധങ്ങളെച്ചൊൽവതി
ന്നുഫണീന്ദ്രന്മാൎക്കല്ലനിൎണ്ണയം
കോപിച്ചിരിവരുമേറ്റമടുത്തുടൻ
ചാപംകുലച്ചുശരങ്ങൾതൂകീടിനാർ
ആകാശമൊക്കെനിറഞ്ഞുശരങ്ങളാ
ലാകുലംപൂണ്ടിതുകണ്ടുനിന്നോർകളും
ശസ്ത്രങ്ങളാലുമറഞ്ഞിതാദിത്യനു
മെത്രയുംഘോരമായ്വന്നിതുയുദ്ധവും
അമ്പുകൾവന്നുതറച്ചങ്ങിരുവരു
മമ്പോടുചോരയണിഞ്ഞതുകാൺകിലോ

Digitized By Kerala Sahitya Akademi

ഘോരങ്ങളായ്‌രണ്ടുകിംശുകവൃക്ഷങ്ങൾ
പാരാതെപൂത്തങ്ങുനിൽക്കുന്നതുപോലെ
രംപ്പകലിങ്ങിനേപോർചെയ്തവർകളും
നാല്പതുവാസരംചെന്നോരനന്തരം
ലോകർതമ്മിൽപറഞ്ഞുതുടങ്ങിനാ
രേവമായോധനംകണ്ടീലൊരുനാളും
രാമനുംരാവണനുമായുംപൊരുതതും
ഭൂമിയിൽമറ്റുപലരുംപൊരുതതും
ഇന്നിവർതമ്മിൽപൊരുതോരുപോരിനോ
ടൊന്നുമേതുല്യമല്ലെന്നതുനിർണ്ണയം
മാനവവീരൻജയിക്കുമെന്നുംചിലർ
ദാനവശ്രേഷ്ഠൻജയിക്കുമെന്നുംചിലർ
ഇത്തരംതമ്മിൽപറഞ്ഞുനിൽക്കുന്നേരം
ക്രുദ്ധനായേറ്റമെടുത്തുശത്രുഘ്നനും
നാരാചബാണങ്ങളെയ്തസുരേന്ദ്രന്റെ
തേരുംതകർത്തുവില്ലുംമുറിച്ചീടിനാൻ
നിൽക്കയില്ലെന്നങ്ങുറച്ചസുരേന്ദ്രനും
തൽക്ഷണംതത്രമറഞ്ഞുനിന്നീടിനാൻ
മായകളോരോതരംപ്രയോഗിക്കയാ
ലായാസമുണ്ടായിവന്നുശത്രുഘ്നനും
വന്നുപരന്നിതുവെള്ളമൊരുദിശി
വഹ്നിയുംവന്നുപരന്നിതൊരുദിശി
ഭൂതവേതാളപിശാചസിംഹങ്ങളും
മാതംഗഖഡ്ഗാദിദുഷ്ടമൃഗങ്ങളും

രാഘവസേനയിൽപുക്കതികോപേന
ലാഘവത്തോടുമൊടുക്കിത്തുടങ്ങിനാർ
കല്പാന്തവായുവും വീയിത്തുടങ്ങിനാൻ
കല്പാന്തമേഘങ്ങൾഗർജ്ജനവുംചെയ്തു
കല്പാന്തകാലവുംവന്നിതെന്നോർത്തതി
കെല്പോടുപത്രവർഷംതുടങ്ങിനാർ
നൂറുനൂറായിരംകോടിലവണനെ
വീരോടടുപ്പതുംകണ്ടിതെല്ലാവരും
ഹാഹാശിവശിവഎന്നുനിലവിളി
ച്ചാഹന്തമോഹിച്ചുവീണിതെല്ലാവരും
ദാനവൻതന്നുടെമായകൾകാൺകയാൽ
മാനവവീരനുംമോഹിച്ചുനിന്നുപോയ്
മായകൾകണ്ടുഭയപ്പെട്ടുദേവകൾ
വായുമാർഗ്ഗത്തിങ്കൽനിന്നുചൊല്ലീടിനാർ
മായാവിശാരദനാകുംലവണൻെറ
മായയിക്കാണുന്നതൊക്കയുംരാഘവ
ആയാസമെല്ലാംകളഞ്ഞുവൈകീടാതെ
മായാഹരമായൊരസ്ത്രമയക്കനീ
എന്നതുകേട്ടുശത്രുഘ്നനുമഗ്രജ
ന്മനാപറഞ്ഞതുമൊക്കനിനയ്ക്കയാൽ
മായാഹരമാകുമസ്ത്രംസുദർശനം
മായമൊഴിഞ്ഞുജപിച്ചയച്ചീടിനാൻ
അസ്ത്രാഗ്നിതന്നിൽദഹിച്ചിതുമായക
ളെത്രയുംപാരംതെളിഞ്ഞിതെല്ലാവരും



Digitized By Kerala Sahitya Akademi

കണ്ടിതുദാനവന്തന്നെയത്തുനേരം
മണ്ടിയണഞ്ഞുശത്രുഘ്നനമപ്പൊഴേ
കോപിച്ചവനോടുചൊല്ലിനാൻനീമഹാ
പാപകൎമ്മങ്ങളെച്ചെയ്തതിൻെറഫലം
നന്നായനുഭവിച്ചീടുവാൻകാലവും
വന്നിങ്ങടുത്തതുകാൺകനീദുൎമ്മതേ
എന്നുരചെയ്തുമഹേന്ദ്രമാമസ്ത്രത്തെ
നന്നായഭിമന്ത്രണാചെയ്തുരാഘവൻ
വില്ലുംകുഴിയെക്കലച്ചുതൊടുത്താശു
കല്യാണശീലനായീടുന്നരാമനെ
മാനസത്തിങ്കലുറപ്പിച്ചുസാദരം
മാനവവീരനയച്ചിതുസത്വരം
പത്തുദിക്കുംപ്രകാശിച്ചുതേജസ്സോടു
മെത്രയുംവേഗേനചെന്നുടനസ്ത്രവും
ദാനവന്തൻെറശിരസ്സുമറുത്തുപോയ്
മാനമോടബ്ധിയിൽചെന്നുമുങ്ങീടിനാൻ
ആഹവംകണ്ടുവസിക്കുംജനങ്ങളും
ഹാഹാശിവശിവഎന്നുചൊല്ലീടിനാർ
പുഷ്പവൎഷംചെയ്തുദേവകൾമോദമോ
ടപ്സരസ്ത്രീകളുംനൃത്തംതുടങ്ങിനാർ
ദിക്കുകളൊക്കെപ്രസന്നമായേററവും
അൎക്കനുംനന്നായ്തെളിഞ്ഞുവിളങ്ങിനാൻ
ദുഷ്ടനായോരുലവണനെക്കൊൽകയാൽ
തുഷ്ടികലൎന്നിതുലോകങ്ങളൊക്കയും

Digitized By Kerala Sahitya Akademi

മാമുനിമാരുംപ്രസാദിച്ചെഴുന്നെള്ളി
രാമസഹജനെക്കണ്ടുചൊല്ലീടിനാർ
വീരശിഖാമണേദാശരഥേജയ
ശൌര്യനിധേജയകാരുണ്യവാരിധേ
ഇത്രപരാക്രമമുള്ളോരസുരനേ
നിഗ്രഹംചെയ്തതുമെത്രയുമത്ഭുതം
വീരനായീടുമിവനെവധിക്കയാൽ
വീര്യവാന്മാരിൽവെച്ചഗ്രഗണ്യൻഭവാൻ
ദുഷ്ടരെയെല്ലാമൊടുക്കിവിശുദ്ധരായ്
ശിഷ്ടരാംഞങ്ങളെപ്പാലിച്ചതുംഭവാൻ
സന്താപമെല്ലാമകന്നുഞങ്ങൾക്കിന്നു
സന്തോഷവുംപരിപൂർണ്ണമായ്വന്നുതേ
കീർത്തിയുമാകല്പമുണ്ടായ്വരികതേ
ധാത്രിയുംപാലിച്ചിരിക്കചിരകാലം
ഇത്ഥമനുഗ്രഹംചെയ്തുമുനികളും
ചിത്തമോദത്തോടുമങ്ങെഴുന്നെള്ളിനാർ
ശത്രുഘ്നനുംമുനിമാരെപ്പറഞ്ഞയ
ച്ചത്യന്തമോദേനതത്രവാണീടിനാൻ
രാമനാൽദത്തമായീടിനരാജ്യവും
ആമയംകൂടാതെപാലിച്ചുരാഘവൻ
രാജ്യാഭിഷേകംകഴിച്ചുജനങ്ങളാൽ
പൂജ്യനായ്യേറുനാൾവാണോരനന്തരം
രാമനെച്ചെന്നുവന്ദിച്ചുവൃത്താന്തങ്ങ
ളാമോദമോടുമുണർത്തിച്ചുകൊള്ളുവാൻ

Digitized By Kerala Sahitya Akademi

പുഷ്പകമായവിമാനമേറിക്കൊണ്ടു
വില്പാടയോദ്ധ്യക്കടുത്തുചെല്ലുംവിധൌ
മാനവേന്ദ്രൻകേട്ടുരാജ്യമലംകരി
ച്ചാനകദുന്ദുഭിശംഖനാദങ്ങളും
ഘോഷിച്ചെതിരേററുചെന്നൊരുനേരത്തു
തോഷിച്ചുശത്രുഘ്നനും വണങ്ങീടിനാൻ
ഗാഢമായാശ്ലേഷവും ചെയ്തുരാമനു
മൂഢമോദത്താൽമടിയിലിരുത്തിനാൻ
പ്രാണസമാനനായോരു സഹജനെ
പാണിപത്മം കൊണ്ടുമന്ദംതലോടിനാൻ
മാനിയാംരാഘവൻമാനിച്ചുകാരണ
മാനന്ദപൂർണ്ണനായ്വന്നുശത്രുഘ്നനും
വൃത്താന്തമൊക്കയുംചോദിച്ചുരാമനും
ചിത്തമോദത്തോടുണർത്തിച്ചിതൊക്കയും
ദാനവൻതന്നെവധിച്ചോരുവാർത്തകൾ
മാനിച്ചുകേട്ടുരചെയ്തിതുരാമനും
ഇത്രപരാക്രമമുള്ളോരുപൂരുഷ
രിത്രിലോകത്തിങ്കലില്ലനിന്നെപ്പോലെ
ശത്രുക്കളെക്കുലചെയ്തതുകാരണം
ശത്രുഘ്നനെന്നുള്ളനാമവുംസത്യമായ്
വീരനായുള്ളനീയുണ്ടാകകാരണം
ഭാരമിനിക്കകുറഞ്ഞുവന്നുതുലോം
ഇത്രനാളുംനീവരാഞ്ഞതുകാരണ
മെത്രയുണ്ടായിതുദുഃഖമെന്മാനസേ

Digitized By Kerala Sahitya Akademi

ചിന്തയുമുള്ളിൽമുഴുത്തുദിനന്തോറു
മന്ധനായ്ത്തന്നെവസിച്ചിതുബാലക
വന്നുനിയെന്നിങ്ങുകേട്ടനേരംതന്നെ
വന്നുസുഖംമമസത്യമെന്നോക്കനീ
വൈരികളെക്കൊലചെയ്യാതെനിഞ്ഞിങ്ങു
പോരികയില്ലെന്നിനിക്കുണ്ടുനിണ്ണയം
യുദ്ധശ്രമങ്ങളുംതീൎത്തുനാമൊന്നിച്ചു
ബദ്ധമോദത്തോടിരിക്ക ചിരകാലം
മുന്നംലവണനടക്കിയരാജ്യങ്ങ
ളിന്നുനിനക്കുഞാൻതന്നേനറിക നീ
എന്നരുൾചെയ്തവിടെക്കശത്രുഘ്നനേ
മന്നവനായഭിഷേകവുംചെയ്തുടൻ
സോദരന്മാരോടുമൊന്നിച്ചുരാമനും
മോദവുംകൈക്കൊണ്ടുതത്രവാണീടിനാൻ
ഇന്നിനിച്ചൊൽവാനവസരമില്ലിനി
ക്കെന്നുരചെയ്തുകിളിയുമടങ്ങിനാൾ

രണ്ടാമദ്ധ്യായം സമാപ്തം

—ooːooːoo—

## മൂന്നാമദ്ധ്യായം

സകലശുകതരുണിജനമടിമലർവണങ്ങിടും
സാരസ്യമേറുന്നശാരികപ്പൈതലേ
കഥകളതിമധുരമിതുസകലമപിചൊല്ലുവാൻ

Digitized By Kerala Sahitya Akademi

കാലമിനിക്കളഞ്ഞീടരുതേത്തമേ.
രജനിചരവനദഹനനഖിലജഗദീശ്വരൻ
രാമചന്ദ്രൻപിന്നെയെന്തൊന്നു ചെയ്യത്തും
വിപിനഭുവിനിജരമണനാവിരഹപരിതപ്തയായ്
വാണോരുവൈദേഹിയെന്തൊന്നു ചെയ്തതും
പാകപാകതുസകലമറിവതിനുഞങ്ങൾക്കു
പാരമുണ്ടാഗ്രഹം ചാരുകളേബരേ
കളമൊഴികൾവചനമിതികിളിമകളുമാദരാൽ
കേട്ടുകൊണ്ടാടിപ്പറഞ്ഞുതുടങ്ങിനാൾ
അഖിലഗുണഗണമുടയരഘുവൃഷഭനക്കാലം
അശ്വമേധം ചെയ്കവേണമെന്നോക്കയാൽ
ദശവദനതനയരിപുസുതനോടതിസാദരം
ദുഃഖങ്ങളെല്ലാംമറച്ചുചൊല്ലീടിനാൻ
മമതനയഗുണനിലയനയവിനയവാരിധേ
മാത്താണ്ഡവംശതിലകമേകേൾക്കനീ
തവജനകനമിതഭുജബലമുടയലക്ഷ്മണൻ
താനുംഭരതനുംശത്രുഘ്നവീരനും
നിഖിലഗുണഗണനിലയനമിതബലശാലിയാം
നീയുമെനിക്കസഹായമുണ്ടാകയാൽ
സകലരിപുജയവുമതിവിപുലതരകീർത്തിയും
സാർവ്വഭൌമത്വവുംവന്നിതെല്ലാമമ
നരപതികളൊരുവരിഹനഹിനഹിമഹീതലേ
നമ്മോടുതുല്യരായെന്നതുംവന്നുതേ
ഭുവനമതുസകലമപിനിജവശമതാകിലോ

Digitized By Kerala Sahitya Akademi

ഭൂപതിമാക്കശ്വമേധംകഴിക്കേണം
അതിനരഥകരിതുരഗസഹിതബലയുക്തനായ്
അശ്വംനടത്തിവരികവൈകാതെനീ
ചതുരതയുമിഹ സമരപടുതയുമോക്കിലോ
ചന്ദ്രകേതോതവതുല്യരല്ലാരുമേ
എത്രപൊരുതുവരുമവരെവിരവോടുജയിക്കണം
എന്നതുകൊണ്ടുനീതന്നെഗമിക്കണം
മമതയൊടുവിരവിനൊടുകരമതുതരുന്നോരെ
നന്നായ്പറഞ്ഞിങ്ങുകൊണ്ടുപോന്നീടണം
സകലദിശിമരുവിനൊരുമനുജരുടെമാനസേ
സന്താപവുംതീത്തുസൌഖ്യംവരുത്തണം
മുനിവർരെനിഖിലരെയുമഴകിനോടുവന്ദിച്ചു
മൂന്നുമാസത്തിന്നകത്തുവന്നീടണം
സകലരിപുജയവുമതിവിപുലതരകീത്തിയും
സംഭവിക്കുംതവവൈകാതെപോകനീ
അതിമധുരമിതിജനകവചനമതുകേൾക്കയാൽ
ആനന്ദമേടുരചൈതാൻകുമാരനും
അയിജനകതവ ചരണകമലയുഗമെപ്പൊഴും
ആത്മനാചിന്തിച്ചുവാഴുന്നുസാദരം
പിതൃചരണപരിചരണമിഹജഗതിദേഹിനാം
പാരിച്ചധമ്മിതെന്നുകേൾപ്പുണ്ടുഞാൻ
സകലനൃപകുലതിലകതവകരുണയുണ്ടെങ്കിൽ
സവ്വകാഗ്യങ്ങളുംസാധിപ്പനിന്നുഞാൻ
രജനിചരസുരമനുജവരരുമൊരുമിക്കിലും

Digitized By Kerala Sahitya Akademi

രാഘവനിൻമുമ്പിൽനില്ക്കയില്ലാരുമേ
സഹജസുതസചിവഭടകരിതുരഗമെന്നിവ
ന വ്വമലംകാരമാത്രമല്ലോതവ
അഖിലനരപതികൾതവ ചരണഗതരെങ്കിലും
അശ്വമേധംകഴിക്കുന്നിതെല്ലാവരും
അറിവതിനുകിമപിബലസഹിതമതിവേഗമോ
ടശ്വംനടത്തിവരുന്നതുണ്ടേഷഞാൻ
രഘുവരനൊടിതിസരസമവനുമുരചെയ്തുടൻ
രാമപാദങ്ങളുംവന്ദിച്ചുസാദരം
നിജജനകജനനിഗുരുജനപദയുഗങ്ങളും
നീതിയിൽവന്ദിച്ചനുജ്ഞയോടപ്പൊഴേ
കരിതുരഗരഥസഹിതബലമൊടുമഹാരഥൻ
കാഞ്ചനചിത്രമാംതേരിൽകരേറിനാൻ
ശിശധവളമൊരുതുരഗവരമതിമഹാജവം
ശാതകുംഭാഭരണങ്ങളണിയിച്ചു
രട്ടസമോട്ടുകനകമയമൊരുനിഗളവുംഗളേ
രാമനാമാങ്കിതപത്രവുംകെട്ടിനാൻ
പടപടഹകരിതുരഗരഥമനുജഘോഷവും
പാരംമുഴങ്ങിക്കലുഞ്ഞീധരണിയും
അതിജവമോടമിതബലസഹിതനഥരാഘവ
നത്തൽകൂടാതെനടന്നുതുടങ്ങിനാൻ
പഥിവിവിധമത്ഭുതതരശകുനമതുകാണ്കയാൽ
പാർത്ഥിവനന്ദനൻചിന്തചെയ്തീടിനാൻ
അത്ഭുതതരശകുനമിഹപലതുമുളവാകയാ

Digitized By Kerala Sahitya Akademi

ലാപത്തുവന്നീടുമില്ലൊരു സംശയം
കനകനിറമുടയമമകരകലിതകാർമ്മുകം
കയ്യിൽനിന്നാശു നിലത്തു പതിക്കയാൽ
ഒരു പിഴയുമിഹ സമരമതിൽ മമ ഭവിച്ചീടു
മാപാദചൂഡം വിറയ്ക്കുന്നു ദേഹവും
ദേവദനമഥ നിജയ ദശരഥതനൂജമാം
സൈന്യങ്ങൾ കൂടാതെ കാത്തുകൊള്ളേണമേ
പലവിധവുമിത്ഥമനസി കരുതി നൃപനന്ദനൻ
പാരാതെ ലോകം വഴിക്കു ഭൂപാലരും
മഹിതഭുജബലമുടയ രഘുവരകുമാരനു
മാനിച്ചു കാഴ്ചകൾ വെച്ചു വണങ്ങിനാർ
നൃപതികളോടവനുമതിസരസതരവാക്കുകൾ
നന്നായ്പറഞ്ഞു സന്തോഷം വരുത്തിനാൻ
മദമുടയ തുരഗവരനമിതജവമുൾക്കൊണ്ടു
മണ്ടിത്തുടങ്ങിനാനാരുമെക്കൂടാതെ
മനുജജനരഹിതമൊരു വിപിനമതിലുൾപ്പുക്കു
മണ്ടിത്തുടങ്ങിനാനങ്ങുമിങ്ങും ദ്രുതം
വിഗതഭയമഥ തുരഗവരനുമതിവേഗേന
വാല്മീകി വാഴുന്ന കാനനം പുക്കതേ
മുനിസുതരുമപി ച കുശലവരുമൊരുമിച്ചുടൻ
മോദേന കാനനം പുക്കിതു തൽക്ഷണേ
ഹരിണകപികരിമഹിഷശരഭവൃകയൂഥവും
ഹര്യക്ഷവൃന്ദവും കണ്ടുകണ്ടങ്ങിനെ
അതിമഹിതകുതുകമൊടു വനഭുവി നടന്നവ



Digitized By Kerala Sahitya Akademi

രശ്വരത്നത്തെയുംകണ്ടോരനന്തരം
അടവിയതിൽമരുവുന്നൊരുമുനിവരകുമാരരി
ങ്ങശ്വങ്ങളെപ്പണ്ടുകണ്ടതില്ലാരുമെ
അതിധവളമൊരുമൃഗമിതതിശയമഹോപാര
മാശ്ചര്യമുണ്ടായ്വരുന്നിതുമാനസേ
സുഭഗതരമുഖവുമതിരുചിരതരദേഹവും
സൂക്ഷ്മപ്രകാശങ്ങളായരോമങ്ങളും
പവനനൊടുസമഗതിയുമകൃശതരഗാത്രവും
പാർക്കിലാനന്ദംവളരുന്നുമാനസേ
അതികുതുകമൊടുലവനമിതിഖിലതപോധനരൊട
നശ്വരത്തെപ്പിടിച്ചുകെട്ടീടിനാൻ
കനകമയനിഗളമതുമതിമൃദുശരീരവും
കണ്ടുകണ്ടേറ്റംരസിച്ചോരവർകളും
കളികളൊടുമവർമരുവുമളവിലഥതൽഗളേ
കണ്ടിതുരാമനാമാങ്കിതപത്രവും
മുനിസുതരുമതുപൊഴുതുലവനൊടഥചൊല്ലിനാർ
മാനിച്ചയച്ചാലുമശ്വരത്നത്തെനീ
രണശിരസിസകലരിപുവരരെയുമൊടുക്കിയ
രാമനിന്നശ്വമേധംകഴിച്ചീടുവാൻ
വിഗതഭയമിഹതുരഗവരമതുനടത്തുന്നു
വിട്ടീലഎന്നാലനർത്ഥമുണ്ടായ്വരും
തടയുമൊരുസമയമിഹനരപതിവരുംവിധൌ
താപസബാലരാംനാമെന്തുചെയ്വതും
മുനിസുതരുമിതിപറയുമളവുലവബാലകൻ

Digitized By Kerala Sahitya Akademi

മറെറാരുരാമനെന്നോൎത്തു ചൊല്ലീടിനാൻ
പായമതുലവനൊടിവമുനിബാലകുമാരരെ
പേടിയില്ലേതുമെനിക്കിന്നു രാമനെ
മമജനകമുനിയുടയ കരുണയുള്ള വാക്കയാൽ
മണ്ടിപ്പനെന്നോടുപോർചെയ്യുവാരെഞാൻ
മതിയിലതിഭയമുടയപൃഥുകരിഹനിങ്ങളും
മിണ്ടാതൊളിപ്പൊരുകോണിൽവാണീടുവിൻ
അതുപറയുമളവുന്നുപസൂതനമതിവേഗമോ
ടശ്വരത്താരെത്തിരഞ്ഞുചെണീടിനാൻ
മുനിസുതരൊടടുത്തുപൊഴുതുശേഷം ഫ സൃതാത്മജൻ
മന്ദസ്മിതംപൂണ്ടുമന്ദമായ്ചൊല്ലിനാൻ
തരികമമതുരഗമിതുമുനിവരകുമാരരേ
താപസന്മാൎക്കിതുകൊണ്ടെന്തൊരുഫലം
കനകമണിരചിതമൊരുതുരഗമതുനൽകിടാം
ക്രീഡിപ്പതിന്നുനിങ്ങൾക്കുകുമാരരേ
നരപതിയൊടടുത്തുപൊഴുതുലവനുമഥ ചൊല്ലിനാൻ
നല്ലതിനെല്ലാൎക്കുമാഗ്രഹമുണ്ടെടോ
അമിതഗുണഗണമുടയനരപതികളൊക്കയു
മാഗ്രഹമുള്ളതുനൽകമെല്ലാൎക്കുമേ
അതിലുമിഹമുനിവരരുമവനിസുരവൃന്ദവും
അത്യന്തഭാജനമല്ലയോ ഭൂപതേ
സകലജഗദധിപതികൾനരപതികളാകയാൽ
സംഖ്യയില്ലാതോളമശ്വങ്ങളില്ലയോ
മനസിതവകരുണയൊടുമതിലൊരുതുരംഗമം

Digitized By Kerala Sahitya Akademi

മാനിച്ചുഞങ്ങൾക്കു നൽകിയാലെന്തെടോ
ഒരുതുരഗമിതുമനസി കൃപയൊടുതരുന്നാകി
ലൊത്തവണ്ണംവരുമൊക്കെനിനക്കെടോ
ലവനുടയവചനമതിസരസമിതികേൾക്കയാൽ
ലക്ഷ്മണപുത്രൻ ചിരിച്ചു ചൊല്ലീടിനാൻ
മുനിവൃഷഭതനയതവവചനമതിശോഭനം
മാനനീയൻഭവാനെന്നതുനിർണ്ണയം
മുനികളൊടുസദൃശമിഹനഹിനഹിജഗത്രയേ
മാന്യരായിട്ടറിഞ്ഞിരിക്കുന്നുഞാൻ
നിഖിലധനമഖിലമപിജനപദവുമിന്നുഞാൻ
നിങ്ങൾക്കുനൽകുവൻവേണമെന്നാകിലോ
അഖിലഗുണഗണമുടയതുരഗമിതുഭൂപതി
ക്കശ്വമേധത്തിന്നുകല്പിച്ചതാകയാൽ
തരികമമതുരഗശതമപരമിഹനൽകുവൻ
താപസബാലരേതാമസിക്കായ്കെടോ
നൃപതിസുതവചനമിതിനിശമനദശാന്തരേ
നീതിജ്ഞനാംലവനിത്തരംചൊല്ലിനാൻ
ഭുവനമതുസകലമപിവിരവോടുജയിച്ചുടൻ
ഭൂപതിമാക്കശ്വമേധംകഴിക്കണം
അതിനുരഥകരിതുരഗബലമൊടുനൃപന്മാരു
മശ്വംനടത്തീടുമെന്നുകേൾപ്പുണ്ടുഞാൻ
അവനിജയമതിനമിതബലസഹിതനാംഭവാ
നാശുനടക്കുന്നതെങ്കിലിന്നെന്നെയും
അതിരഭസമടൽപൊരുതുവിരവൊടുജയിച്ചുകൊ

Digitized By Kerala Sahitya Akademi

ങ്ങശരാസനത്തെയുംകൊണ്ടുപൊല്ലാൾകനി
പരുഷമിതിലവനുടയവചനമതുകേൾക്കയാൽ
പാരിച്ചകോപേന ചൊന്നാൻനൃപാത്മജൻ
പരിഹസനവചനമിതുമതിമതികുമാരക
പാരംമദിച്ചാലനൎത്ഥവുംവന്നുപോം
ശമനിയമനയവിനയഗുണമുടയവൎക്കിങ്ങുൾക്കു
ശാന്തിയില്ലാത്തതുള്ളന്നല്ലറികെടോ
ബലസഹിതമഖിലനരപതികളൊരുമിക്കിലും
ബാലകനില്ലയില്ലെന്നുമ്പിലാരുമേ
തവവചനമതിചപലമിതുമുനികുമാരക
താപസേന്ദ്രന്മാൎക്കു സംഗരയോഗ്യമോ
കരബലമൊടിഹതുരഗവരനെവിരവോടുഞാൻ
കൊണ്ടുപോവീടുകിലെന്തു നീ ചെയ്വതും
അരുതരുതരുണിജനപൃഥുകരൊടുസാഹസം
അല്പവുമെന്നോൎത്തുഞാനും ക്ഷമിപ്പതും
സകലമപിമനസിതവകരുതിവിരവോടുനീ
അശരണത്തെത്തരികകുമാരക
നൃപതനയവചനമിതിലവനുമഥകേട്ടടൻ
നിന്ദയോടൊന്നു ചിരിച്ചു ചൊല്ലീടിനാൻ
അവനിപതിതനയതവവചനമതിശോഭനം
മാരുതിവണ്ണംപറഞ്ഞതുകേട്ടീലഞാൻ
മഹിതബലമുടയഭൃഗുപതിനിജശരങ്ങളാൽ
മുവ്വേഴവട്ടംനൃപരേമുടിച്ചതും
അവനുടയജനകമുനിനിജനിജശരങ്ങളാ

Digitized By Kerala Sahitya Akademi

ഖാദിത്ര്യമാർഗ്ഗത്തെക്കേൾപ്പിന്നം ചെയ്തതും
ഇവചപലതമിഹജഗതിപലരുമറിയുന്നതിൽ
ലിന്നു നീയൊന്നുമേ കേട്ടതുമില്ലയോ
നരപതികൾ ചരിതമതുമവരുടെയധർമ്മവും
നല്ലവണ്ണം നീ പറഞ്ഞീലനിർണ്ണയം
പൊരുവതിനു പുനരൊരുവനഴകൊടു വിളിക്കിലോ
പാർത്ഥിവന്മാർക്കുപേക്ഷിപ്പതു ധർമ്മമോ
പോരുവതിനുതവമനസി പെരുതുഭയമെങ്കിലോ
പൌരുഷം ചൊല്ലുന്നതെന്തിന്നു നീ വൃഥാ
ഭയവിവശമതികളൊടു പറയണമിതൊക്കെയും
ഭീഷണി നമ്മോടു കൂടുകയില്ലെടോ
മമവിശിഖമതിനിശിതമുടലിലുടനേറുന്നീ
മുണ്ടുനാം നേരത്തു കാണാം പരാക്രമം
പരിചിനൊടു പൊരുവതിനു വരികചപലമോടു നീ
പാർത്ഥിവനന്ദനൻ പൌരുഷനെങ്കിലോ
ലവനുടയ വചനമിതി പരുഷമതു കേൾക്കയാൽ
ലക്ഷ്മണനന്ദനൻ കോപേന ചൊല്ലിനാൻ
ഗതവിനയമുനിതനയ ശാഠ്യമയനിന്നുടെ
ഗർവ്വങ്ങളെല്ലാമടക്കുവനിന്നു ഞാൻ
ശമതികളുചിലരെയുമപഥഗജനത്തെയും
ശാസിപ്പതിന്നു നടക്കുന്നു താൻ തവ
മദവുമതിശഠതയതുമവിനയവുമിന്നു ഞാൻ
മാററി നല്ലോരു വഴിക്കു നടത്തുവൻ
അവനിപതിതനയനിതി പരുഷമുരചെയ്തുചൈ

Digitized By Kerala Sahitya Akademi

ന്നശ്വരത്നത്തെപ്പിടിച്ചോരനന്തരം
വിഗതഭയമതിജവമൊട്ടുടജത്തിൽനിന്നുതൻ
വില്ലുമെടുത്താശുചെന്നുലവന്താനും
ന്നൃപതിസുതൻവിധമതിൽനിമിഷമൊട്ടുചെന്നുടൻ
നന്നായൊരുങ്ങ് ചമഞ്ഞാണൊലിയിട്ടുതേ
പ്രളയഘനരവസദൃശനിനദമതുകേൾക്കയാൽ
പാരംവിറച്ചിതുഭൂപതിസൈന്യവും
ലവനുടയഘോരനിനദമതുമതുകേട്ടഥ
ലക്ഷ്മണപുത്രൻനിനച്ചിതുമാനസേ
ഭുജപൃഥുകനിവനധികകൃശതരശരീരനെ
ന്നോർത്തുപോരിലെതിരല്ലെന്നതുനിർണ്ണയം
ധനുഷിബഹുപരിചയവുമതിബലവുമുണ്ടിവൻ
ധാർഷ്ട്യമുരചെയ്കയല്ലെന്നുവന്നുതേ
അരുണരവികിരണസമനിറമുടയബാലകൻ
നാരിവർതാപസനല്ലെന്നുനിർണ്ണയം
മനുജവരതനയനിവനതിനനഹിസംശയം
മാന്യൻപരാക്രമശാലിയത്രേതുലോം
ഇവനൊടിഹസമരമതിപടുതയൊടുചെയ്തുഞാ
നിന്നുജയിപ്പൻരഘുവരാനുഗ്രഹാൽ
ഇതിമനസികരുതിനൃപതനയനതിവീര്യവാ
നീർഷ്യയാവില്ലുംകലച്ചുനിന്നീടിനാൻ
സമരമതുപുനരവർകളുഴകിനൊടുചെയ്തതും
സാക്ഷാലനന്തനുംചൊൽവാൻപണിതുലോം
അവരുടയശരനികരമവനിതലമൊക്കയും

Digitized By Kerala Sahitya Akademi

ആകാശമാൎഗ്ഗവുമൊക്കനിറഞ്ഞുതേ
അതിമഹിതസമരമതുപരിചിനൊടുകാണ്മതി
നാകാശമാൎഗ്ഗേനിറഞ്ഞുവിമാനവും
അതിനിശിതശരപതനഭയമൊടുമകന്നുനിന്നാ
യോധനോത്സവംകണ്ടുകൊണ്ടാടിനാർ
കരിതുരഗരഥനിവഹപടുനിനദഘോഷവും
കാലാൾപ്പടകളലറുന്നഘോഷവും
കഠിനതരമശനിസമഘനനിനദഘോഷവും
കഠണികൾവാഴ്ത്തിസ്തുതിക്കുന്നഘോഷവും
കളഭഗണഗളനിഹിതപടപടഹഘോഷവും
കേട്ടുവിറച്ചിതുമൂന്നുലോകങ്ങളും
ഉദധികളുമലറിബതഗിരികൾ ചലിതങ്ങളും
യുമ്പരുംകണ്ടുതെളിഞ്ഞിതായോധനം
നിജസഹജനൊടുബാലികൾപലരുമൊരുമിച്ചുടൻ
നിന്നുപോർചെയ്തു കണ്ടുകുശന്താനും.
സപദിനിജകരകലിതധനുഷിശരജാലങ്ങൾ
സംഖ്യയില്ലാതെതൊടുത്തയച്ചീടിനാൻ
കരിതുരഗനരപതികൾതെരുതെരെമരിക്കയും
കാളികൾകൂളികൾനൎത്തനംചെയ്കയും
ചരണകരഗളകളഭരഥതുരഗപൂൎണ്ണമായ്
ചോരപ്പുഴകൾപലതായൊലിക്കയും
ശരപതനഭയവിവശമതികൾനൃപസേനകൾ
ശേഷിച്ചതിൽ ചിലരോടിയൊളിക്കയും
സമരമതിൽമരണമതുസുകൃതമിതിചിന്തിച്ചു

Digitized By Kerala Sahitya Akademi

സന്നദ്ധരായ്ചിലരേററുമരിക്കയും
സമരമതിൽമരണമതുവരുമൊരുജനങ്ങളെ
സ്വർഗ്ഗനാരീജനംവന്നുവരിക്കയും
ദനുജസുരസമരസമസമരമതുകാൺകയാൽ
ദേവമുനിവരൻപാടിരസിക്കയും
സുരവരരുമിതിനുസമമൊരുസമരമെങ്ങുമെ
സംഭവിച്ചീലെന്നുചൊല്ലിനിൽക്കുംവിധൌ
കുശനുടയകരഗളിതശരനിരകളേൽക്കയാൽ
കോപംമുഴുത്തുനരപതിപുത്രനും
അതിനിശിതമൊരുവിശിഖമരുമയൊടയച്ചട
നാശുകുശനുടെവിൽമുറിച്ചീടിനാൻ
അവനുമൊരുധനുരപരമതിജവമെടുത്തുട
നസ്ത്രങ്ങൾസംഖ്യയില്ലാതെതൂകീടിനാൻ
തദനുരഘുസുതനുമഥകുശനുമതികോപേന
തങ്ങളിലുണ്ടായയുദ്ധകോലാഹലം
പാവതിനുപുനരൊരുവനിഹനഹിനിനക്കിലൊ
പണ്ടിവണ്ണംരണംകണ്ടതില്ലാരുമെ
അതിനിശിതവിശിഖഗണമനവധിതറക്കയാൽ
ആപാദചൂഡമണിഞ്ഞരക്തത്തൊടും
ഇരുമലകളിരുകടലുമിരുവർഹരിവീരരും
ഈഷ്യയാതമ്മിൽപൊരുന്നതുപോലെയും
വലമഥനനഥബലിയൊടെതൃപൊരുതപോലെയും
വൃത്രശക്രന്മാർപൊരുതതുപോലെയും
ഇരവുപകൽപൊരുതവർകളിരുവരുമനാകുലം



Digitized By Kerala Sahitya Akademi

ഈരേഴവാസരം ചെന്നോരനന്തരം
കുപിതമതികുശനുമതിനിശിതതരധാരയായ്
കല്പാന്തപാവകതുല്യയാംശക്തിയാൽ
നൃപതിസുതവിപുലലസദുരസിലംഘ്യവിക്രമൻ
നിശ്ശങ്കമൊന്നെറിഞ്ഞാത്തുനിന്നീടിനാൻ
ശരദലിതസകലതനുരവനിപതിനന്ദനൻ
ശക്തിയേററാശുമോഹിച്ചുവീണീടിനാൻ
മുനിസുതരുമതുപൊഴുതുകുശലവകുമാരരെ
മാനിച്ചുമോദേന സൽക്കരിച്ചീടിനാർ
വിപിനമതിലൊരുവനൊടുപൊരുതുനിജനന്ദനൻ
വീണതുകേട്ടുകോപിച്ചുസൌമിത്രിയും
അമിതബലകരിതുരഗരഥശതസമന്വിത
നാശുതേരേറിപ്പുറപ്പെട്ടുപോരിനായ്
വിപിനമതിലതിജവമൊടവനുമഥ ചെന്നുടൻ
വീരരാംബാലരെക്കണ്ടു ചിന്തിച്ചുതേ
അതിമധുരതനുവുടയപൃഥുകരിവരാരുവാ
നശ്വിനീദേവരോ ചന്ദ്രസൂര്യന്മാരോ
സമരമതിലിവരുടെയ ചതുരതകൾ കാൺകിലോ
സാമാന്യരല്ലിവരെന്നതുനിർണ്ണയം
മമസുതനെരണശിരസിജവമൊടു ജയിക്കയാൽ
മാനുഷരല്ലിവരെന്നതന്നേവരും
കരചരണനയനയുഗമുഖവടിവുകാൺകിലോ
കാകുൽസ്ഥനന്ദനന്മാരെന്നുതോന്നിടും
വിവിധമിതികരുതിഹൃദിവിരവിനൊടുലക്ഷ്മണൻ

Digitized By Kerala Sahitya Akademi

വില്ലെടുത്താശു സമരം തുടങ്ങിനാൻ
രണശിരസി കുശനുടയ ചതുരതകൾ കണ്ടുടൻ
രാഘവനന്ദനനെന്നതുറയ്ക്കയാൽ
മനസി ബഹുമമതയൊടു ശരനിരകളാർത്തുകാതെ
മന്ദതാകയ്ക്കൊണ്ടു നില്ക്കുംദശാന്തരേ
കുശനുടയ കുലിശനിഭശരനിരകളേല്ക്കയാൽ
കുണ്ഠനായ്മോഹിച്ചുവീണു സൌമിത്രിയും
പടകളെയുമതുപൊഴുതു വിരവിനൊടൊടുക്കിനാൻ
പാഞ്ഞങ്ങയോദ്ധ്യയിൽ ചെന്നാരതിൽ ചിലർ
സഭയമവർ പറയുമൊരു വചനമതു കേൾക്കയാൽ
സംഹാരരുദ്രനെപ്പോലെ ഭരതനും
അതിജവമൊടമിതബലസഹിതനരിനാശന
നാശുപുറപ്പെട്ടു ശത്രുഘ്നവീരനും
വിഗതഭയമതിഗഹനവിപിനഭുവി ചെന്നവർ
വീരരാം ബാലരെക്കണ്ടോരനന്തരം
രഘുതിലകതനയരിവരിതി ഹൃദി നിനയ്ക്കയാൽ
രാജീവലോചനന്മാരാം കുമാരരെ
നയനയുഗജനിതജലസഹിതമതിമോദേന
നന്ദനസ്നേഹേന നോക്കിനിന്നീടിനാർ
അതുപൊഴുതു കുശനുടയ വിശിഖഗണമേൽക്കയാൽ
ആലസ്യമോടു മോഹിച്ചുവീണീടിനാർ
മഹിതഭുജബലമുടയ നിജസഹജരുമിവരും
മോഹിച്ചുവീണതു കേട്ടു രഘുവരൻ
രജനിചരവംശദഹനനഖിലജഗദീശ്വരൻ

Digitized By Kerala Sahitya Akademi

രാമചന്ദ്രൻപുറപ്പെട്ടിതുപോരിനായ്
കരികളതിമദസഹിതമലറിനനിനാദവും
കാലാൾപ്പടയുടെസിംഹനാദങ്ങളും
തുരഗശതനിനദമൊടുപടപടഹഘോഷവും
തേരുരുളൊച്ചയുംജ്യാഘോഷശബ്ദവും
കുടതഴകളിടറിനൊരുചടചടനിനാദവും
കേട്ടുലോകത്രയമൊന്നുവിറച്ചുതെ
പുരദഹനമതിനഖിലസുരഗണസമന്വിതം
പണ്ടുലോകേശൻപുറപ്പെട്ടതുപോലെ
പടകളൊടുരഘുതിലകനരികുലവിനാശനൻ
പാരാതെപുഷ്പകമേറിനടന്നതെ
വനമപിചഗിരികൾപലനദികൾനഗരങ്ങളും
വായുവേഗേനകടന്നുപോകുംവിധൌ
നിജസഹജരമിതബലമുടയവർകൾമുവ്വരും
നിർജ്ജിതരാകയാൽ ചിന്തിച്ചുരാഘവൻ
ദശവദനസുതമഥനനരികുലമൊടുക്കുവാൻ
ദണ്ഡധരോപമനായമഹാരഥൻ
മമസഹജനഖിലഗുണഗണനിധിപരാക്രമൻ
മത്സമനാകിയലക്ഷ്മണവീരനും
വിമതകുലവനദഹനനമരപതിസന്നിഭൻ
വീരൻഭരതനുംശത്രുഘ്നവീരനും
ഇവരൊടെതൃപൊരുതുജയമഴകൊടുലഭിപ്പതി
നിത്രിലോകത്തിങ്കലാരുമില്ലോർക്കിലൊ
അവരെബ്ബതരണശിരസിവിരവൊടുജയിച്ചവ

Digitized By Kerala Sahitya Akademi

നാരെന്നുതോന്നിയതില്ലിനിക്കേതുമേ
ബലമുടയരജനിചരരടവിയതിൽമായയാ
ബാലകവേഷംധരിച്ചവരികയോ
അമരപതിപുരുഷമൊടുമൊരുപ്രാകൃതവേഷമാ
യശ്വമേധത്തിന്നുവിഘ്നങ്ങൾചെയ്കയോ
മനുജസുരദനുജവരരജനിചരരെങ്കിലും
മായയാമാരാരിതന്നെവരികിലും
അതിമൃദിതമതികുശികതനയമുനിനൽകിയോ
രസ്ത്രങ്ങൾകൊണ്ടുജയിക്കുന്നേനുണ്ടുഞാൻ
ഇതിമനസികരുതിരഘുവൃഷഭനതിവേഗമോ
ടിന്ദീവരേക്ഷണൻകാനനംപുക്കുതേ
ചരണകരമുഖരഹിതകരിതുരഗജാലവും
ചത്തുകിടക്കുന്നകാലാൾപ്പടകളും
വിവിധതരവിശിഖഗണമുടലിലൂടനേററങ്ങു
വീണുകിടക്കുന്നസോദരന്മാരെയും
കളികളൊടുമരുവിനൊരുകുശലവരെയുംമുദാ
കണ്ടുരഘുവരൻചിന്തചെയ്തീടിനാൻ
അരുണതരകമലദളനയനരിവരാരുവാ
നംഭോജസായകന്തന്നുടെപുത്രരോ
കരചരണമുഖനയനസുഭഗതകൾകാൺകയാൽ
കണ്ണിനാനന്ദംവളർന്നിടുന്നുമമ
നിപുണതയുമതിഗഹനമധുരതരഭാവവും
നിൽപ്പുംകടാക്ഷവുംവീര്യശൌര്യങ്ങളും
ഭുജബലവുമിഹധനുഷിപരിചയവുമോർക്കിലോ

Digitized By Kerala Sahitya Akademi

ഭൂപതിനന്ദനരെന്നുതോന്നുന്നുമേ
തപസിബഹുനിയമമൊടുവനമതിൽവസിച്ചിടും
താപസേന്ദ്രൻെറവരപ്രസാദത്താൽ
ബലവുമതിജയവുമതിമഹിതതരകാന്തിയും
ബാലകൎക്കുണ്ടായിവന്നതുംനിർണ്ണയം
അവരിൽമമമനസിബതമമതപെരുകീടുവാ
നിന്നെന്തുകാരണമെന്നറിഞ്ഞീലഞാൻ
കമലദളസദൃശമിവർനയനയുഗളംമമ
കാന്തതൻനേത്രസമാനമായ്ക്കാൺകയാൽ
ജലജസമനയനയുഗമുടയമമകാന്തയാം
ജാനകീതന്നുടെപുത്രരൊദൈവമെ
ജനനിയുടെനയനയുഗസദൃശമപിനേത്രവും
ജാതമാംലക്ഷണമുള്ളവൎക്കാകയും
ഗഹനഭുവികമലസമമുഖിയെവെടിയുന്നനാൾ
ഗൎഭംതികഞ്ഞഞ്ചുവാസരമായിതെ
അവളുടയവിരഹമതുമിവരുടെവയസ്സിനും
അന്തരമില്ലേതുമൊത്തുതന്നെവരും
തനയരുടെമുഖകമലമൊളിവിനൊടുകാൺകയാൽ
താല്പൎയ്യമേറുകകൊണ്ടുനിനക്കയൊ
പരമശിവചരണയുഗപരിചരണകാരണം
പാപങ്ങൾനീങ്ങിശ്ശുഭങ്ങൾവരികയൊ
ഇവരുടെയകുലബലവുമിഹപിതൃജനത്തെയും
ഇന്നിവരോടുചോദിച്ചറിഞ്ഞീടുവൻ
ഇതിമനസികരുതിരഘുതിലകനതിമോദമാ

Digitized By Kerala Sahitya Akademi

ടിത്ഥമവരോടു ചോദിച്ചിതാദരാൽ
മുനിതനയഗുണനിലയനയവിനയവാരിധേ
മുഗ്ദ്ധവിലോചന വീരചൂഡാമണേ
സരസിരുഹനയനതവവദനമതുകാൺകയാൽ
സന്തോഷമേററം വളരുന്നു മാനസേ
അഖിലരിപുവനദഹനനമിതബലവീര്യവാ
നാരു നീ നിന്നുടെ വംശമേതെന്നതും
തവജനകജനനിജനമവരുടെയനാമവും
ത്വൽസോദരനാമിവനുടെ നാമവും
സപദിബതപാകമമസഹജരെജയിച്ചനീ
സാമാന്യനല്ലെന്നു നിർണ്ണയിച്ചേനഹം
തവ ചരിതമറിവതിനു കോതി പെരികയുണ്ടുമേ
താപസബാലകാ! സത്യം പറകെടൊ
സരസമിതിരഘുവൃഷഭവചനമതുകേൾക്കയാൽ
സത്വരമുത്തരം ചൊന്നാൻ കുശൻതാനും
സമരമതിൽ നിജതനയസഹജരെ ജയിച്ചവർ
സന്നദ്ധരായിട്ടു നിൽക്കും രിപുക്കളെ
സരഭസമൊടടൽ പൊരുതു സകലവുമൊടുക്കാതെ
സാമവചനങ്ങൾ ചേരുമോ ഭൂപതെ
പോരുവതിനു തവ മനസി പെരുതു ഭയമെങ്കിലൊ
പോയാലുമിന്നു നീ കൊല്ലുന്നതില്ല ഞാൻ
കരിതുരഗരഥശതവുമഖിലവിഭവങ്ങളും
കണ്ടു ഞാൻ നന്നു നിൻ പൌരുഷമെത്രയും
ഭയവിവശമതികളൊടു സമരമതു ചെയ്തു

Digitized By Kerala Sahitya Akademi

ഭംഗിയുമല്ലതുധമ്മവുമല്ലല്ലൊ
കിമപിഭയമകതളിരിലിഹനഹിഭവാനെങ്കിൽ
കിംപ്രലാപങ്ങളാൽസംഗരംചെയ്കെടൊ
മമജനകജനനിജനമവരുടെയനാമവും
മാമകനാമവുംവംശമേതെന്നതും
മമനിശിതവിശിഖഗണമുടലിലുടനേററുനീ
മാത്താണ്ഡജാലയെചെന്നുചോദിക്കെടൊ
കുശനുമിതിരഘുവരനൊടതിജവമുരച്ചുടൻ
കൂത്തുമൂത്തുള്ളശരങ്ങൾതൂകീടിനാൻ
അതിനിശിതശരനിരകൾനിജവപുഷികൊൾകയാ
ലാശ്ചയ്യമുൾക്കൊണ്ടുനിന്നുരഘുവരൻ
മമതയൊടുമമതനയരിവരിതിനിനയ്ക്കയാൽ
മന്ദമായ്കാൽക്ഷണംനിന്നോരനന്തരം
മലമുകളിൽമഴചൊരിയുമതിനുസമമസ്ത്രങ്ങൾ
മമ്മങ്ങളിലേററുമോഹിച്ചുവീണതെ
അതുസമയമൊരുനിനദമഖിലജനഭീഷണ
മത്ഭുതമാമ്മാറുകേട്ടിതെല്ലാവരും
അകതളിരിലതിഭയമൊടധികുശലവന്മാരു
മക്ഷികൾചിമ്മിനിന്നേവമോത്തീടിനാർ
കിമിദമൊരുനിനദമതിവിപുലമിഹകേട്ടതും
കിഞ്ചനഭീതിയുണ്ടാകുന്നുമാനസെ
പ്രളയഘനനിനദമതുവളരെയൊരുമിക്കിലും
പാക്കിലിതിന്നുസമാനമല്ലേതുമെ
കഠിനതരമിതിനുസമമൊരുനിനദമെന്നുമെ

Digitized By Kerala Sahitya Akademi

കേട്ടതില്ലാരുമതിനില്ലസംശയം
ഇതിമനസികരുതിയവർഭയമൊടുദിഗന്തര
മീക്ഷണംചെയ്തൊരുനേരത്തൊരുദിശി
കനകഗിരിസദൃശമൊരുവിപുലതരമൂർത്തിയെ
കണ്ടുവരുന്നതുവായുവേഗത്തൊടും
അരുണതരമുഖവുമതിവിപ്രുതനയനങ്ങളും
അർക്കപ്രകാശങ്ങളായദംഷ്ട്രങ്ങളും
പരിഘസമഭുജയുഗവുമരുണിതനഖങ്ങളും
പാരിളക്കീടുന്നപാദയുഗങ്ങളും
വിവിധതരുനിവഹമതുതുടിതിപൊടിയാക്കിടും
വിശപമെല്ലാംനിറഞ്ഞൊരുതേജസ്സൊടും
കുശലവരുമതിഭയമൊടതുസപദികാൺകയാൽ
കണ്ണുതയോടുംനിരൂപിച്ചുമാനസെ
അതിവിപുലതനുമഹിതഭുജബലപരാക്രമ
നാരിവനീശപരാകണ്ടാൽഭയംവരും
സകലഭുവിമരുവിനൊരമനുജരെയൊടുക്കുവാൻ
സംഹാരരുദ്രനീവണ്ണംവരികയൊ
വദനഗളഭുജചരണനഖരമിവകാൺകിലൊ
വാനരജാതിയെന്നുണ്ടുതോന്നുന്നമേ
വിപിനഭുവിമരുവുമൊരുരജനിചരവീരിൽ
വാനരൂപിയായേകൻവരികയൊ
ഇവനൊടെതൃപൊരുതുജയമഴകൊടുലഭിപ്പതി
ന്നീരേഴലോകത്തിലാരുമുണ്ടാസ്സുരാ
ഒരുവനടൽപൊരുവതിനുവിരവൊടുവരുന്നേര



Digitized By Kerala Sahitya Akademi

മോടിയൊളിപ്പതുധന്മവുമല്ലല്ലൊ
മമജനകമുനിയുടയകരുണയുളവാകിലൊ
മാനിച്ചിവനെജയിക്കുന്നതുണ്ടുഞാൻ
വിധിവിഹിതമരണമതിനിഹസമയമെങ്കിലൊ
വിണ്ണവരോടുംസുഖിച്ചുവാണീടുവൻ
സകലഭയസമയമതിൽരഘുവരനെമാനസെ
സാവധാനത്തോടു ചിന്തിച്ചുകൊൾകിലൊ
മനുജരുടെഭയമഖിലമകലുമറികെന്നതു
മാന്യനാം താതനരുൾചെയ്തിരിക്കയാൽ
മനസിദശരഥസുതനെവടിവൊടു ചേത്തുഞാൻ
മാനിച്ചുവന്നാടുപോരുതെചെയ്തീടുവൻ
ഇതിമനസികരുതിയവർരഘുവരനെയുംനിന്ന
ച്ചീഷ്യയാവില്ലുംകലച്ചുചെന്നീടിനാർ
അതികുപിതമതിപവനതനയനുമനാകുല
മത്യന്തവേഗാലടുത്തുചെല്ലുംവിധൌ
അതിമധുരമവരുടെയവദനമതുകാൺകയാ
ലാനന്ദമോടുംനിനച്ചിതുമാനസെ
അരുണതരസരസിരുഹനയനരിവരാരുവാ
നാനന്ദമുണ്ടാമിവർകളെകാൺകിലൊ
ഇവരുടെയമുഖനയനകരചരണഭംഗിക
ളീക്ഷണംചെയ്കയാലൊന്നുതോന്നുന്നമെ
രജനിചരവനദഹനനഖിലജഗദീശ്വരൻ
രാമചന്ദ്രന്തൻെറനന്ദനന്മാരിവർ
നിജസുതരിൽവളരുമൊരുമമതയതുകാരണം

Digitized By Kerala Sahitya Akademi

നിൎണ്ണയംരാമനുമോഹമുണ്ടായതും
മനുജസുരരജനിചരദിതിജരൊരുമിക്കിലും
മൂൎത്തികൾമൂവ്വരുമൊത്തുവരികിലും
ദശവദനമഥനനൊടുരണശിരസിനില്ക്കുമൊ
ദക്ഷരെന്നാകിലുമെന്തിവർചെയ്തതും
പലതുമിവകരുതിഹൃദിപവനജനുമാദരാൽ
പാൎത്തുപാൎത്താനന്ദമഗ്നനായ്നിന്നുപോയ്
കുശലവരുമതുപൊഴുതുശരനികരകൾതൂകിനാർ
കുന്നിന്മുകളിൽമഴചൊരിയുംവണ്ണം
ഒരുശരവുമവനുടയവപുഷിതറയായ്കയാ
ലൊരൊന്നടിച്ചിതുവാൽകൊണ്ടുബാലരും
പവനജനുമതുപൊഴുതുകിമപികൃശഗാത്രനായ്
പാരമാനന്ദനായത്രകിടന്നുടൻ
കുശലവരുമതുപൊഴുതുപവനജനെഞാണിനാൽ
കെട്ടിയിഴച്ചങ്ങുകൊണ്ടുപുറപ്പെട്ടു
ഇവരുടയജനകനെയുമഥജനനിതന്നെയു
മിന്നറിഞ്ഞീടാമിതെന്നുനിനക്കയാൽ
അതികുതുകമനിലസുതനവരുമൊരുമിച്ചട
നാശ്രമസീമനിചെന്നോരനന്തരം
കുശലവരുമതികുതുകമഥജനനിതൻപദം
കുമ്പിട്ടുമോദമോടിത്തരംചൊല്ലിനാർ
ഒരുകപിയെവിപിനഭുവികുതുകമൊടുകാൺകയാ
ലോടിയണഞ്ഞുപിടിച്ചിതുഞങ്ങളും
കനകസമനിറമുടയകപികളൊരുമിക്കിലും

Digitized By Kerala Sahitya Akademi

കണ്ടതുംകേട്ടതുമി...പണ്ടാരുമേ
കളികളൊടുമിവനുടയവദനമതുകാൺകിലൊ
കണ്ണിന്നാനന്ദംവളരുന്നിതെത്രയും
പരിചൊടിതിജനനിയൊടുസരസമുരചെയ്തവർ
പാവനിതന്നെയുംമുന്നിൽവെച്ചീടിനാർ
അനിലജനെജനകജയുമഴകിനൊടുകാൺകയാ
ലാനന്ദശോകലജ്ജാകുലചിത്തയായ്
നയനയുഗജനിതജലനിവഹപരിഷിക്തയായ്
നന്ദനന്മാരോടുമന്ദമായ്ചൊല്ലിനാൾ
അയിതനയകവിവരനെവിരവിനൊടഴിച്ചാലു
മയ്യോശിവശിവകഷ്ടമിച്ചെയ്തതും
കരബലവുമിവനുസമമൊരുപുരുഷനില്ലകേൾ
കേവലംവാനരനല്ലിവനോർക്കനീ
മമരമണസചിവനിവനമലഗുണഭാജനം
മൽപ്രാണരക്ഷണംചെയ്തതിവനെല്ലൊ
ജലനിധിയെവിഗതഭയമതിവിപുലമൂർത്തിയായ്
ജാതമോദത്തൊടുലംഘിച്ചതുമിവൻ
വിവിധമണിമയഭവനസഹിതമഥലങ്കയെ
വീതിഹോത്രങ്കൽസമർപ്പിച്ചതുമിവൻ
കലഹമതിൽനിരവധികരജനിചരവീരരെ
കാലാപുരത്തിൽവസിപ്പിച്ചതുമിവൻ
ഇവനുടെയമഹിമകളുമമിതഭുജവീര്യവു
മിത്രിലോകത്തിങ്കലാർക്കുചൊല്ലാവതും
മഹിതഗുണഗണമുടയമുനിവൃഷഭനാരദരാൽ

Digitized By Kerala Sahitya Akademi

മുന്നം ചമച്ചോരു രാമായണമതിൽ
വിവിധതരമവരുടയ മതിഭുജബലങ്ങളെ
വിസ്തരിച്ചീടുന്നതെന്തു ചൊല്ലാവതും
മദമുടയ ദശവദനതനയനെ വധിച്ചോരു
മാരുതപുത്രൻ ഹനുമാനിവനെടോ
ഇവനുടെയ ചരണയുഗമഴകൊടു വണങ്ങുവിൻ
നിന്നിവൻ നിങ്ങൾക്കു താതനൊടൊക്കുമേ
അതിമധുരമിതി ജനനി വചനമതു കേൾക്കയാ
ലാനന്ദമോടു ചോദിച്ചാർ കുമാരരും
ഭവതിയുടെ രമണനിഹ മുനിവൃഷഭനേപ്പയോ
ഭാവമെന്തിപ്പോൾ പകർന്നു കാണുന്നതും
സകലമിതു തവ വചനമഴകിനൊടു കേൾക്കയാൽ
സംശയമേററം വളർന്നു മാനസേ
സകലഗുണഗണമുടയ ജനനി തവ വാർത്തകൾ
സത്യമായ്ഞങ്ങളോടിന്നു ചൊല്ലീടണം
തനയരുടെ വചനമതു നിശമനദശാന്തരേ
താപേന സീതയുമിത്തരം ചൊല്ലിനാൾ
മമതനയ മമ വചനമഖിലമപി കേൾക്ക നീ
മാർത്താണ്ഡവംശതിലകനാം രാഘവൻ
രജനിചരകുലമൊടു ദശവദനനെക്കൊന്ന
രാമചന്ദ്രൻ മമ ഭർത്താവറികനീ
അതികരുണമിതി ജനകസുതയുമഥ ബാലരൊ
ടത്യന്തതാപേന ചൊല്ലും ദശാന്തരേ
വരനുടയ വിരഹമതു മനസി സഹിയായ്കയാൽ

Digitized By Kerala Sahitya Akademi

വാവിട്ടലറിമോഹിച്ചുവീണീടിനാൾ
അതുപൊഴുതുകുശലവരതിജവമെടുത്തുട
നാശ്വാസിപ്പിച്ചിതുസാമവാക്യങ്ങളാൽ
തനയരൊടുജനകജയുമഥ സകലവാൎത്തയും
താല്പൎയ്യത്തൊടനന്ത്യമായ്ചൊല്ലിനാൾ
അതുപൊഴുതുവിനയമൊടുപവനജനെബ്ബാലര
മത്യന്തഭക്തിയോടുംവണങ്ങീടിനാർ
പ്രമദഭരപരവശതപെരുകിനകപീശ്വരൻ
പാണികൾകൊണ്ടുതലോടിനാൻബാലരെ
കനിവിനൊടുപവനജനുമഥജനകപുത്രിതൻ
കാക്കൽവീണാശുനമസ്കരിച്ചീടിനാൻ
നയനജലസഹിതമഥജനകജയുമാദരാൽ
നന്നായ്സ്വരികെന്നനുഗ്രഹിച്ചീടിനാൾ
അതിമധുരമനിലസുതനതുപൊഴുതുസീതയൊ
ടത്യന്തഭക്ത്യാതൊഴുതുചൊല്ലീടിനാൻ
അയിജനനിതവചരണകമലയുഗമേഷഞാൻ
ആത്മനാചിന്തിച്ചുവാഴുന്നിതെപ്പൊഴും
അഖിലജഗദുദയകരനമലകമലേക്ഷണ
നാശുചിന്തിക്കയാലത്രവന്നേനഹം
വിധിവിഹിതമറിയരുതുഭുവനമതിലാൎക്കുമേ
വിശ്വൈകവന്ദിതെഖേദിയായ്കേതുമെ
ത്വയികിമപിദുരിതമതുരഘുവരന്മാനസെ
തോന്നുകയില്ലിന്നിനിക്കുണ്ടുനിൎണ്ണയം
കമലമുഖിവിപിനമതിലുഴലൊടിഹനിന്നെയും

Digitized By Kerala Sahitya Akademi

കിംവദന്തീഭയംകൊണ്ടുകളഞ്ഞതും
തവസുകൃതമപിചരഘുതിലകകൃപയാവനെ
താപസന്തന്നെയദൃഷ്ട്യാകണ്ടതും
അതിലുമതിസുകൃതമിഹതനയരുളവായതു
മത്യന്തവീര്യവാന്മാരായിവന്നതും
ഇവരൊടെതൃപൊരുതുരഘുവരനുമനുജന്മാരും
ഇന്നുമോഹിച്ചുണ്ടുവീണുകിടക്കുന്നു
പരിചൊടിവരുടയമുഖകമലമതുകാൺകയാൽ
പുത്രരിവരെന്നറിഞ്ഞുരഘുവരൻ
പാരവശതപെരുകിയതുമതിനുനഹിസംശയം
പോരിൽജ്ജയിപ്പതിനാരുള്ളുരാമനെ
അതിസുഖമോടിവരെമമഗളമതിലെടുത്തുഞാ
നാശുരാമന്നുമ്പിലിന്നുചെന്നീടുവൻ
ഓതിനതവമനസിബതകരുണയുളവാകേണ
മമ്പൊടുമംഗലംവന്നുകൂടുംദൃഢം
ഓതിമധുരമനിലസുതവചനമിതികേൾക്കയാ
ലാനന്ദമോടുരചെയ്തുവൈദേഹിയും
പവനസുതകപിവൃഷഭമേമമരമണനിന്നുനീ
പ്രാണനെക്കാൾപ്രിയനല്ലോമഹാമതേ
മയികൃപയുമധികതരമമതയൊടുഭക്തിയും
മന്നിൽനിന്നോളമിന്നാർക്കുമില്ലോർക്കിലോ
തവമനസിരുചിതമതുസകലമപിവൈകാതെ
താപസശ്രേഷ്ഠനോടിന്നറിയിക്കെടോ
അവനുടയമതമഖിലമഴകിനൊടറിഞ്ഞുനീ

Digitized By Kerala Sahitya Akademi

യത്രവന്നീടുകകാലംകളയാതെ
ഇതിജനകനുപദൂഹിതവചനമതുകേൾക്കയാ
ലിംഗിതജ്ഞൻകപിവീരനതിദ്രുതം
മുനിവരനൊടഖിലമപിസരസമറിയിച്ചുടൻ
മോദാലനുജ്ഞയുംവാങ്ങിവന്നീടിനാൻ
ജനകജയുമതുപൊഴുതുനിജതനയരെദ്രുതം
ജാതമോദംപുണർന്നിത്തരംചൊല്ലിനാൾ
തവജനകസവിധമതിൽവിരവിനൊടുചെന്നുനീ
താണുവണങ്ങി നമസ്കരിച്ചീടണം
ജനകനുടെസഹജരെയുമഴകൊടുവണങ്ങണം
ജംഭാരിതുല്യരവരെന്നറിഞ്ഞാലും
അതിസുഖമൊടനിലസുതഗളമതിലിരുന്നുകൊ
ണ്ടാശുപോയ്വന്നാലുമെന്നുരചെയ്തുടൻ
പവനസുതകരയുഗളമതിൽനിജകുമാരരെ
പാലിച്ചുകൊൾകെന്നുരചെയ്തുനൽകിനാൾ
അനിലസുതനാഥജനകസുതയുടെപദാംബുജം
ആശുവന്ദിച്ചുകുമാരരെവാങ്ങിനാൻ
കുശലവരുമതുപൊഴുതുപവനജനെവന്ദിച്ചു
കുണ്ഠാവതോടുമിത്തരംചൊല്ലിനാർ
മമജനകസചിവവരകപിവരമഹാമതേ
മാന്യനെല്ലാഭവാനെന്നതുകാരണം
ചപലതകൾപലതുമിഹശിശുതയതുകാരണം
ചെയ്തവയെല്ലാംപൊറുത്തുകൊള്ളേണമേ
ദശവദനമഥനസുതരിവരിതിനിനക്കയാൽ

Digitized By Kerala Sahitya Akademi

ദീനഭാവംനടിച്ചാശുകിടന്നതും
ലഘുതയൊടുജലനിധിയെവിപുലതരമൂർത്തിയായ്
ലംഘനംചെയ്യുന്നതാരുനീയെന്നിയെ
രജനിചരഭവനമതിൽവിഗതഭയമേകനായ്
രാത്രിയിൽനീളെനടന്നുമാതാവിനെ
ജനകനുടെകഥകളതിമധുരമുരചെയ്തുടൻ
ജീവവിനാശംവരാതെരക്ഷിച്ചതും
ദശമുഖനഹിതവചനമധികമുരചെയ്തതും
ബന്ധമന്യേലങ്കചുട്ടുപൊട്ടിച്ചതും
ജവമൊടഥനിശിചരരെനിരവധിവധിച്ചതും
ജീവനിപവൃത്തംകൊണ്ടിങ്ങുപോന്നതും
കപിതമതിദശമുഖനെഗതഭയമടിച്ചതും
കുംഭകർണ്ണൻതന്റെശൂലംപൊടിച്ചതും
തവചരിതമിവപലതുമിനിയുമിഹപാർക്കിലൊ
തത്തുല്യനാരുമില്ലലോകത്രയെ
മയികിമപിതവമനസികരുണയുളവായിട്ടു
മാനസെവാത്സല്യമുണ്ടായ്‌വരേണമേ
അതിമധുരമവരുടെയവചനമതുകേൾക്കയാ
ലാനന്ദമോടുരചെയ്തുവാതാത്മജൻ
രജനികരവദനതവവചനമതിശോഭനം
രാമനോടൊക്കമെനീയുംഗുണങ്ങളാൽ
തവസമരചതുരതകളഖിലമപികാൺകയാൽ
തുഷ്ടനായേനഹംപോകവൈകാതെനാം
മധുരമിതിപവനസുതനവരൊടുരചെയ്താശു



Digitized By Kerala Sahitya Akademi

മാതാവിനേയുംവണങ്ങിമോദത്തോടും
രഘുതിലകസുതരെന്നിജഗളമതിലെടുത്താശു
രാമസമീപത്തു കൊണ്ടുചെന്നീടിനാൻ
തദനുരഘുതിലകനഥസഹജരൊടുമോഹവും
തീൎന്നുവസിപ്പതുകണ്ടുവാതാത്മജൻ
കുശലവരെരഘുവൃഷഭസവിധഭുവിവെച്ചുടൻ
കൂപ്പിത്തൊഴുതുനമസ്കരിച്ചാദരാൽ
തനയരുടെകഥകളതുസകലമറിയിച്ചുടൻ
തിങ്ങിനഭക്ത്യാതൊഴുതുനിന്നീടിനാൻ
കുശലവരുമതുപൊഴുതുരഘുവരപദാംബുജം
കുമ്പിട്ടുവീണുനമസ്കരിച്ചീടിനാർ
അതിനിശിതശരനിരകളുടലിലുടനേൽക്കയാ
ലത്യന്തപീഡയുണ്ടെന്നാകിലും
തനയരുടെമുഖകമലമൊളിവിനൊടുകാൺകയാൽ
താനറിയാതെയെഴുന്നീറ്റുരാമനും
കഴുകിനൊരുനയനജലസഹിതഃ ഥബാലരെ
കന്നിച്ചുതന്നെമുറുകിത്തഴുകിനാൻ
അതിജവമൊടിരുവരെയുമതിസുഖമെടുത്തുട
നത്യന്തമോദാൽമടിയിലിരുത്തിനാൻ
കരുണയൊടുമവരുടെയവദനസരസീരുഹം
കണ്ണിമച്ചീടാതെനോക്കിയിരുന്നുടൻ
സദയമവരുടെശിരസിസുഖമൊടഭിഷേകവും
സന്തോഷജാശ്രുക്കൾകൊണ്ടുചെതീടിനാൻ
തദനുകുശലവരുമതികുതുകമൊടുതാതനെ

Digitized By Kerala Sahitya Akademi

തങ്ങളറിയാതെനോക്കിയിരുന്നപോയ്
പുനരപിചരഘുതിലകനവരൊടുരചെയ്തിതു
പൂൎണ്ണമനോരഥനായ്ചമഞ്ഞേനഹം
അയിതനയതവവദനകമലമിഹകാണ്മതി
ന്നാഗ്രഹിച്ചെത്രനാളുണ്ടുവാഴുന്നുഞാൻ
ഇതുപൊഴുതുവിധിയുടയകരുണയുളവാകയാ
ലിന്നതിന്നുള്ളൊരുസംഗതിവന്നതെ
സുകൃതമിതിലധികമിഹനഹിനഹിനിനക്കിലൊ
സൂൎയ്യവംശത്തിന്നുവൃദ്ധിയുംവന്നതെ
അതിലുമിഹതവസമരപടുതയതുകാൺകയാ
ലാനന്ദമെന്തുചൊല്ലാവതെൻമാനസെ
പരഗതിയുമിഹസുഖവുമഖിലമപിവന്നുമെ
പാൎത്താൽമഹാഭാഗ്യശാലിയായ്വന്നുഞാൻ
സരസമിതിജനകനുടെവചനമതുകേൾക്കയാൽ
സാദരംവന്ദിച്ചുചൊന്നാൻകുമാരനും
അയിജനകതവചരണകമലയുഗമല്ലാതൊ
രാശ്രയംഞങ്ങൾക്കുമററില്ലപാൎക്കിലൊ
പരുഷതരവചനമിഹപലതുമുരചെയ്തതും
പാപിയായൊരുഞാനസ്ത്രങ്ങളെയ്തതും
ചപലതകൾപലതുമിവകിമപിയറിയാതെഞാൻ
ചെയ്തവയെല്ലാംപൊറുത്തുകൊള്ളേണമെ
സുതരുടയചപലതകൾജനകജനനീജനം
സൎവ്വവുംവാത്സല്യമുണ്ടായ്പൊറുക്കുമെ
മമതയൊടുനിജസുതരെമനസികൃപയാഭവാൻ

Digitized By Kerala Sahitya Akademi

മന്ദതാകൈക്കൊണ്ടുനിന്നതുംനിർണ്ണയം
അസുരസുരരജനിചരവരരുമൊരുമിക്കിലും
അലേന്ദുശേഖരൻതന്നെവരികിലും
സമരമതിലരിയിജനകതനയനഗോചരെ
സംശയമില്ലിന്നുനിൽക്കയില്ലാരുമെ
കുശികമുനിവരനുടയമഖവിഹതിചെയ്കയാൽ
ക്രൂരരാംരാക്ഷസന്മാരെവധിച്ചതും
പരിചിനൊടുകുശികമുനിവരനുമൊരുമിച്ചുപോയ്
പാരാതഹല്യയ്ക്കുമോക്ഷംകൊടുത്തതും
ത്രിപുരഹരനുടയധനുരതിജവമൊടിച്ചതും
തോഷേണവൈദേഹിതന്നെലഭിച്ചതും
തദനുപഥിഭൃഗുപതിയെവിരവൊടുജയിച്ചതും
താതവചനേനകാനനംപുക്കതും
സകലമുനിവരരൊടധരജനിചരവീരരെ
സംഹരിച്ചീടുവാൻസത്യംകഴിച്ചതും
വിപിനഭുവിമരുവിനൊരുരജനിചരികാരണം
വന്നഖരാദിയെക്കൊന്നുമുടിച്ചതും
മരണമതുദശമുഖനുവരുവതിനുഹേതുവായ്
മാനായമാരീചനെക്കൊലചെയ്തതും
കപടമൊടുദശവദനനഥജനകപുത്രിയെ
കൊണ്ടുഗമിച്ചതുകൊണ്ടുകുപിതനായ്
സകലദിശിജനകജയെവിരവൊടുതിരഞ്ഞുടൻ
സുഗ്രീവനെക്കണ്ടുസഖ്യംകഴിച്ചതും
കുടിലതകലർപ്പേരുകിനൊരുകപിവരനേയുംകൊന്നു

Digitized By Kerala Sahitya Akademi

കിഷ്കിന്ധസുഗ്രീവനാശുകൊടുത്തതും
മഹിതഭുജബലമുടയപവനസുതവാക്കിനാൽ
മൈഥിലിവൃത്താന്തമെല്ലാമറിഞ്ഞുടൻ
സകലകപികുലമൊടഥസഹജനൊടുകൂടവെ
സാഗരതീരത്തുചെന്നുവസിച്ചതും
അതിജളതപെരുകിനൊരുജലധിയുടെഗർവ്വു
മാഗ്നേയസായകംകൊണ്ടുകളഞ്ഞതും
വിരവിനൊടുവിശദമതിസഭയമഭയാർത്ഥിയായ്
വന്നവിഭീഷണൻതന്നെരക്ഷിച്ചതും
വിവിധതരതരുനികരശിഖരിശിഖരങ്ങളാൽ
വിശൈപകമൃദ്യമാംസേതുബന്ധിച്ചതും
രഥതുരഗബലസഹജതനയസചിവാന്വിതം
രാവണന്തന്നെരണഭുവികൊന്നതും
ജനസദസിവിഗതഭയമഥദഹനശുദ്ധയാം
ജാനകീതന്നെയുംകൊണ്ടിങ്ങുപോന്നതും
ഇവപലതുമിനിയുമിഹതവചരിതമൊക്കയും
ഇത്രിലോകത്തിങ്കലാർക്കുചൊല്ലാവതും
നിഖിലജഗദധിപതവകഥകൾമുനിവര്യനാൽ
നിശ്ചിതമായതുകേൾക്കയാൽഞങ്ങളും
നളിനഭവഭവവിനതപാദകമലനായൊരു
നാരായണൻഭവാനെന്നറിഞ്ഞീടിനേൻ
പലപൊഴുതവചരണകമലയുഗസേവകൾ
പൂർവ്വജന്മങ്ങളിൽചെയ്തതുകാരണം
പരിചിനൊടുതവതനയപദവിയെലഭിച്ചതും

Digitized By Kerala Sahitya Akademi

പുണ്യവാന്മാരായഞങ്ങൾക്കനിര്ണ്ണയം
ഇതിലധികമൊരുസുഖവുമൊരുസുകൃതവുംപാക്കി
ലിന്നെന്തുഞങ്ങൾക്കമേലിൽവരേണ്ടതും
ഇരവുപകൽതവ ചരണപരിചരണമൊട്ടട
നിച്ഛാനുകൂലംസുഖിച്ചുവസിപ്പതും
പുനരപിചജനിമൃതികളൊഴിവതിനുമിന്നിനി
പ്പാരാതെനന്നായനുഗ്രഹിക്കേണമെ
രഘുവരനൊടിതിസരസമവരുമുരചെയ്താശു
രാമപാദാബ്ജംനമസ്കരിച്ചാദരാൽ
അഥ ജനകസചജരെയുമതിമഹിതഭക്തിയോ
ടന്തികെചെന്നുനമസ്കരിച്ചീടിനാർ
മുദിതതരമതികളവ രഘുവരകുമാരരെ
മുവ്വരുമൊന്നിച്ചെട്ടത്തുതഴുകിനാർ
മുനിവരനുമതുപൊഴുതുരഘുതിലകസന്നിധൌ
മോദേനസീതയെക്കൊണ്ടുചെന്നീടിനാൻ
തദനുരഘുതിലകനഥസഹജരൊട്ടമൊന്നിച്ചു
താപസശ്രേഷ്ഠനെത്താണുവണങ്ങിനാൻ
നയനജലസഹിതമഥമുനിവരനുമാദരാൽ
നന്നായ്പുണർന്നനുഗ്രഹിച്ചീടിനാൻ
അതുപൊഴുതുമുനിവരനെരഘുതിലകനാദരാ
ലത്യന്തഭക്ത്യാതൊഴുതുചൊല്ലീടിനാൻ
സകലമുനിതിലകജയജയജയകൃപാനിധേ
സന്താപനാശനനിന്നുടെദർശനം
വനദഹനനുടെനടുവിൽമരുവിനമൃഗങ്ങൾക്ക

Digitized By Kerala Sahitya Akademi

ർഷമുണ്ടായതുപോലെയായ്‌വന്നതെ
പരവശതപെരുകിനൊരുജനകസുതയേഭവാൻ
പാരാതെകൊണ്ടുപോയ്പാലനംചെയ്തതും
മമതനയരിവരെഹൃദിവിരവൊടുഗ്ഗുണജ്ഞരായ്
മത്തുല്യവിക്രമന്മാരായ്ചമച്ചതും
സകലമപിമമസുകൃതമതിനുനഹിസംശയം
സർവ്വാപരാധംക്ഷമിച്ചുകൊള്ളേണമേ
തവചരണകമലയുഗമഴകിനൊടുകാൺകയാൽ
താപമകന്നുജനനംസഫലമായ്
തപസിബഹുനിയമമൊടുമരുവുമൊരുനിങ്ങളും
ത്രൈലോക്യവേദികളാകുമലംഭവാൻ
പുനരപിചതവമനസികരുണയൊടുകൃത്യങ്ങൾ
പാരാതെചിന്തിച്ചങ്ങുചെയ്തീടണം
തവവചനമഖിലമപിസപദികരവാണിഞാൻ
താപസരല്ലോനരന്മാർക്കുദൈവതം
കുതുകമൊടുരഘുതിലകവചനമിതികേൾക്കയാൽ
ക്കൂറൊടുമാമുനിശ്രേഷ്ഠനുംചൊല്ലിനാൻ
ദശവദനമഥനജയജയജയജയജഗല്പതേ
ദേവദേവപ്രഭോപാഹിമാംപാഹിമാം
നളിനശരരിപുകമലഭവമുഖസുരാർച്ചിതൻ
നാരായണനായദേവനല്ലോഭവാൻ
വിബുധജനവിമതവരദശമുഖവധാർത്ഥമായ്
വിണ്ണവരർത്ഥിക്കകാരണംഭൂതലെ
സപദിനിജകലകളൊടുദശരഥതനൂജനായ്

Digitized By Kerala Sahitya Akademi

സ്ലൂഷ്മകലത്തിങ്കൽവന്നുപിറന്നതും
സഹജസുതസചിവരൊടുസപദിദശകണ്ഠനെ
സാദരവുംചെയ്തുലോകരക്ഷാൎത്ഥമായ്
കമലമുഖിജനകജയെവനഭുവിവെടിഞ്ഞതിൻ
കാരണമെന്തെന്നറിഞ്ഞതില്ലേതുമെ
തവഹൃദയമറിവതിനുസകലമറിയുന്നോരു
താപസന്മാൎക്കുമെളുതല്ലനിൎണ്ണയം
സകലമുനികമലഭവമുഖവിബുധസേവ്യനാം
സച്ചിദാനന്ദസ്വരൂപനല്ലോഭവാൻ
തപസിബഹുനിയമമൊടുമുനിവരർവസിപ്പതും
താവകമാംപദമാഗ്രഹിച്ചല്ലയൊ
സകലജഗദചരചരസഹിതമഖിമായയാ
സൃഷ്ടിച്ചുരക്ഷിച്ചുസംഹരിക്കുന്നതും
നൃഹരികിടിഝഷകമഠവടുഭൃഗുസനാദിയാം
നാനാവതാരങ്ങൾചെയ്തുജഗത്രയം
പലപൊഴുതുദിതിജകുടെകുലമതുമുടിച്ചുടൻ
പാലനംചെയ്തതുംനാഥഭവാനെല്ലൊ
ഇനിയുമിവതവമഹിമസകലമുരചെയ്യതി
ന്നീശപരന്മാൎക്കുമെളുതല്ലപാൎക്കിലൊ
മമദുരിതമഖിലമപിവിരവൊടുകളഞ്ഞുടൻ
മായാഭ്രമംതീൎത്തുകാത്തുകൊള്ളേണമെ
മനസിതവകരുണയൊടുജഗദവനകാരണം
മാനുഷഭാവംവഹിച്ചുവസിക്കയാൽ
സകലജഗദധിപതവഹൃദയമറിയാതെഞാൻ

Digitized By Kerala Sahitya Akademi

സത്യമായൊന്നുരചെയ്യുന്നുകേട്ടാലും
ജഗതികുലതരുണികളിലനുപമസുശീലയാം
ജാനകീദേവിക്കുദോഷമില്ലേതുമേ
ഇരവുപകൽതവചരണകമലയുഗവുംനിന
ച്ചിത്രനാളുംമൽസമീപെവസിച്ചതെ
ഇവളുടയഗുണഗണവുമമിതമതിശുദ്ധിയും
ഈശ്വരഭക്തിയുംധൎമ്മകൎമ്മങ്ങളും
ശമദമവുമതികൃപയുമനുപമിതസത്യവും
ശാശ്വതമായപാതിവ്രത്യനിഷ്ഠയും
ഇവപലതുമിനിയുമിവൾഗുണഗണമുരപ്പതി
ന്നിത്രിലോകത്തിങ്കലാരുമുണ്ടായ്വരാ
ഇവളിലൊരുദുരിതമതുകിമപിനഹിനിൎണ്ണയം
ഇന്നുസമാധികൊണ്ടൊക്കെയറിഞ്ഞുഞാൻ
ഇവളിലിനിമനസിതവകരുണയുളവാകണം
ഇന്നിവൾതന്നെപരിഗ്രഹിക്കേണമേ
തവതനയരിവരുടയഗുണഗണമതോൎക്കിലോ
ത്വത്സമന്മാരെന്നുതന്നെപറഞ്ഞിടാം
തനയരൊടുമിഹജനകസുതയുമൊരുമിച്ചിനി
താമസിക്കാതെഗമിക്കപുരമതിൽ
സരസിരുഹനയനതവപുനരരുതുസംശയം
സത്യംമയോദിതംസത്യംമയോദിതം
മമവചനമഖിലമപിവിരവിനൊടുചെയ്കനീ
മാനവവീരഭവിക്കതേമംഗലം
മുനിതിലകനിതിപറയുമളവിലഥവാസവ



Digitized By Kerala Sahitya Akademi

മുഖ്യരാം ദേവകൾ തത്ര ചെന്നീടിനാർ
രഘുവരനുമഥ സഹജസുതരൊടുവണങ്ങിനാൻ
രാമനോടപ്പോളരുൾചെയ്തു വാസവൻ
ദശവദനമഥനശൃണുജനകനൃപപുത്രിക്കു
ദോഷമില്ലേതും പരിഗ്രഹിച്ചീടുക
തവജനകനൃപതിയുടെവചനമതുകാരണം
താവകസന്നിധൌവന്നതുഞാനെടൊ
സകലനൃപകുലതിലകതവമനസിവാഞ്ഛിതം
സർവ്വവും നൽകുവൻ വേണ്ടതു ചൊല്ലുക
വിബുധവരവചനമതികുതുകമൊടുകേൾക്കയാൽ
വന്ദിച്ചു രാമനുമിത്തരം ചൊല്ലിനാൻ
വിബുധവരജയസകലദിതിജകുലനാശന
വിശ്വൈകവന്ദിതകാരുണ്യവാരിധേ
തവമനസിമയികിമപികരുണയുളവാകയാൽ
താപങ്ങളെല്ലാമകന്നു മന്മാനസെ
മമസുതരൊടെതിർപൊരുതുമരണമതുവന്നവർ
മാനിച്ചു ജീവിക്കവേണമെല്ലാവരും
അതിനുഹൃദികരുണയൊടുവരമരുളുകാദരാ
ലാഗ്രഹം മാറിനിക്കില്ലാദയാനിധേ
അതുപൊഴുതുകുലിശധരനടലിൽമൃതരായവ
ർക്കൊക്കവെ ജീവനുമത്യന്തൽകീടിനാൻ
അതുസമയമവരുമഥചിരവൊടെഴുന്നീറ്റുനി
ന്നാശു രഘുവരന്തന്നെവണങ്ങിനാർ
അതികുതുകമൊടുമഖിലജനവുമതുകാൺകയാ

Digitized By Kerala Sahitya Akademi

ലാശ്ചൎയ്യമാശ്ചൎയ്യമെന്നു ചൊല്ലീടിനാർ
വിബുധപരിവൃഢന്മഥരഘുവരനെമാനിച്ചു
വിണ്ണവരൊട്ടംമറഞ്ഞോരനന്തരം
ജലജമുഖിജനകസുതയരികിലഥനിൽപ്പതും
ജാതമോദത്തോടുകണ്ടുരഘുവരൻ
അവളുടെയമുഖകമലമഴകിനൊടുപാൎത്തുപാൎത്താ
നന്ദവാരിധിതന്നിൽനിമഗ്നനായ്
അതിസുഖവുമതികരുണയതുമധികലജ്ജയും
അത്യന്തദുഃഖവുംകൈക്കൊണ്ടുതൽക്ഷണേ
കമലമുഖിജനകജയെനയനയുഗളങ്ങളാൽ
കൊൾമയിർക്കൊണ്ടുമുറുകത്തഴുകിനാൻ
നിജരമണമുഖകമലമരികിലഥകാൺകയാൽ
നീലാരവിന്ദാക്ഷിയായവൈദേഹിയും
സുഖജനിതനയനജലസഹിതമഥകാന്തനെ
സാദരംപാൎത്തു പാൎത്താനന്ദമത്തയായ്
ചപലതകൾനിജമനസിവിരവൊടുമറച്ചുടൻ
ചിത്രാൎപ്പിതംപോലെനിന്നിതുനിശ്ചലം
അവരുടയപരവശതസകലമപികാൺകയാ
ലത്യന്തമോദേനചൊന്നാൻമുനീന്ദ്രനും
രജനിചരവനദഹനരഘുവരമഹാമതേ
രാമചന്ദ്രപ്രഭൊകാരുണ്യവാരിധേ
തനയരൊടുജനകനൃപസുതയുമൊരുമിച്ചിനി
താമസംകൂടാതെപോകവേണംഭവാൻ
സകലരിപുജയവുമതിവിശദതരകീൎത്തിയും

Digitized By Kerala Sahitya Akademi

സംഭവിച്ചീടുംഭവത്തതെമംഗലം
അതികരുണയോടുമുനിയുമിതിബതപറഞ്ഞുട
നാശുകുശലവന്മാരെയുംസാദരം
അതികൃപയൊടതിമധുരസരസവചനങ്ങളാ
ലാശ്വസിപ്പിച്ചാശുവൈദേഹിതന്നെയും
അവരുടെയവിരഹമത്തമനസിസഹിയായ്കയാ
ലത്യന്തതാപേനതാപസശ്രേഷ്ഠനും
ഇടയിടയിലവരുടെയമുഖകമലവുംമറി
ഞ്ഞീക്ഷണംചെയ്തുചെയ്തങ്ങുപോകുംവിധൌ
അവരുമഥജനകമുനിവിരഹപരിതപ്തമാ
യത്യന്തശോകേനപിന്നാലെചെന്നുടൻ
മുനിതിലകചരണയുഗമഴകിനൊടുചേൎത്തുടൻ
മോദമോടാശുരഘുകുലനാഥനും
നിജസഹജസചിവരഥകരിതുരഗജാലവും
നീളെപ്പരന്നോരുകാലാൾപ്പടയോടും
അമലതരകമലമുഖിജനകസുതതന്നോടും
അത്യന്തവീരരാംനന്ദനന്മാരൊടും
പടപടഹനിനദമോടുരഘുവരനനാകുലം
പാരാതയോദ്ധ്യക്കയാത്രപുറപ്പെട്ടു
പഥിസകലനൃപഗണവുമഖിലമുനിവൃന്ദവും
പൌരജനങ്ങളുംനാരീജനങ്ങളും
മതിയിലതികുതുകമൊടുരഘുവരസുതന്മാൎക്കു
മാനിച്ചുകാഴ്ചയുംവെച്ചുകണ്ടീടിനാർ
അഖിലജനസഹിതനഥരഘുവരനനാകുല

Digitized By Kerala Sahitya Akademi

മമ്പോടയോദ്ധ്യയിൽചെന്നപുക്കിടിനാൻ
സകലമിതുരഘുതിലകതനയരുടെവാൎത്തകൾ
സുന്ദരിമാരെചുരുക്കിഞ്ഞാൻചൊല്ലിനേൻ
കഥകളിതുതരുണിജനമഖിലമപികേൾക്കിലോ
കാമസമനായകാന്തനുണ്ടായ്വരും
സകലഗുണഗണമുടയസുതനുമുളവാസ്സരും
സൌഭാഗ്യവുംധനസമ്പത്തിയുംവരും
പുരുഷജനമിതുസകലമഴകിനൊടുകേൾക്കിലോ
പൂൎണ്ണമനോരഥന്മാരായ്സരുംദ്രഢം
അഖിലനരയുവതികളുമഘമഖിലവുംനശി
ച്ചന്ത്യകാലെവിഷ്ണുലോകംഗമിച്ചിടും
രജനിചരവനദഹനജയജയജഗല്പതേ
രാമചന്ദ്രപ്രഭോപാഹിമാംപാഹിമാം
ഭവഭയവുമഖിലമപിദുരിതവുമൊഴിച്ചുമാം
ഭക്തപരായണകാത്തുകൊള്ളേണമേ ;
ജനിമൃതികളൊഴിവതിനുമനുജജനമൊക്കയും
ജാനകീനാഥനെസേവിച്ചുകൊള്ളുവാൻ
കിളിമകളുമതിസരസമവരൊടുരചെയ്തുടൻ
ക്രീഡിച്ചുമന്ദംപറന്നുപോയീടിനാൾ

ശുഭമസ്തു

ഇത്യുത്തരരാമായണെകുശലവോപാഖ്യാന
ശ്രീവാല്മീകിഋഷയേനമഃ ശ്രീരാമായ

മറിമാൻകണ്ണികൾക്കൈ
മറിവാനിതുഭാഷമ

Digitized By Kerala Sahitya Akademi

പൂറയന്നുരുവിപ്രേന്ദ്രൻ
കുറവില്ലാതെതീൎത്തത ॥
എല്ലാക്കുംരോഗജാതംകനിവൊടുസഹസാ
തീൎത്തുരക്ഷിക്കുമല്ലൊ
ചൊല്ലാമോനിൻകൃപാവൈഭവമവനിതലേ
മാരുതാഗാരനാഥ!
ഉല്ലാസംപൂണ്ടുമിന്നുംകനകമയകിരീ
ടാദിപാദാന്തമുള്ളിൽ
തോന്നേണംമെമുരാരേസതതമഖിലരോ
ഗോപശാന്ത്യൈതൊഴുന്നേൻ ॥
പാലോനിൻതിരുമേനിഭസ്മനിറമോ
വെണ്മുത്തുസാദൃശ്യമോ
മല്ലപ്പൂമലരോതെളിഞ്ഞരസമോ
എന്തെന്നറിഞ്ഞീലഞാൻ
ശംഖോചന്ദ്രനെവെന്നതുമ്പമലരോ
ചേമന്തിയോവെള്ളിയോ
ചിത്തേഞാനളവിട്ടതില്ലശിവനേ
ചെല്ലൂരുമാവല്ലഭ!
തൃക്കണ്ണോട്ടമതംമുകുന്ദഹരയോ
സ്തൃക്കാൽതൊഴുന്നോൎക്കടൻ
വന്നുഭവിക്കുമെന്നിഹഗുരോ
ക്ത്യനകേൾപ്പൂണ്ടുഞാൻ
ന്നുകയറി

Digitized By Kerala Sahitya Akademi